# ടെലിവിഷൻ

## ഇസ്‌ലാമിക വിധിയും പണ്ഡിതൻമാരുടെ പ്രസ്ഥാവനകളും

ശേഖരണം ക്രമീകരണം:

**അബൂ അബ്ദുല്ലാഹ് അൽ ആജിരിയ്യ്**



WWW.KITHABUTHOUHEED.COM

# ടെലിവിഷനും വീഡിയോ ചിത്രങ്ങളും

## ഇസ്‌ലാമിക വിധിയും പണ്ഡിതന്മാരുടെ പ്രസ്ഥാവനകളും

ടെലിവിഷന്റേയും വീഡിയോചിത്രങ്ങളുടേയും

ഇസ്‌ലാമിക വിധിയും, ദൃശ്യോപകരണങ്ങളിൽ

പ്രബോധകർ പ്രത്യക്ഷപ്പെടുന്നതിന്റെ വിധിയും,

അനുവദനീയമെന്ന വാദക്കാരുണ്ടാക്കിയ ആശയക്കുഴപ്പങ്ങൾക്ക്

മറുപടിയും സംബന്ധിച്ച പണ്ഡിതന്മാരുടെ പ്രസ്ഥാവനകൾ.


<u>ശേഖരണം ക്രമീകരണം:</u>

**അബൂ അബ്ദുല്ലാഹ് അൽ ആജിരിയ്യ്**



WWW.Kit habut houheed.COM

# മുഖവുര

ഏകനും നിസ്തൂലനുമായ അല്ലാഹുവിനാണ് സർവ്വസ്തുതിയും. അവൻ നിരാശ്രയനും നീതിമാനുമാണ്. അവനാണ് ക്ഷമയുടെയും സഹനതയുടേയും ദാതാവ്. അവന്റെ പ്രതാപത്തിനും അധികാര മഹത്വത്തിനും അർഹിക്കുന്ന വിധം അത്യധികം ഞാനവനെ സ്തുതിക്കുന്നു.

ഗൗരവമേറിയ ഈ വിഷയത്തിൽ വിലപ്പെട്ട ഗ്രന്ഥങ്ങളിലും കാസറ്റുകളിലും ചിതറിക്കിടന്ന പണ്ഡിത വചനങ്ങളുടെ ശേഖരണമാണിത്. വീഡിയോ ചിത്രമെടുക്കുന്നതിന്റെ വിധിയും ടെലിവിഷൻ സംബന്ധമായുള്ള ഫത്വകളും അതിൽ പ്രബോധകരും പണ്ഡിതരും പ്രത്യക്ഷപ്പെടുന്ന പ്രശ്നങ്ങളും ഞാൻ വേർതിരിച്ചെടുത്തു. ശേഷം അവയുടെ ആശയങ്ങൾക്ക് ഹദീസുകളും ആയത്തുകളുമായുള്ള ബന്ധം ഞാൻ പരിശോധിച്ചു. ഫത്വകളിലെ വാചകഘടനകളുടെ ആശയവൈപുല്യം ചോർന്ന് പോകാതെ തന്നെയാണ് ഞാനിത് നിർവഹിച്ചിട്ടുള്ളത്.

ഈ എളിയ പരിശ്രമത്തിന് ഞാൻ ‘അൽ ഇബ്റാസ് ലി അഖ്വാലി അൽ ഉലമാഇ ഫീ ഹുകുമി അത്തെലിഫാസ് ’ എന്ന പേര് നൽകി ഈ ഫത്വകൾക്കും വിഷയങ്ങൾക്കും അവയുമായി ബന്ധപ്പെട്ട തലക്കെട്ടുകളും ഞാൻ നൽകിയിട്ടുണ്ട്. ഇതും ഫോട്ടോ നിർമ്മാണവും നിരവധി തലങ്ങളിൽ ശാഖോപശാഖകളായി നിലകൊള്ളുന്ന ആഴമേറിയ വിഷയമാണെങ്കിലും ആ ശാഖകളിൽ നിന്നും ഈ രചനയിലും ശേഖരണത്തിലും ഒന്ന് മാത്രം തിരഞ്ഞെടുക്കുന്നതിന് പ്രേരകമായത് ഈ വിഷയത്തിൽ പൊതുജനങ്ങളിൽ ഗുരുതര അജ്ഞത വ്യാപകമായി കണ്ടത് കൊണ്ടാണ്. മാത്രമല്ല വിവേകമതികളെ അലട്ടുന്നവിധം പണ്ഡിതന്മാരിൽ നുണ ആരോപിക്കപ്പെടുന്നുമുണ്ട്. ഇൽമിലേക്ക് ചേർക്കപ്പെടുന്ന ചില ആളുകളിൽ നിന്ന് വരെ അത് സംഭവിക്കുന്നു.

അലി رضي الله عنه പറഞ്ഞു- ഓ ഇബ്നുസിയാദ്, ഹൃദയങ്ങൾ പാത്രങ്ങളാണ്. ഏറ്റവും നല്ല പാത്രം ഏറ്റവും കൂടുതൽ സംഭരിച്ച് വെച്ചവയാണ്. ഞാൻ പറയുന്നത് നീ മന:പാഠമാക്കുക: ജനം മൂന്ന് തരമാണ്

* അഗാത പാണ്ഡിത്യമുള്ളവർ
* വിജയമാർഗ്ഗത്തിലുള്ള വിദ്യാർത്ഥി
* വിവേകമില്ലാത്ത അപരിഷ്കൃത ജനത.

ഒന്ന് മൂളിയാൽ അവർ അതിനെ പിന്തുടരുന്നു. കാറ്റുള്ളിടത്തേയ്ക്കെല്ലാം ചായുകയും വിജ്ഞാനത്തിന്റെ പ്രകാശത്തിൽ തിളങ്ങാത്തവരുമാണവർ. സുദൃഢമായ ഒരടിസ്ഥാനത്തിൽ അവർ നിലകൊള്ളുകയില്ല.[1]

ശൈഖ് അൽബാനി റഹിമഹുല്ലാഹ് പണ്ഡിതരും പ്രബോധകരും ടെലിവിഷനിൽ പ്രത്യക്ഷപ്പെടുന്നത് അനുവദിച്ചുവെന്നും ശൈഖ് ഇബ്നുബാസ് വീഡിയോ ഉപയോഗിച്ചു കൊണ്ടുള്ള വിദ്യാഭ്യാസം അനുവദിച്ച പണ്ഡിതനാണെന്നുമുള്ള ആരോപണവും പ്രചരണവും ഇത്തരക്കാരുടെ നുണകളാണ്.

ഇത് പോലുള്ള അസത്യങ്ങൾ ഒന്നുകിൽ അജ്ഞതയുടെ ഫലം. അല്ലെങ്കിൽ പണ്ഡിതന്മാരുടെ വാക്കുകളിലെ ഉദ്ദേശമെന്തെന്ന് വേണ്ടവിധം ഗ്രഹിക്കാത്തത് മൂലം അല്ലെങ്കിൽ അഭീഷ്ടം പിൻപറ്റുന്നതിന്റേയും അന്ധമായ അനുകരണത്തിന്റെയും പേരിൽ സംഭവിക്കുന്നത്. ഇവയിലൊക്കെ വാക്കുകളിൽ തിരിമറിയും പൊതുജനത്തെ തെറ്റിദ്ധരിപ്പിക്കലും നടന്നിട്ടുണ്ട്. അതിനാൽ വ്യക്തമായ വിവരണവും വിശദീകരണവും അനിവാര്യമാണ്. ആ ആശയക്കുഴപ്പങ്ങൾക്കുള്ള ഖണ്ഡനം മാന്യ വായനക്കാർക്ക് ഇതിന്റെ പേജുകളിലൂടെ കടന്ന് പോകുന്നതിനിടയിൽ മനസ്സിലാകുന്നതാണ്.

അൽബാനി (റഹിമഹുല്ലാഹ്)ക്ക് അധികവും ശാമിന്റെ ഭാഷാശൈലിയാണെങ്കിലും പണ്ഡിതരുടെ വചനങ്ങൾ അതേപടി തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അർത്ഥത്തിന് ഭംഗം വരാത്ത കപടരഹിതമായ ചില ഭേദഗതികൾ വരുത്തിയിട്ടുള്ളത് ഇതിൽ നിന്നും ഒഴിവാണ്.

ആവർത്തനം ഒഴിവാക്കാൻ വേണ്ടി ചില ചില ഭാഗങ്ങൾ ഞാൻ ഒഴിവാക്കിയിട്ടുണ്ട്, പ്രത്യേകിച്ച് ഒരു പണ്ഡിതന്റെ ഒന്നിലധികം ഫത്‌വകൾ ഉദ്ധരിക്കപ്പെടുന്ന സന്ദർഭത്തിൽ.

ഉണർത്തേണ്ട പ്രസ്താവ്യയോഗ്യമായ കാര്യം, ജനങ്ങളധികവും (എന്നല്ല, വിദ്യാർത്ഥികൾ) ഈ ഗ്രന്ഥം മുഖേന നാം ഈ പ്രശ്നത്തെ ഇജ്മാഇന്റെ മസ്അലയാക്കി സ്ഥാപിച്ചിരിക്കുന്നുവെന്നും; അനുവദനീയമെന്ന് ഫത്‌വ നൽകിയവരെ ആക്ഷേപിക്കുന്നതിൽ നാം അതിര് കടന്നുവെന്നും ചിലപ്പോൾ ചിന്തിക്കാനിടയുണ്ട്.

എനിക്ക് പറയാനുള്ളത്:- ഹഖ് എത്തിച്ച് കൊടുക്കുന്നതിന് നിന്ന് മൗനം ദീക്ഷിച്ച് കൊണ്ട് പ്രബോധകന് വിഴുങ്ങുവാൻ ഇത്, സുന്നത്തോ, ബിദ്അത്തോ, വെറുക്കേണ്ടതോ, സ്വീകരിക്കേണ്ടതോ, എന്ന കേവലം ഏതെങ്കിലുമൊരു വിഷയത്തിലുള്ള അഭിപ്രായ വ്യത്യസമല്ല ഇത്.[2]

---

(١) بواسطة كتاب التحذير من فتنة التصوير للديلمي.

(2) علم أصول البدع للحلبي ص١٩٢ الطبعة الثانية، دار الراية.

ഇമാം ശാത്വിബി പറഞ്ഞു ''പണ്ഡിതന്മാരുടെ അഭിപ്രായ വ്യത്യസങ്ങളെ മാത്രം ആശ്രയിച്ച്കൊണ്ട് ഒരു പ്രവർത്തി അനുവദനീയമാക്കുന്ന പ്രവണത മുൻകാലങ്ങളിലും പിൽക്കാലഘട്ടത്തിലും എല്ലാം സംഭവിച്ചിട്ടുണ്ട്. അഭിപ്രായവ്യത്യാസം ഉൾക്കൊണ്ടതിന്റെ പേരിലല്ല, മറിച്ച് അതിന് മറ്റൊരു വീക്ഷണമുണ്ട്. തടയപ്പെടണം എന്നായിരിക്കും ചിലപ്പോൾ ഒരു വിഷയത്തിൽ ഫത്'വ വന്നിട്ടുള്ളത്, അപ്പോൾ പറയപ്പെടും: തടയപ്പെട്ടിട്ടില്ല. മറ്റൊരു വിഷയത്തിലാണത് എന്ന രീതിയിൽ. അത് അഭിപ്രായ വ്യത്യസമുള്ള വിഷയമാണ്. അങ്ങനെ അതിൽ അഭിപ്രായ വ്യത്യാസം നിലനിൽക്കുന്നതിനെ പരിഗണിച്ച്കൊണ്ട് മാത്രം അതിനെ അനുവദനീയമാക്കാൻ അഭിപ്രായ വ്യത്യാസത്തെ പ്രമാണമാക്കുന്നു. അനുവദനീയമെന്ന് പറഞ്ഞവരുടെ അഭിപ്രായത്തെ സാധൂകരിക്കുന്നതിലേക്ക് അറിയിക്കപ്പെടുന്ന തെളിവുകളെ പരിഗണിച്ചുകൊണ്ടല്ല. തടയപ്പെടണമെന്ന് പറഞ്ഞവരെക്കാൾ ഇവർ (അനുവദിച്ച പണ്ഡിതന്മാർ) പരിഗണനയിൽ മുന്തിക്കേണ്ടവരായത് കൊണ്ടുമല്ല. അത് തന്നെയാണ് ശരീഅത്തിന് എതിരായ പിഴവിന്റെ മർമ്മം. പ്രമാണമല്ലാത്തതിനെ പ്രമാണമാക്കുക. ആശ്രയിക്കാൻ പാടില്ലാത്തതിനെ തെളിവിനായി ആശ്രയിക്കുക. തന്റെ താൽപര്യങ്ങളെ പിന്തുടരുവാൻ വേണ്ടി ഒഴിഞ്ഞുമാറുന്നവനാണ് ഈ അഭിപ്രായക്കാരൻ. അനുയോജ്യമായ അഭിപ്രായത്തെ പ്രമാണമാക്കുകയും അവന് എതിരായതിനെ മൊത്തത്തിൽ തള്ളിക്കളയുകയും ചെയ്യും. തന്റെ ജീവിതത്തിന്റെ സൂക്ഷമതയ്ക്കുള്ള മാർഗ്ഗമാക്കാതെ തന്റെ താൽപ്പര്യങ്ങൾ പിന്തുടരുന്നതിനുള്ള മാധ്യമമായി അതവൻ സ്വീകരിച്ചു. നിയമനിർമാതാവായ അല്ലാഹുവിന്റെ കൽപ്പന അനുസരിക്കുന്നതിനെക്കാൾ അതവന് വിദൂരമായിരുന്നിട്ടും സ്വന്തം ഇച്ഛകളെ ഇലാഹായി സ്വീകരിക്കുന്നതിനെക്കാൾ (റബ്ബിന്റെ നിയമങ്ങൾ) അവന് എളുപ്പമായിരുന്നിട്ടും.''[2]

ശൈഖുൽ ഇസ്ലാം ''റഫ്ഉൽ മലാമി''ൽ പറഞ്ഞത് പോലെ; ഈ സമൂഹത്തിന്റെ യഥാർത്ഥ പണ്ഡിതരോട് നാം ക്ഷമാപണം നടത്തുകയാണ്, അവരുടെ സ്ഥാനവും യോഗ്യതയും നാം വിലമതിക്കുന്നു. ശൈഖുൽ അല്ലാമ അൽബാനി, ഇമാം മുഖ്ബിൽ, ഫൗസാൻ തുടങ്ങിയ ഇതിന്റെ പേജുകളിൽ പറയപ്പെട്ടിട്ടുള്ള ഹദീസ് പണ്ഡിതന്മാർ ഫോട്ടോ അനുവദനീയമാക്കിയവരുടെ അബദ്ധം ബോധ്യപ്പെടുത്തുവാൻ ചില സന്ദർഭങ്ങളിൽ അതിശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. തീർച്ചയായും അതവരുടെ ഉൾക്കാഴ്ച മൂലമായിരുന്നു. ഇമാം നവവി റഹിമഹുല്ലാഹ് യുടെ വാക്കുകൾ :-''..... ആ അഭിപ്രായക്കാരൻ പ്രമുഖരിൽപ്പെട്ട ആളായിരുന്നാലും, ആക്ഷേപിക്കുന്നതിൽ അമിതം കാണിച്ചത് കൊണ്ട് ഞാനുദ്ദേശിക്കുന്നത്, അത് മൂലം വഞ്ചനയിൽ പെടാതിരിക്കാനുള്ള

---

(٢) الموافقات (٤/ ١٤١) وقد صحح الحلبي لفظة (معتمدًا) بعد أن كانت (متعمدًا) في الأصل، المرجع السابق.

മുന്നറിയിപ്പായിക്കൊണ്ടാണ് ''.[1] മുസ്ലീംങ്ങൾ അവരുടെയിടയിൽ നിലനിൽക്കുന്ന അഭിപ്രായ വ്യത്യാസങ്ങൾക്ക് പരിഹാര മാർഗ്ഗമായി നിർബന്ധമായും സ്വീകരിക്കേണ്ട, മദ്ധ്യനിലപാടായി ഞാൻ കാണുന്നത്; തന്റെ അഭിപ്രായമില്ലാത്തവരെ ബിദഇകളെന്നോ പിഴച്ചവരെന്നോ പ്രഖ്യാപിക്കരുതെന്ന നിബന്ധന പാലിച്ച്കൊണ്ട്, ഖുർആനിനോടും സുന്നത്തിനോടും യോജിക്കുന്ന തങ്ങളുടെ അഭിപ്രായം അവരെല്ലാവരും വ്യക്തമാക്കട്ടെ. . കാരണം മുസ്ലീംകളുടെ ഐക്യവും അഭിപ്രായ ഏകീകരണവും ഉറപ്പ് വരുത്തുന്ന ഏക മാർഗ്ഗം അത് മാത്രമാണ്. അപ്പോൾ അടയാളം തേഞ്ഞുമാഞ്ഞ് പോകാതെ സത്യം വ്യക്തതയോടെ ശോഭിക്കും.''[2]

ഈ ഗ്രന്ഥം കൊണ്ട് നമുക്ക് പ്രയോജനമുണ്ടാകാനും വിചാരണദിനം ഇതിന്റെ ഫലം ലഭിക്കുന്നതിനും മഹത്തായ അർശിന്റെ ഉടമസ്ഥനും യുക്തിമാനും ഉന്നതനുമായ അല്ലാഹുവിനോട് യാചിക്കുന്നു. അല്ലാഹുവേ ഇതിന്റെ കൂലിയും പ്രതിഫലവും ഞങ്ങൾക്ക് നീ നൽകേണമേ. നന്മ അറിയിച്ച് കൊടുത്തവൻ അത് പ്രവർത്തിച്ചവനെ പോലെയാണ്.[3] അല്ലാഹുവേ നിന്റെ ദീനിനെ സഹായിക്കാനും ദീനനുസരിച്ച് അമൽ ചെയ്യാനും നിന്റെ നബിയെ ഇത്തിബാഅ് ചെയ്യാനും ഞങ്ങൾക്ക് തൗഫീഖ് ചെയ്യേണമേ! നമ്മുടെ യുവാക്കളും മുതിർന്നവരും കുട്ടികളും ഉണ്ടാക്കുന്ന ഫസാദുകളിൽ നിന്ന് നമ്മെ നീ രക്ഷിക്കേണമേ! ഞങ്ങളുടെ അവസാന പ്രാർത്ഥന, സർവ്വലോക സംരക്ഷകനായ അല്ലാഹുവിനാണ് സർവ്വസ്തുതിയും എന്നതാണ്.

---

(١) مقدمة المجموع شرح المهذب، د.ص.

(٢) صلاة التراويح للألباني ص٤٤، الطبعة الأولى، دار المعارف.

(٣) انظر تخريجه للألباني في الصحيحة ١٦٦٠.

# ബഹുമാനപ്പെട്ട ശൈഖുൽ അല്ലാമ
# മുഹമ്മദ് ഇബിനു ഇബ്റാഹീം റഹിമഹുല്ലാഹ്

## ഫിലിമുകൾ ഉപയോഗിച്ചുള്ള വിദ്യാഭ്യാസം പാടില്ല.
## അത് ആപൽഘട്ടത്തിലെ ആവശ്യത്തിൽപ്പെട്ടതല്ല.
## അത് നാടിന് ഒരു പ്രയോജനവും ഉണ്ടാക്കാത്ത അന്യരുടെ പ്രവർത്തനങ്ങൾ തഖ്ലീദ് ചെയ്യുന്നതിൽ പെടുന്നതുമാണ്.

### ഈ ഫത്ത്‌വക്ക് കാരണമായിത്തീർന്ന, രാജാവ് ശൈഖിന് എഴുതിയ കത്ത്:

ബിസ്മി, ഹംദ്, സലാത്ത് സലാമുകൾക്ക് ശേഷം. ബഹുമാന്യ ശൈഖ് മുഹമ്മദ് ഇബിനു ഇബ്റാഹീം (അല്ലാഹു അദ്ദേഹത്തിന് രക്ഷ ചൊരിയട്ടെ). താങ്കളുടെ സാന്നിദ്ധ്യം അല്ലാഹു നിലനിർത്തട്ടെ.

യോഗ്യതയുള്ള തപാൽ ജീവനക്കാരെ പരിശീലിപ്പിച്ചെടുക്കുന്നതിന് വേണ്ടി മകൻ (രാജാവ്) നമ്മുടെ മുമ്പിൽ അവതരിപ്പിച്ച വിഷയമാണിത്. രാജ്യം വിശാലമാവുകയും ജനസാന്ദ്രത വർദ്ധിക്കുകയും പൊതുജന നന്മയുടെ സംരക്ഷണം പ്രതിസന്ധിയിലാവുകയും ചെയ്ത സാഹചര്യത്തിൽ തപാൽ ഉരുപ്പടികളുടെ ക്രമീകരണം, അവ വീതിക്കൽ, അതിന്റെ ആളുകൾക്ക് സമയാസമയം എത്തിച്ച് കൊടുക്കുന്ന വിധം എന്നിവ ആധുനിക രീതിയിൽ പഠിപ്പിക്കൽ അനിവാര്യമായിരിക്കുകയാണ്. ഈ നാട്ടിലുള്ളവർക്ക് അത് സൗകര്യവുമാണ്. അവർക്ക് നേരിട്ട് കണ്ട് മനസ്സിലാക്കാൻ കഴിയുന്ന വിധം പഠനവിഷയങ്ങൾ സിനിമാരീതിയിൽ ഫിലിമിലൂടെ അവതരിപ്പിച്ചാൽ അവരുടെ ജോലികൾ ശരിയായ നിലയിൽ സ്വയം ഏറ്റെടുത്ത് ചെയ്യാൻ സഹായിക്കുന്ന തരത്തിലുള്ള ഒരു ക്ലാസിന്റെ പ്രയോജനം അവർക്കുണ്ടാകും. കാരണം പുറത്ത് നിന്നും അദ്ധ്യാപകരെ കൊണ്ടുവന്ന് വേണ്ട വിധം ക്ലാസ്സ് സംഘടിപ്പിക്കൽ സാദ്ധ്യമല്ല, അത് അങ്ങേയറ്റം ബുദ്ധിമുട്ടുള്ള കാര്യവുമാണ്. ഇത് അദ്ധ്യാപനം ആവശ്യമായ വിഷയങ്ങളിൽ ഒന്ന് മാത്രമാണ്. ആരോഗ്യം ശാസ്ത്രം എഞ്ചിനീയറിംഗ് ആയോധനകലകൾ ഇങ്ങനെ രാജ്യത്തിന് കടപ്പാടുള്ള വിദ്യാഭ്യാസ പരിശീലനങ്ങൾ അനിവാര്യമായ വേറെയും കുറെ വിഷയങ്ങളിവിടെയുണ്ട്. ചികിൽസ, എഞ്ചിനീയറിംഗ് മറ്റ്

ഇതര തൊഴിലുകൾ തുടങ്ങി രാജ്യം പ്രതിസന്ധി നേരിടുന്ന എല്ലാ കലാശാസ്ത്രവിജ്ഞാന ശാഖകളിലും സർവ്വകലാശാലകൾ ആരംഭിക്കേണ്ടതിന്റെ വാതിൽക്കലാണ് നാമിപ്പോഴുള്ളത്.

മൂന്നാലൊരു മാർഗ്ഗമാണ് നമുക്ക് മുന്നിലുള്ളത്.

ഒന്നുകിൽ നാം നിലവിലെ അവസ്ഥയിൽ തുടരുക. അത് രാജ്യത്തിനാവശ്യമാകുന്ന എല്ലാ കാര്യങ്ങൾക്കും അതിൽ പ്രാവീണ്യം നേടിയവരെ പുറത്ത് നിന്നും കൊണ്ട് വരുന്ന രീതിയാണ്. ഇപ്പോൾ നാം സ്വീകരിച്ചിട്ടുള്ള ഈ രീതി മൂലം അങ്ങേയറ്റം ശമ്പളം ആവശ്യപ്പെടുന്ന അന്യരാജ്യക്കാരെക്കൊണ്ട് നമ്മുടെ രാജ്യം നിറഞ്ഞ് കഴിഞ്ഞു. അവരെ നമുക്ക് ഒഴിവാക്കാൻ സാധിക്കാത്തവിധം അവരുടെ സേവനങ്ങൾക്ക് നാം അങ്ങേയറ്റം ആവശ്യക്കാരുമാണ്. രാജ്യത്തിന്റെ സമ്പത്തിൽ നിന്നും നിസ്സാരമല്ലാത്ത വലിയൊരു ഭാഗം അവർ വസൂലാക്കുന്നുണ്ട്. അവരിൽ വലിയൊരു വിഭാഗം ഇനിയും ദീർഘകാലം ഇവിടെ തങ്ങുകയാണെങ്കിൽ രാജ്യത്തിന് ഭാരമാകുന്നതാണ്.

രണ്ടാമത്തെ മാർഗ്ഗം:- സെക്കന്ററി ഹൈസ്ക്കൂൾ വിദ്യാഭ്യാസങ്ങൾ സ്വായത്തമാക്കാൻ നമ്മുടെ മക്കളെ പുറത്തേക്ക് അയയ്ക്കുന്നതിന് നാം നിർബന്ധിതരാവുക എന്നതാണ്. ഇത് നാടിന്റെ സന്തതികളുടെ സ്വഭാവം തകരാറിലാക്കുകയും, കുഴപ്പങ്ങളാണ് അതിന്റെ ഫലമായി ഉണ്ടാവുക എന്നതും നിങ്ങൾക്ക് അറിയുന്ന കാര്യമാണ്.

മൂന്നാമത്തെ മാർഗ്ഗം:- നമ്മുടെ സന്താനങ്ങൾ ഉന്നത പദവികളിൽ എത്തിച്ചേരുന്നതിന് സ്വദേശത്ത് തന്നെ പൂർണ്ണ വിദ്യാഭ്യാസം നൽകുന്ന ഉത്തരവാദിത്വം നാം ഏറ്റെടുക്കേണ്ടതാണ്. അതിന് ശേഷം അവർ നാടിന്റെ എല്ലാ ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കാത്താൻ പ്രാപ്തരാവുന്നതാണ്. സർവ്വകലാശാല വിദ്യാഭ്യാസം നമ്മുടെ രാജ്യത്ത് ആരംഭിച്ചാൽ വ്യക്തമായി വിദ്യാർത്ഥി മനസ്സുകൾക്ക് പരിചയപ്പെടുത്തിക്കൊടുക്കാൻ കഴിയുന്ന സകല വിദ്യാഭ്യാസ മാധ്യമങ്ങളും അതിന് നാം അനുവദിച്ച് കൊടുക്കേണ്ടി വരും. കാരണം പ്രായോഗിക വിജ്ഞാന ശാസ്ത്രങ്ങൾ ഹൃദയത്തിൽ സ്ഥിര പ്രതിഷ്ഠ നേടുന്നത് പോലെ, ഇത്തരം സാങ്കേതികത്വ പ്രശ്നങ്ങളുള്ള സൈദ്ധാന്തിക വിജ്ഞാനങ്ങൾ ഹൃദയത്തിൽ സ്ഥിര പ്രതിഷ്ഠ നേടൽ എളുപ്പമല്ല. ഈ കാര്യങ്ങളും അവയുടെ യഥാർത്ഥ രീതിയിലുള്ള വിദ്യാഭ്യാസവും അഭിമുഖീകരിക്കുന്നത് മൂലം നിർബന്ധിതാവസ്ഥ സംജാതമായിരിക്കുന്നു.

നിങ്ങളുടെ സാന്നിദ്ധ്യം അല്ലാഹു നിലനിർത്തട്ടെ. നിങ്ങൾക്കറിയും, ഈ രാജ്യത്ത് നാം നിർബന്ധമായും നടപ്പിലാക്കേണ്ടത് നമ്മുടെ ദീനും അല്ലാഹുവിന്റെ കൽപനകൾ അനുസരിച്ച് ജീവിക്കലും അവന്റെ നിരോധനങ്ങൾ വെടിയലുമാണ്. ദീനിന് എതിരാകുന്ന അല്ലെങ്കിൽ ദീൻ വിരോധിക്കുന്ന ഏതൊരു കാര്യവുമായി നാം യോജിക്കുന്നതോ തൃപ്തിപ്പെടുന്നതോ അല്ലാഹു ഇഷ്ടപ്പെടുന്നതല്ല. ഇവിടെ പർവ്വത

സമാനമായ സാമൂഹിക നന്മകളുണ്ടെങ്കിലും അത് ശറഇന് എതിരാണെങ്കിൽ അത് മൂലമുണ്ടാകാവുന്ന കുഴപ്പവും ഗുരുതരമായിരിക്കും. പക്ഷെ സാമൂഹ്യനന്മ ആവശ്യപ്പെടുന്ന പ്രവർത്തനങ്ങൾ മത നിയമങ്ങൾക്ക് എതിരാകുന്നില്ലെങ്കിൽ അത് ദോഷമുള്ളതല്ല. അപ്പോൾ നാം ഉദ്ദേശിക്കുന്നത് ഈ വിഷയത്തിൽ താങ്കളുടെ വിശദ പഠനവും അന്വേഷണവുമാണ്.

അവർക്ക് വിദ്യാഭ്യാസ സെഷനിലുള്ള ഫിലിമുകൾ മാത്രമേ പ്രദർശിപ്പിക്കുകയുള്ളൂ. അതിൽ വിനോദമോ തമാശയോ ഒന്നും തന്നെയില്ല. ഇവയെ സംബന്ധിച്ച് ഗഹനമായി ശ്രദ്ധ ചെലുത്തണമെന്ന് നാം അഭിപ്രായപ്പെടുന്നു.

## ശൈഖ് മുഹമ്മദ്ബ്നു ഇബ്രാഹീം പരിചിന്തനത്തിന് ശേഷം കൊടുത്ത മറുപടി.

‘‘നിഷിദ്ധം എന്നല്ലാതെ ഇതിൽ നാമൊരിക്കലും അഭിപ്രായം പറയുകയില്ല. കാരണം

ഒന്ന്: ഫോട്ടോകൾക്ക് കുറഞ്ഞ ആയുസ്സാണുള്ളത് ശേഷം അത് നശിച്ച് പോകുന്നു. പക്ഷെ ചലച്ചിത്രമെടുക്കുന്നത് പൊതുവിൽ നിലനിൽക്കുന്നതാണ്.

രണ്ട്: ഇത് അന്യമതസ്ഥരെ തഖ്ലീദ് ചെയ്യലാണ്. അന്തമായ ഈ അനുകരണം നാടിന് നേട്ടമുണ്ടാക്കുകയില്ല.

മൂന്ന്:- നിർബന്ധിത ഘട്ടത്തിൽ ശവത്തിന്റെ മാംസം ഹലാലാക്കുന്നത് പോലുള്ള തടയപ്പെട്ടതിനെ അനുവദനീയമാക്കുന്ന ളറൂറത്തിന്റെ (ആപൽഘട്ടം) സന്ദർഭമായി പ്രസ്തുത വിഷയത്തെ നാം കാണുന്നില്ല. അതോടൊപ്പം തന്നെ ഇക്കാര്യത്തിൽ ഞാൻ ദുശ്ശാഠ്യം പിടിക്കുന്നില്ല. പണ്ഡിതന്മാരാരെങ്കിലും ഈ വിഷയത്തിന് മതപരമായ എന്തെങ്കിലും വിശദീകരണം നൽകുന്നത് ലഭിച്ചാൽ അവരുടെ വാക്കുകൾ ശ്രദ്ധിക്കുവാൻ ഞാൻ തയ്യാറാണ്. അവ ഞാൻ മനസ്സിലാക്കിയതിന് എതിരാണെങ്കിൽ കാണിച്ച് തരിക. ഞാൻ മനസ്സിലാക്കിയത് പറയാനല്ലാതെ നിങ്ങളെന്നെ നിർബന്ധിക്കരുത്.[1]

(١) الفتوى ٤٥٦٨ من مجموع فتاوى الشيخ وقد دعا للملك -رحمه الله- بالتوفيق لما فيه الخير للإسلام والمسلمين؛ وهي رسالة من الملك -رحمه الله- أرسلت من ديوان رئاسة مجلس الوزراء رقم ٢٧٩٥٣ / ٣/ س.

**ടെലിവിഷൻ തിന്മകളുടെ പാതയും അതിലേക്കുള്ള പ്രചോദന മാർഗ്ഗങ്ങളുമാണ്. മുസ്ലീംങ്ങളെ അതിൽ നിന്നും തടുക്കുന്നതിനും സംരക്ഷിക്കുന്നതിനും ഞാൻ അതിശക്തമായി പ്രതിരോധിക്കുന്നു. ഇത് അല്ലാഹു എനിക്ക് നൽകിയ ഔദാര്യമാണ്. എന്റെ നിലപാടിൽ ഞാൻ ഉറച്ച് നിൽക്കുന്നു.**

## മുഹമ്മദ്ബ്നു ഇബ്രാഹീം സലഫി മദ്റസയിലെ പണ്ഡിതന്മാരായ മുഹമ്മദ്ബ്നു അലിയ്യ് ജിമാഹീനും മറ്റ് സഹോദരങ്ങൾക്കും അയച്ച സന്ദേശം.

**ഹിജ്റ 20.12.1384**

**അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു**

ഔപചാരിക തുടക്കങ്ങൾക്ക് ശേഷം

അയച്ച നിങ്ങളുടെ കത്ത് ഞങ്ങൾക്ക് ലഭിച്ചു. ഹജ്ജിന്റെ ആശംസകളും സ്വദേശത്തേക്കുള്ള ഞങ്ങളുടെ സുഖകരവും സുരക്ഷിതവുമായ മടക്കത്തിന് വേണ്ടിയുള്ള വിവരങ്ങളും ഞങ്ങൾ മനസ്സിലാക്കി. ഈ ആശംസകൾക്ക് ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു. ഇത് നല്ലൊരു അനുഭവമാണ്. നിങ്ങളിൽ അല്ലാഹു അനുഗ്രഹം ചൊരിയട്ടെ.

ടെലിവിഷൻ നിരുൽസാഹപ്പെടുത്തുന്ന വിഷയത്തിൽ താങ്കളുണർത്തിയ വിവരങ്ങൾ ഞങ്ങൾ ഉൾക്കൊള്ളുന്നു. ഈ വിഷയത്തിൽ നിങ്ങൾ പറഞ്ഞത് തന്നെയാണ് യാഥാർത്ഥ്യം. തിന്മകളുടെ പാതയിൽ നിന്നും അതിന്റെ മാർഗ്ഗങ്ങളിൽ നിന്നും മുസ്ലീംങ്ങളുടെ അവസ്ഥ മാറ്റി എടുക്കുന്നതിന് അല്ലാഹുവിനോട് നമുക്ക് പ്രാർത്ഥിക്കാം. അവൻ എല്ലാത്തിനും കഴിവുള്ളവനാണ്.

അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു.

**ശ്രദ്ധേയമായ ഭാഗം**: നിങ്ങൾക്ക് ലഭിച്ചുവെന്ന് പറയുന്ന കാര്യം പിന്നീട് നിങ്ങൾക്ക് ഞാൻ മനസ്സിലാക്കി തരുന്നതാണ്. നിങ്ങൾക്കത് എവിടെന്നാണ് ലഭിച്ചത്. മുസ്ലീംങ്ങളെ അതിൽ നിന്നും തടുക്കുന്നതിനും

സംരക്ഷിക്കുന്നതിനും അതിശക്തമായി ഞാൻ പ്രതിരോധിക്കുന്നു. ഇത് അല്ലാഹു എനിക്ക് നൽകിയ ഔദാര്യമാണ്. എന്റെ നിലപാടിൽ ഞാൻ ഉറച്ച് നിൽക്കുന്നു. ഭരണകർത്താക്കൾക്ക് നേർവഴി കാണിച്ച് കൊടുക്കാനും അവർക്ക് നന്മയും ഗുണവുമുള്ള പ്രവർത്തനങ്ങൾക്ക് തൗഫീഖ് ലഭിക്കുന്നതിനും വേണ്ടി അല്ലാഹുവിനോട് ചോദിക്കുന്നു. [2]

# ഇസ്ലാമിക ലോകത്തെ ഹദീസ് പണ്ഡിതൻ ശൈഖ് മുഹമ്മദ് നാസിറുദ്ദീൻ അൽബാനി റഹിമഹുല്ലാഹ്.

## ടെലിവിഷൻ ഫോട്ടോ പോലെതന്നെയാണ്. അവ രണ്ടിന്റേയും അടിസ്ഥാനം ഹറാം.

**ചോദ്യം:–** ദൃശ്യോപകരണമായ ടെലിവിഷൻ അത് തന്നെ ഹറാമാണോ അതോ ഹറാമായി സ്ഥിരപ്പെട്ട സാഹചര്യങ്ങളിൽ ഉപയോഗിക്കുമ്പോഴാണോ ഹറാമാക്കപ്പെടുന്നത്.

**ഉത്തരം:–** അതെ എന്നോ അല്ലന്നോ പറയാൻ സാധ്യമല്ല. ഫോട്ടോയുടെയും ഫോട്ടോ എടുക്കുന്നതിന്റേയും ഇസ്ലാമിക വിധി നിർബന്ധമായും നാം അറിയണം. അതിന്റെ അടിസ്ഥാനം ഇസ്ലാമിൽ അനുവദിക്കലാണോ? അതല്ല നിഷിദ്ധമാക്കലാണോ? ഈ അടിസ്ഥാനത്തിൽ ചില മറുപടികൾ ഉരുത്തിരിയും. ഫോട്ടോ നിർമ്മാണത്തിന്റെ അടിസ്ഥാന നിയമം (അതെല്ലാവർക്കും അറിയുന്നതാണെന്ന് തന്നെയാണ് ഞാൻ കരുതുന്നത്) അനുവദനീയമല്ല എന്നതാണ്. ഉന്നതനും പ്രതാപിയുമായ അല്ലാഹുവിന്റെ സൃഷ്ടികളിൽ ആത്മാവുള്ള ഒന്നിന്റേയും ഫോട്ടോ ഉണ്ടാക്കുന്നത് അനുവദനീയമല്ല. ഇത് മിണ്ടാട്ടമില്ലാത്ത ജീവികളാകട്ടെ സംസാരശേഷിയുള്ളവയാകട്ടെ എല്ലാ ജീവികളും അതിൽപ്പെടുന്നതാണ്. നിരന്തരം നിലനിൽക്കുന്ന അതിശക്തമായ ആവശ്യമോ നിർബന്ധിത പ്രതിസന്ധിയോ നേരിട്ടാലൊഴികെ. ഇനി പറയൂ ഫോട്ടോ ഗ്രാഫിയിലൂടെ നിർമ്മിച്ച ഫോട്ടോ ജാഇസാണോ നിഷിദ്ധമാണോ? നാം പറയും അത്യന്തം അനിവാര്യമായ ഘട്ടത്തിലൊഴികെ നിഷിദ്ധമാണെന്ന്. അപ്രകാരം തന്നെയാണ് ടെലിവിഷനും. യഥാർത്ഥത്തിൽ ടെലിവിഷൻ ചിത്രീകരണവും ഫോട്ടോയും പരസ്പരം ബന്ധപ്പിക്കപ്പെട്ട കണ്ടുപിടുത്തത്തിൽ പെട്ടതാണ്. അതിനാൽ ഇത്

---

(٢) مجموع فتاوى ابن إبراهيم، المجَلَّدُ العاشر (النكاح)، (ص-م ١٠٥ في ٨-١-١٣٨٥هـ).

ചലനമറ്റ നിശ്ചലഫോട്ടോയെക്കാൾ അതിശക്തമായ നിഷിദ്ധത്തിലും ഗുരുതരമായ അപകടത്തിലും പെടുന്നതാണ്. അതേ സമയം ഇത് നിഷിദ്ധത്തിൽ നിന്നും ഒഴിവാക്കപ്പെടുന്ന അവസ്ഥ സമൂഹത്തിൽ നിലനിൽക്കുന്നതിനാൽ നിശ്ചല ചിത്രത്തിനേക്കാൾ അപകടങ്ങളുണ്ടാക്കുന്നതാണ്. അപ്പോൾ ടെലിവിഷന്റെ വിധി ഫോട്ടോഗ്രാഫിയിലൂടെയും അല്ലാതെയും നിർമ്മിക്കപ്പെടുന്നവയുടെ വിധി തന്നെയാണ്. ഇസ്ലാമിൽ അതിന്റെ അടിസ്ഥാന നിയമം ഹറാമാണ്. അപ്പോൾ നിർബന്ധ ഘട്ടത്തിൽ അനുവദിക്കപ്പെട്ടത് (ളറൂറത്തിന്റെ സന്ദർഭം) അനുവദനീയമാണ്. അത് ഫോട്ടോഗ്രാഫി ചിത്രമാകട്ടെ; അല്ലെങ്കിൽ ടെലിവിഷനുമായി ബന്ധപ്പെട്ട ചലന ചിത്രമാകട്ടെ.

**ശേഷം മറ്റൊരാൾ ചോദിച്ചു**: വീടുകളിലുള്ള ഇക്കാലത്തെ ടെലിവിഷനുകൾ വർത്തമാന സാഹചര്യത്തിൽ ഹലാലോ ഹറാമോ?

**ശൈഖ്**: അനുവദനീയമല്ല. നിങ്ങൾക്കെല്ലാവർക്കും അവ ശ്രദ്ധിക്കാനും നിരാകരിക്കാനും അവകാശമുണ്ട്. നിങ്ങളുടെ ആരുടെയെങ്കിലും വീടുകളിൽ ടെലിവിഷൻ ശ്രദ്ധിക്കുന്നവരുണ്ടെങ്കിൽ അവർ പറയട്ടെ അതിന്റെ നന്മ തിന്മയെക്കാൾ അധികമാണോ?

**ചോദ്യകർത്താവ് പറഞ്ഞു:–** ‘‘അതിന്റെ നന്മയെക്കാൾ തിന്മ തന്നെയാണ് കൂടുതൽ.’’

**അപ്പോൾ ശൈഖ് പറഞ്ഞു:–** ‘‘അങ്ങനെയെങ്കിൽ അത് അനുവദനീയമല്ല.’’ [1]

# ശൈഖ് മുഹമ്മദ് നാസിറുദ്ദീൻ അൽബാനി റഹിമഹുല്ലാഹ്

## ഇസ്ലാമികമെന്ന് പറയപ്പെടുന്ന വീഡിയോ സീഡികൾ വിൽക്കുന്നതിന്റെ വിധി

**ചോദ്യം:–** ഇസ്ലാമികമെന്ന് പറയപ്പെടുന്ന വീഡിയോ സീഡികൾ വിൽക്കുന്നതിൽ പ്രശ്നമുണ്ടോ?

**ഉത്തരം:–** ചിത്രമുള്ള എല്ലാ വീഡിയോ സീഡികളും അത് പ്രദർശിപ്പിക്കേണ്ട നിർബന്ധിതാവസ്ഥ ഇല്ലാത്തതിനാൽ അവ വിൽക്കലും അനുവദനീയമല്ല. അങ്ങേയറ്റം സങ്കീർണ്ണമായ പരിമിത സാഹചര്യത്തിലല്ലാതെ ഈ വീഡിയോ സീഡികൾ അനുവദനീയമാകുകയില്ലെന്ന് തന്നെയാണ് ഞാൻ കരുതുന്നത്. ഫോട്ടോഗ്രാഫി വഴിയുള്ള ചിത്രങ്ങളെയും മറ്റ് രീതിയിലുള്ള ചിത്രങ്ങളെപ്പറ്റിയും അതാണല്ലോ

---

(١) تفريغ من شريط آداب المجالس د٣٢.

നാം പറയുന്നത്. ഒരു കാര്യവുമില്ലാത്ത (എന്റെ വിശ്വാസത്തിൽ) രംഗങ്ങൾ ടെലിവിഷനിൽ പ്രദർശിപ്പിക്കപ്പെടുന്നുണ്ട്. ഈ കാസറ്റുകളിൽ അത്തരം വിവരങ്ങൾ റിക്കാർഡ് ചെയ്ത് വരുന്നതാണ്. ചില മതപരമായ നിയമങ്ങൾ മുസ്ലീം ലോകത്തിന് പരിചയപ്പെടുത്തുന്നതിന് അനിവാര്യമായ ഘട്ടത്തിലല്ലാതെ വീഡിയോ സീഡി അനുവദനീയമല്ല.[2] ഖേദകരം, ടെലിവിഷൻ പ്രർശിപ്പിക്കുന്നത് ഒരു പ്രയോജനവുമില്ലാത്ത കാര്യങ്ങളാണ്. മാത്രമല്ല അനുവദനീയമായതും അനുവദനീയമല്ലാത്തതുമെല്ലാം അതിലുണ്ട്. എന്നല്ല, നിർബന്ധമായും പ്രദർശിപ്പിക്കേണ്ടത് പ്രദർശിപ്പിക്കുന്നില്ല.

അൽബാനി റഹിമഹുല്ലാഹ് പറഞ്ഞു: ശബ്ദഭംഗിക്ക് വേണ്ടി നവീന സിസ്റ്റമുകൾ സ്ഥാപിക്കുക വഴി ടെലിവിഷൻ പ്രോഗ്രാമുകൾ നല്ല പ്രാസംഗികന്മാരിൽ വലിയൊരു വിഭാഗത്തിന്റെ ഒച്ചയടപ്പിച്ചു. ഇൽമ് കൊണ്ടും ഇഖ്ലാസ് കൊണ്ടും ഇസ്ലാമിക സേവനമുദ്ദേശിക്കുന്ന എല്ലാ ഇസ്ലാമിക രാജ്യങ്ങളിലെയും നേതൃത്വത്തോട് ഈ വിഷയങ്ങളുണർത്താൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്.[3]

# ശൈഖ് മുഹമ്മദ് നാസിറുദ്ദീൻ അൽബാനി റഹിമഹുല്ലാഹ്

## ടെലിവിഷന്റെയും അത് വിൽപ്പന നടത്തുന്നതിന്റെയും വിധി

### ഹറാമുകളിൽ ഉപയോഗിച്ചു കൊണ്ടല്ലാതെ
### ഒരു മുസ്ലീം ഭവനത്തിൽ ടെലിവിഷൻ ഉണ്ടാകുക
### അസാദ്ധ്യമാണ്. അത്കൊണ്ട് ഉണ്ടാകുന്ന ഫിത്ന അത്ര ശക്തമാണ്.

**ചോദ്യം:-** എന്റെ അടുക്കൽ ടെലിവിഷനുണ്ട്. അതുണ്ടാക്കുന്ന കുഴപ്പങ്ങളും മറ്റും അറിയപ്പെട്ടതാണ്. ഈ ടെലിവിഷൻ ഏതെങ്കിലും ക്രിസ്ത്യാനിക്ക് ഞാൻ വിൽക്കുന്നത്

---

[2]) ശൈഖ്, പ്രബോധകന്മാർ ടെലിവിഷനിൽ പ്രത്യക്ഷപ്പെടുന്നതിനെ ഉദ്ദേശിച്ചല്ല മറിച്ച് നിർബന്ധിതഘട്ടവും (ളറൂറത്ത്) അങ്ങേയറ്റത്തെ ആവശ്യവും ഉണ്ടാകുന്നതിനെയാണ് ഉദ്ദേശിച്ചത്. ശേഷം അതിന്റെ വിശദവിവരം വരുന്നുണ്ട്

[3] ) ജമാദുൽ ആഖിറ 16 ഹിജ്റ 1410 ശനിയാഴ്ച രാവിലെ ജിദ്ദയിൽ ശൈഖ് അൽബാനിയുമായുള്ള അഭിമുഖത്തിന്റെ കാസറ്റിൽ നിന്നും തിരഞ്ഞെടുത്തത്. (ഫതാവാജിദ്ദ ഒന്നാം കാസറ്റ്)

അനുവദനീയമാണോ? അവൻ അത് ഉപയോഗിച്ച് പാട്ടുകളും മോശത്തരങ്ങളും മറ്റും കാണുന്നതിന്റെ പേരിൽ ഞാൻ തെറ്റ് കാരനാകുമോ?

**ഉത്തരം:–** ശൈഖ് പറഞ്ഞു:- ടെലിവിഷൻ വിൽക്കൽ അനുവദനീയമാണോ എന്നതിന് എന്റടുക്കലുള്ള മറുപടി വ്യക്തമാണ്. തീർച്ചയായും അത് അനുവദനീയമല്ല. കാരണം ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നതിന് അവനെ സഹായിക്കലാണത്. അതോടൊപ്പം മനസ്സിലാക്കേണ്ടത് ഉപയോഗം അനുവദനീയമല്ലാത്ത ഒരു ഉപകരണം ശറഇൽ അതിന്റെ വിൽപ്പനയും അനുവദനീയമല്ല. ഉറപ്പായും അത് തകർക്കപ്പെടുകയും തച്ചുടക്കപ്പെടുകയും വേണം. ഈ ഉപകരണത്തിന് ഇസ്ലാമിൽ വിധി ഇതാണ്. ഒരു കാഫിറിനാണ് വിൽക്കുന്നതെങ്കിലും വിധി ഇതു തന്നെയാണ്. കാരണം മഹോന്നതനായ അല്ലാഹുവിന് എതിര് പ്രവർത്തിക്കുന്നതിനാണ് അവനത് ഉപയോഗിക്കുന്നത്. എന്റെ അറിവനുസരിച്ച് ആദ്യത്തെ സംഗതിയുമായി ഈ പ്രശ്നത്തിന് ബന്ധമില്ല.[2]

**ചോദ്യകർത്താവ്:** എന്നിരുന്നാലും ഈ ചോദ്യം എന്നോട് ചോദിച്ച ഒരു സഹോദരനുമായി ബന്ധപ്പെട്ട കാര്യമാണ്. എന്നോട് ചോദിക്കപ്പെട്ടു എന്റെടുക്കൽ മൂന്ന് കളർ ടെലിവിഷനുളുമുണ്ടായിരുന്നു. ഏകദേശം രണ്ടായിരം ഗനിക്ക് തുല്യമായ വില വരുന്നതാണ്.

തുടർന്ന് അദ്ദേഹം പറഞ്ഞു: ഇപ്പോഴത് ഞാൻ ഉപയോഗിക്കാതെ അലക്ഷ്യമായിട്ടിരിക്കുകയാണ്. ഈ സമ്പത്തും ഇത് പോലുള്ളതും പ്രയോജനപ്പെടുത്തുവാൻ ഞാനുദ്ദേശിക്കുന്നു. ഈ ഉപകരണങ്ങൾ നശിപ്പിക്കുന്നത് സമ്പത്ത് നശിപ്പിക്കലാണല്ലോ?

അദ്ദേഹത്തിന്റെ ഈ വാക്കുകളനുസരിച്ച് പ്രവർത്തിക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ?

**ശൈഖ്:–** മുസ്ലിമിലും മറ്റ് ഹദീസ് ഗ്രന്ഥങ്ങളിലും വന്നിട്ടുള്ളത് പോലെ ഇതിന് സമാനമായ ചില പ്രവർത്തികൾ നബി ﷺയിൽ കടന്ന് പോയിട്ടുണ്ട്. കള്ള് നിഷിദ്ധമാക്കിക്കൊണ്ട് ഖുർആൻ അവതരിച്ച സന്ദർഭത്തിൽ അബൂത്വൽഹത്തുൽ അൻസാരി നബി ﷺയുടെ സന്നിധിയിൽ വന്നിട്ട് ചോദിച്ചു അല്ലാഹുവിന്റെ റസൂലേ എന്റെടുക്കൽ അനാഥകളുടെ സമ്പത്തിൽപ്പെട്ട കള്ളിന്റെ തോൽക്കുടങ്ങളുണ്ട്. ഞാനതിനെ സുറുക്കയാക്കട്ടെ? നബി ﷺപറഞ്ഞു "പാടില്ല അത് ഒഴിച്ച് കളയുക" ഇസ്ലാമിക ചര്യയിൽ ഹറാമാക്കപ്പെട്ട വസ്തു നശിപ്പിക്കൽ സമ്പത്ത് പാഴാക്കലാണെന്ന് പറയാൻ നമുക്ക് അനുവാദമുണ്ടായിരുന്നുവെങ്കിൽ അബൂത്വൽഹനോട് തോൽപാത്രത്തിലുള്ളത് നശിപ്പിച്ച് കളയാൻ കൽപ്പിക്കാതെ നബി ﷺഅത് സുർക്ക ആക്കുന്നതിന് അനുവദിക്കുമായിരുന്നു.

[2] ആദ്യത്തെ സംഗതികൊണ്ട് ഉദ്ദേശിക്കുന്നത് ടെലിവിഷന്റെ വിധിയും ഈ പ്രശ്നം കൊണ്ട് ഉദ്ദേശം നിൽക്കുന്നതിന്റെ വിധിയുമാകാം:വിവർത്തകൻ

**അറിവിന് വേണ്ടി**

തീർച്ചയായും ഇന്ന് മുസ്ലീംങ്ങൾ പരീക്ഷിക്കപ്പെടുന്ന ഈ ഉപകരണത്തിന്റെ ക്രയവിക്രയത്തെക്കാൾ നിസ്സാരമായ പ്രശ്നമായിരുന്നു അത്. കാരണം കള്ള് മുമ്പ് ഹറാമാക്കപ്പെട്ടിരുന്നില്ല. ഇത്തരം പ്രശ്നങ്ങളിൽ വിട്ടുവീഴ്ചയ്ക്ക് അനുവാദമുണ്ടായിരുന്നുവെങ്കിൽ അതിന്റെ സന്ദർഭമായിരുന്നു അത്. കാരണം അത് ഒഴിച്ച് കളയുന്നതിന് പകരം സുർക്കയാക്കി അതിന്റെ വില ഉപകാരപ്പെടുത്താൻ കഴിയുമായിരുന്നു. മാത്രമല്ല അനാഥകളുടെ പേരിൽ കച്ചവടത്തിന് കള്ള് സ്വഹാബി വാങ്ങിയ ഘട്ടത്തിൽ കള്ള് ഹറാമാക്കപ്പെട്ടിരുന്നില്ല. എന്നിട്ട് കൂടി റസൂൽ ﷺ അത് പ്രയോജനപ്പെടുത്താനോ അതിനെ സുറുക്കയാക്കാനോ ഇളവ് അനുവദിച്ചില്ല. അത് ഒഴിച്ച് കളയാൻ തന്നെ നബി ﷺ കൽപ്പിച്ചു. അത് നശിപ്പിക്കുന്നത് കൊണ്ടുള്ള നഷ്ടം അനാഥകൾക്കാണെന്നതിൽ സംശയമില്ല. അതിനാൽ ഇന്ന് മുസ്ലീം ഹറാമാക്കപ്പെട്ട ചില സാമഗ്രികൾ ഉപയോഗിച്ചതിന്റെ പേരിൽ തൗബ ചെയതശേഷം അതിനെ പ്രയോജനപ്പെടുത്തി സമ്പാദ്യമുണ്ടാക്കുന്നത് ഒരു നിലക്കും അനുവദനീയമല്ല.

**ചോദ്യകർത്താവ്:-** എങ്കിലും ശൈഖ്, കള്ളിനേയും ടെലിവിഷനേയും പറ്റി പറയുന്നവൻ ഇങ്ങനെ പറയാനുള്ള സാധ്യതയുണ്ട്. രണ്ടും വ്യത്യാസമുണ്ട് കള്ളിനെ സംബന്ധിച്ച് മൊത്തത്തിൽ ഖണ്ഡിതമായി ഹറാമാക്കികൊണ്ട് ഖുർആനിൽ പ്രമാണം വന്നിട്ടുണ്ട്. ടെലിവിഷനിൽ ആരോഗ്യ സംബന്ധമായും മറ്റുമുള്ള പ്രോഗ്രാമുകളും അത്പോലെ മതപരമായ പരിപാടികളും കേൾക്കാനും സൗകര്യപ്പെടുന്നതാണല്ലോ. അങ്ങനെ വരുമ്പോൾ ടെലിവിഷൻ എല്ലാനിലക്കും ഹറാമാവുകയില്ലല്ലോ. അപ്പോൾ ഈ ഹലാലായ ഭാഗം ഉപയോഗിക്കൽ സൗകര്യപ്പെടുമോ.... സകലതും ഹറാമാകുന്നില്ലെന്ന് വരുമ്പോൾ അതിനെ ആശ്രയിച്ച് അത് വിൽക്കുകയും ചെയ്യാമല്ലോ?

**ശൈഖ്:-** ആർക്കാണ് നീ അത് വിൽക്കുന്നത്? ഹലാലിൽ അതിനെ ഉപയോഗിക്കുന്നത് ആരാണ്?

**ചോദ്യകർത്താവ്:-** അതേ (സാധ്യമല്ല) എന്ന് സൂചിപ്പിച്ചുകൊണ്ട്: ''ഹാ കഷ്ടം !''

**ശൈഖ്:-** അങ്ങനെയെങ്കിൽ അവനത് എല്ലായിപ്പോഴും ഹലാലിൽ ഉപയോഗിക്കട്ടെ. ഈ വ്യത്യാസം നിലനിൽക്കുന്നതോടൊപ്പം തന്നെ പറയട്ടെ; ഈ ഉപകരണങ്ങൾക്കും കള്ളിനുമിടയിലുള്ള വേർതിരിവ് ന്യായീകരണത്തിന് മതിയാവുകയില്ല. കാരണം ടെലിവിഷൻ ഉപയോഗത്തിൽ പ്രയോജനമുണ്ടെന്ന് പറയുന്നവരോട് നമുക്ക് പറയാനുള്ളത്, പ്രയോജനത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് അതിനെ ഉപയോഗപ്പെടുത്തിയാൽ മാത്രമാണ്. ശരിയാകുന്നത്. പക്ഷെ ഇത് ചിന്തക്ക് വിധേയമാക്കേതാണ് (തിയറി മാത്രമാണ്, പ്രായോഗികമല്ല).

അല്ലാഹു ഹറാമാക്കിയതിൽ ഉപയോഗിച്ച് കൊണ്ടല്ലാതെ ഒരു മുസ്ലീംമിന്റെ വീട്ടിലും അത് ഉണ്ടാകുക സാധ്യമല്ല. അതുകൊണ്ടുണ്ടാകുന്ന ഫിത്ന അത്ര കഠിനമാണ്.

അതീവഗുരുതരവും അപകടകരവുമായ വിനോദോപകരണങ്ങളാണ് ടെലിവിഷനുകളെന്ന് വിശ്വസിക്കുന്ന വ്യക്തിയാണ് ഞാൻ. അതിൽ ശ്രദ്ധ ചെലുത്തുന്ന മുസ്ലീംമിനെ അവന്റെ നിർബന്ധ കടമകളിൽ നിന്നും ഉത്തരവാദിത്വങ്ങളിൽ നിന്നും അധിക സമയവും അത് മറപ്പിച്ച് കളയുന്നതാണ്. അതിനാൽ ടെലിവിഷനുകൾ ചില നന്മകളിൽ ഉപയോഗിക്കാൻ സാധിക്കുമെന്നത് പ്രായോഗികമല്ല. അത് കള്ള് പോലെ തന്നെയാണ്. വിധി വ്യത്യാസപ്പെടുകയുമില്ല. കാരണം കള്ളിനെയും സുറക്കയാക്കി നന്മയിൽ ഉപയോഗിക്കാൻ സാധിക്കുന്നതാണ്. തീർച്ചയായും ഈ അദ്ധ്യായം (നന്മയിൽ ഉപയോഗിക്കാനുള്ള ശ്രമം) നമ്മുടെ മുന്നിൽ മറ്റ് ധാരാളം പ്രശ്നങ്ങളുടെ കവാടങ്ങൾ തുറക്കുന്നതിന് കാരണമാകുമെന്ന് ഞാൻ ഭയക്കുകയാണ്. ചില താന്തോന്നികൾ അല്ലാഹു ഹറാമാക്കിയതിനെ ഹലാലാക്കുകയും അവ സമ്പാദ്യമാർഗ്ഗമാക്കുകയും ചെയ്യും. ഉദാഹരണമായി കഞ്ചാവ് കറുപ്പ് പോലുള്ള മയക്ക് മരുന്നുകൾ അവയുടെ വിപണനം കൊണ്ട് പരീക്ഷിക്കപ്പെട്ടവൻ ശേഷം തൗബ ചെയ്ത് ഖേദിച്ച് മടങ്ങുകയും നമ്മോട് ഈ ചോദ്യമുന്നയിക്കുകയും ചെയ്യാമല്ലോ:- ഈ കഞ്ചാവുകൾ എനിക്ക് കാഫിറിനോ അമേരിക്കക്കാർക്കോ അത് പോലുള്ളവർക്കോ വിൽക്കുന്നത് അനുവദനീയമാകുമോ? അവനോട് അനുവദനീയമല്ല എന്ന് പറയപ്പെട്ടാൽ അതവന് പാഴായിപ്പോകുന്ന വലിയൊരു മൂലധനമാണ്. അത്കൊണ്ടവൻ തെളിവ് നിരത്തും. ഒരിക്കലുമിത് ഖുർആനിൽ വ്യക്തമായ വിധികൊണ്ട് ഹറാമാക്കപ്പെട്ടതല്ല നിശ്ചയം കള്ള് അതായത്: ..........എന്നാൽ എനിക്ക് പറാനുള്ളത് മതപരമായ (ശറഇയായ) വിധികൊണ്ട് മാതൃക സ്വീകരിക്കേണ്ടതാണ്. അത് ഖുർആനിലോ സുന്നത്തിലോ ഖണ്ഡിതമായ വിധി വന്നതാകട്ടെ അല്ലെങ്കിൽ ഇവ രണ്ടിൽ നിന്നും നിർധാരണ മാർഗ്ഗത്തിലൂടെ സ്വീകരിക്കപ്പെട്ടതാകട്ടെ. മയക്കുമരുന്നായ കഞ്ചാവിൽ വിധി പറയപ്പെട്ടതിന്റെ മർമ്മം ഹറാമെന്നാണ്. അതിനാൽ അതിൽ നിന്നുമുള്ള പ്രയോജനം സ്വീകരിക്കലും അനുവദനീയമല്ല. ടെലിവിഷന്റെ കാര്യവും അത് ഉപയോഗിക്കലും വാങ്ങലും ഹറാം തന്നെയാണ്.

അപ്പോൾ ചുരുങ്ങിയ പക്ഷം നാം മനസ്സിലാക്കുന്നത് ടെലിവിഷൻ വാങ്ങുന്നതും ഉപയോഗിക്കുന്നതും ഹറാമാകുമ്പോൾ മുസ്ലീം അവന്റെ വിധികളിലോ ചിന്തകളിലോ ഒരിക്കലും അതിന്റെ ഉപയോഗത്തിന് നിർബന്ധിതനായി തീരുക എന്ന അവസ്ഥ ഉണ്ടാകരുത്.

അതിനാൽ അത് വിൽക്കലും അനുവദനീയമല്ല. വാങ്ങലും പാടില്ല. അല്ലാഹുവിലേക്ക് നിഷ്കളങ്കമായി ആര് തൗബ ചെയ്ത് മടങ്ങിയോ ഈ ഉപകരണങ്ങളോട് അവൻ സ്വീകരിക്കേണ്ട സമീപനം കള്ളുംകുടത്തിനോട് നബി ﷺ കാണിച്ച നിലപാടാണ്.[3]

# ശൈഖ് മുഹമ്മദ് നാസിറുദ്ദീൻ അൽബാനി റഹിമഹുല്ലാഹ്

## വിജ്ഞാനത്തിന്റെ അനുയായികൾ ടെലിവിഷനിൽ പ്രത്യക്ഷപ്പെടുന്നത് അവരുടെ നാശത്തിന് കാരണമാകും.

ശൈഖ് അൽബാനി റഹിമഹുല്ലാഹ് അൽഹുദാ വന്നൂർ എന്ന പരമ്പരയിൽ പ്രബോധകർ ടെലിവിഷനിൽ പ്രത്യക്ഷപ്പെടുന്നതിനെ സംബന്ധിച്ച് സംസാരിക്കവെ ഇപ്രകാരംപറഞ്ഞു.

‘‘…ഈ ഉപകരണങ്ങളിലൂടെ സംശയം ഇല്ലാതെ എത്തിപ്പെടുന്ന കാര്യങ്ങളിൽ പെട്ടതാണ്,

* ഒന്നുകിൽ ധാർമ്മിക സദാചാര സ്വഭാവങ്ങളെ തകർക്കുന്ന ആയുധം.

* അല്ലെങ്കിൽ നാമടക്കം ഇൽമിന്റെ അനുയായികൾ വരെ അതിൽ കുടുങ്ങാൻ സാധ്യതയുള്ള വിപത്തിന്റെ ആയുധം. എങ്ങനെ?

എന്നെ അറിയുന്ന നാടുകളിലെല്ലാമുള്ള ടെലിവിഷൻ സ്ക്രീനുകളിൽ ഞാൻ പ്രത്യക്ഷപ്പെടാൻ ആഗ്രഹിക്കുക. ഞാൻ നല്ല ചുമന്നവനാണ് വെളുത്തവനാണ് ഞാൻ ഇന്ന ആളാണ് എന്ന് മുഹമ്മദ് നാസിർ പറയപ്പെടട്ടെ. ഇത് തന്നെയാണ് എന്റെ നഫ്സിന്റെ നാശം.[4]

---

[3] അൽഹുദാവന്നൂർ) എന്ന പരമ്പരയിലെ 42-ാം മത്തെ കാസറ്റിൽ നിന്നും.

[4] ഇബ്നുബാസ് റഹിമഹുല്ലാഹ് പറഞ്ഞു: വിദ്യാഭ്യാസം വീഡിയോ ഇല്ലാതെയും സാധിക്കും നിരവധി ഹദീസുകളിൽ ഫോട്ടോ നിർമ്മിക്കുന്നത് വിരോധിച്ചിട്ടുണ്ട്. ചിത്രമുണ്ടാക്കുന്നവരെ ആക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

# ശൈഖ് മുഹമ്മദ് നാസിറുദ്ദീൻ അൽബാനി റഹിമഹുല്ലാഹ്

## ടെലിവിഷനിൽ പ്രത്യക്ഷപ്പെടുന്നവൻ

## തന്നെ പ്രദർശിപ്പിച്ചിരിക്കുന്നത് പരീക്ഷണത്തിന് വേണ്ടി.

### ഏതെങ്കിലുമൊരാൾക്ക് പ്രസംഗിക്കണമെന്ന് തോന്നിയാൽ ഉടൻ ടെലിവിഷനിൽ പ്രത്യക്ഷപ്പെടുന്നതാണ്. ഈ കാലഘട്ടത്തിൽ അധികവും നാം കാണുന്നത് ഇവിടെ എവിടെയാണ് ളറൂറത്ത് (നിർബന്ധ സാഹചര്യം) ഉള്ളത്?

**ചോദ്യം:-** ടെലിവിഷൽ ചിത്രങ്ങളുടെയും പരിപാടികളുടെയും വിധി എന്താണ്?

**ഉത്തരം:-** ഇതുമായി ബന്ധപ്പെട്ട ധാരാളം സി.ഡികളുമുണ്ട്. ചിത്രമുള്ളിടത്തോളം അവ ഉപയോഗിക്കാൻ അനുവാദമില്ല. ചിത്രങ്ങൾ കൈകൊണ്ട് നിർമ്മിച്ചതാണെങ്കിലും ഫോട്ടോഗ്രാഫി ഉപകരണങ്ങൾ ഉപയോഗിച്ചിട്ടാണെങ്കിലും. അതല്ല വീഡിയോ മാർഗ്ഗമായാലും. അത് ചിത്രരചനയ്ക്ക് വേണ്ടിയുള്ള ഒരു ഉപകരണമാണല്ലോ. സങ്കീർണ്ണമായ ഘട്ടങ്ങളിലല്ലാതെ ഒരിക്കലും അത് അനുവദനീയമല്ല. പാസ്പോർട്ടുകൾക്കും അത്തരം മറ്റ് സാഹചര്യങ്ങളിലെ ഫോട്ടോകളും പോലെ. ഏതെങ്കിലുമൊരാൾ പ്രഭാഷണം നടത്താനുദ്ദേശിച്ചാൽ ഉടൻ ടെലിവിഷനിൽ പ്രത്യക്ഷപ്പെടുന്നതാണ് നിലവിൽ നാം കാണുന്നത്.

ഈ വർദ്ധിച്ച പ്രവണതയിൽ എവിടെയാണ് ളറൂറത്ത് ഉള്ളത്? നേരെമറിച്ച് ടെലിവിഷനിൽ തന്നെ പ്രദർശിപ്പിക്കുന്നവൻ ഫിത്നക്ക് സ്വയം വിധേയനാകുകയാണ് ചെയ്യുന്നത്. നിങ്ങൾ വരുവിൻ ഞാൻ സ്വാഗതം ചെയ്യുന്നു. പഠനമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അദ്ധ്യാപകന്റെ സംസാരം കേട്ടുകൊണ്ട് മാത്രം ജനങ്ങൾ വിജ്ഞാനം നേടുന്നത് കാണിച്ച് തരാം. മതപരമായ നന്മകൾ ഉറപ്പ് വരുത്തുന്നതിന് അത് മതി.[5]

[5] പരമ്പരയിൽ നിന്നുള്ള 619-ാം നമ്പർ കാസറ്റിന്റെ അവസാനഭാഗം. ഇത് കഴിഞ്ഞ ഭാഗത്തിൽ ഉദ്ധരിച്ച സംഭാഷണത്തിൽപെട്ടതല്ല. ആ സംഭാഷണം ശേഷം വരുന്ന പാഠത്തിൽ പൂർത്തിയാകും.

# ശൈഖ് മുഹമ്മദ് നാസിറുദ്ദീൻ അൽബാനി റഹിമഹുല്ലാഹ്

## വീഡിയോ വഴി ചിത്രം പകർത്തുന്നതിനെ കണ്ണാടിയിലുള്ളതുമായിതാരതമ്യം ചെയ്യുന്നത് ഖിയാസും മഅൽഫാരിഖാണ് (വിരുദ്ധ താരതമ്യം)

വീഡിയോ ചിത്രം കണ്ണാടിയുടെ പ്രതിബിംബവുമായി സാദൃശ്യപ്പെടുത്തുന്ന ചില ജനങ്ങളുടെ തെറ്റിദ്ധാരണാജനകമായ ഭാഷ്യത്തെപ്പറ്റി ശൈഖ് ചോദിക്കപ്പെട്ടു. ശൈഖ് മറുപടി കൊടുത്തു: താങ്കൾ അവരിൽ നിന്ന് ഉദ്ധരിച്ചത് കൃത്യമായ ഉദ്ധരണിയാണെങ്കിൽ അവരുടെ (സാദൃശ്യമാകുന്നു) 'യുഷ്ബഹു' എന്ന വാക്ക് കണ്ണാടിയെ അല്ല സൂചിപ്പിക്കുന്നത് അതിൽ കാണുന്ന പ്രതിബിംബത്തിനെയാണ് അറിയിക്കുന്നത്. ഉദാഹരണത്തിന്, സിംഹത്തിന്റെ വാല് സിംഹം പോലെയാണെന്ന് പറഞ്ഞാൽ അത് സിംഹത്തിനോട് സാദൃശ്യമാകും പക്ഷെ സിംഹമാവുകയില്ല. ഈ പറഞ്ഞതിന്റെ ഉദ്ദേശം ശേഷം വരുന്നുണ്ട്.

നോക്കുന്നവൻ കണ്ണാടിയിൽ തന്നെ കണ്ടാൽ ഇത് ഫോട്ടോയാണെന്ന് പറയപ്പെടുകയില്ല. കാരണമത് അവൻ മാറുന്നതോടെ അത് മാറിപ്പോകുന്നതാണ് എന്നാൽ ചിത്രത്തിന് സ്ഥിരതയുണ്ട്.[6]

---

[6] 'ഇസ്ലാമിക വീഡിയോ' എന്ന ഗ്രന്ഥത്തിന്റെ കർത്താവ് പറഞ്ഞ ചില കാര്യങ്ങൾ ഞാൻ ഉദ്ധരിക്കാം. ഈ ചലച്ചിത്രത്തെ കണ്ണാടിയിൽ കാണുന്ന നീങ്ങിപ്പോകുന്ന പ്രതിബിംബവുമായി തുലനം ചെയ്യുന്നത് നിരർത്ഥകമായ തുലനമാണ്. കാരണം അടിസ്ഥാനവും ശാഖയും തമ്മിൽ നിരവധി വ്യത്യാസങ്ങളുണ്ട്. 1. കണ്ണാടിയിലെ പ്രതിബിംബം ശേഷിക്കുന്നതല്ല. വീഡിയോ അങ്ങനെയല്ല.2. കണ്ണാടിയിലെ പ്രതിബിംബം അതിനെ അഭിമുഖീകരിക്കുമ്പോൾ മാത്രമേ ഉണ്ടാവുകയുള്ളൂ. അതിന്റെ നേരേ പ്രത്യക്ഷപ്പെട്ടില്ലെങ്കിൽ അത് കാണുകയുമില്ല വീഡിയോ അങ്ങനെയല്ല. 3. ആരെങ്കിലും കണ്ണാടിയിൽ തന്റെ പ്രതിബിംബം കണ്ടാൽ അതിന് ഫോട്ടോ എന്ന് പറയുകയില്ല. ആ പ്രവർത്തിക്ക് ചിത്രരചന (ഫോട്ടോഎടുക്കൽ) എന്ന് പറയപ്പെടുകയില്ല. വീഡിയോ അങ്ങനെയല്ല. 4. ഫോട്ടോ എടുക്കുന്നതിനോ ചിത്രരചനക്കോ കണ്ണാടിയുടെ ആവശ്യം വരുന്നില്ല. വീഡിയോ അങ്ങനെയല്ല. 5. ..................

6. ചിത്രമെടുക്കുന്നതിന് നാല് ഘടകങ്ങൾ നിർബന്ധമായും വേണം. അവയില്ലാതെ ഫോട്ടോ എടുക്കാനാവില്ല. ഫോട്ടോ എടുക്കുന്നവൻ എടുക്കപ്പെടുന്നവൻ ഉപകരണം. എടുക്കുന്ന പ്രവർത്തി. എന്നാൽ കണ്ണാടിയിൽ തെളിയുന്ന രൂപത്തിന് രണ്ട് ഘടകങ്ങൾ മതി. കണ്ണാടിയും അതിനെ അഭിമുഖീകരിക്കലും. 7. കണ്ണാടി ചിത്രത്തിന്റെ പേരിൽ ഫിത്നയോ കുഴപ്പങ്ങളോ ശിർക്കോ മറ്റോ ഭയപ്പെടുന്നില്ല. വീഡിയോ അങ്ങനെയല്ല. 8. കണ്ണാടിയും അത് പോലുള്ളതും നബി ﷺയുടെ കാലത്തുണ്ടായിരുന്നു. നബി ﷺഅതിനെ അനുവദിക്കുകയും ചെയ്തിട്ടുണ്ട് വീഡിയോ അങ്ങനെയല്ല.9. ...............10. ...............

# ശൈഖ് മുഹമ്മദ് നാസിറുദ്ദീൻ അൽബാനി റഹിമഹുല്ലാഹ്

## 'വസ്ത്രത്തിലെ അടയാളം (മുദ്ര) ഒഴികെ'

## എന്ന ഹദീസിന്റെ അർത്ഥമെന്താണ്?

## ചിത്രം അനുവദിക്കുന്നവർക്കത് പ്രമാണമാകുമോ?

ചിത്രമെടുക്കാൻ അനുവദിക്കുന്ന ചിലർ 'വസ്ത്രത്തിലെ അടയാളമൊഴികെ' എന്ന ഹദീസ് തെളിവാകുന്നതിനെ സംബന്ധിച്ച് ശൈഖ് ചോദിക്കപ്പെട്ടു.[7]

**ശൈഖ് മറുപടി നൽകി:** 'വസ്ത്രത്തിലെ അടയാളമൊഴികെ' എന്നത് യഥാർത്ഥത്തിൽ നമ്മുടെ തെളിവിൽപെട്ടതാണ്. അതിന്റെ ചർച്ച ഉപകാരപ്പെടും.

അപ്പോൾ 'വസ്ത്രത്തിലെ അടയാളമൊഴികെ' എന്ന ഹദീസ് ഹറാമാക്കപ്പെട്ട ചിത്രങ്ങൾ ഉപയോഗിക്കുന്നതിനെ (ഹറാമിൽ നിന്നും) ഒഴിവാക്കാൻ വേണ്ടിയല്ല, മറിച്ച് ചിത്രമുപയോഗിക്കുന്നതിനെ ഹറാമിൽ നിന്നും ഒഴിവാക്കാൻ വേണ്ടിയാണ്. ആ സന്ദർഭത്തിൽ അത് ഹറാമാക്കപ്പെട്ടതാണെന്ന് പറയുക സാധ്യമല്ല. പക്ഷെ ഞാൻ കരുതുന്നത് അവ രണ്ടിനുമിടയിലെ വ്യത്യാസം.

1. ചിത്രമുപയോഗിക്കലും മുമ്പില്ലാതിരുന്ന ചിത്രമുണ്ടാക്കലും.
2. രണ്ടാമത്തെ വിഷയം ഈ ചിത്രങ്ങൾ ഉപയോഗിക്കലാണ്.

അപ്പോൾ നബി ﷺയുടെ 'വസ്ത്രത്തിലെ അടയാളമൊഴികെ' എന്ന വാക്ക് ചിത്ര നിർമ്മാണത്തെ ഒഴിവാക്കലല്ല. ഉപയോഗിക്കുന്നതിനെ മാത്രമാണ് ഹറാമിൽ നിന്നും ഒഴിവാക്കുന്നത്. മറ്റൊരു കാര്യം ഈ ഒഴിവാക്കപ്പെട്ടത് ഹറാമാക്കിയ ചിത്രങ്ങളാണോ അതല്ല അടയാളങ്ങൾ മാഞ്ഞ് അതിന്റെ രൂപം മറ്റൊന്നായി മാറിയ ചിത്രത്തിന്റെ വിഷയത്തിലാണോ എന്നതാണ്. ഞാൻ അഭിപ്രായപ്പെടുന്നത് 'വസ്ത്രത്തിലെ അടയാളമൊഴികെ' എന്നതിൽ ഞാൻ പറഞ്ഞത് തന്നെയാണ് (ഞാനത് പറയാം).

പക്ഷെ ഇപ്പോൾ താങ്കളുടെ ചോദ്യത്തിന്റെ മർമ്മം ഫോട്ടോ എടുക്കുന്നത് മാത്രമാണ്. അതിന്റെ ഉപയോഗവുമായി ബന്ധപ്പെട്ടതല്ല. കാരണം ചോദ്യം, ഫോട്ടോ എടുക്കാൻ അനുവദിക്കുന്നവർ

[7] സ്വഹീഹ് സുനനുതിർമിദിയിൽ കിതാബുൽ ലിബാസ് ഹദീസ് നമ്പർ 1750. അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്.

പറയുന്നുവെന്നായിരുന്നുവല്ലോ. ഫോട്ടോ ഉപയോഗിക്കുന്നവർ എന്നല്ല. അപ്പോൾ ചിത്രം നിർമ്മിക്കുന്നവർമാത്രമാണ് ഈ ഹദീസ് കൊണ്ട് തെളിവ് പിടിക്കുന്നത്. ചിത്രമെടുക്കുന്നത് ഹറാമിൽ നിന്നും ഒഴിവാക്കിയതായി അവർ തെറ്റിദ്ധരിച്ചിരിക്കുന്നു. ഫോട്ടോ ഉപയോഗിക്കുന്ന വിഷയത്തിലല്ല.

അതിനുള്ള തെളിവ് 'ഫോട്ടോയും നായയുമുള്ള വീട്ടിൽ മലക്കുകൾ പ്രവേശിക്കുകയില്ല.' ഇവിടെ 'വസ്ത്രത്തിലെ അടയാളമൊഴികെ' എന്ന് പറഞ്ഞിട്ടില്ല. അപ്പോൾ ഇവിടെ ബന്ധം ഫോട്ടോ ഉപയോഗിക്കുന്നതിനോടാണ് അത് ഉണ്ടാക്കുന്നതിനോടല്ല.

ഞാൻ പറയുന്നു; ഈ വരികളിലുള്ളതിന്റെ ചുരുക്കം: ശൈഖുൽ അല്ലാമ മുഹമ്മദ്ബ്നു ഇബ്രാഹീം റഹിമഹുല്ലാഹ് പറഞ്ഞത് ഇവിടെ നന്നായി തോന്നുന്നു. ''ഈ വിഷയത്തിൽ എതിരഭിപ്രായം പറഞ്ഞവർ 'വസ്ത്രത്തിലെ അടയാളമൊഴികെ' എന്ന ഹദീസുമായി ബന്ധപ്പെടുത്തുന്നത് സലഫുകളും ഇമാമുകളും സ്വീകരിച്ച നിലപാടും വിട്ട് ഒറ്റപ്പെട്ട അഭിപ്രായമാണ്. മുഹകമിനെക്കാൾ മുതശാബിഹിനെ മുന്തിക്കലുമാണ്. കാരണം വസ്ത്രത്തിലുള്ള അടയാളം ഒഴിവാക്കിയത് കൊണ്ട് ഉദ്ദേശിക്കുന്നത് ആത്മാവില്ലാത്ത ചിത്രങ്ങളായിരിക്കാനുള്ള സാധ്യതയുണ്ട്. ഇമാം അബൂസക്കരിയ്യ അന്നവവിയും മറ്റും പറഞ്ഞ പോലെ വൃക്ഷങ്ങളോ അത് പോലുള്ളതോ ആകാം. രണ്ടർത്ഥത്തിന് സാധ്യതയുള്ള ഒരു വാചകത്തെ ഒരർത്ഥത്തിന്റെ മേൽ ചുമത്തി, ഉറപ്പിച്ച് പറയുക സാധ്യമല്ല. മാത്രമല്ല വ്യാഖ്യാനത്തിന് സാധ്യതയില്ലാത്ത നിഷിദ്ധവുമായി ബന്ധപ്പെട്ട് വന്ന വ്യക്തതയുള്ള ഹദീസുകളോട് യോജിക്കുന്നതനുസരിച്ച് അതിലേക്ക് ചുമത്തൽ അനുവാര്യവുമാണ്. 'വസ്ത്രത്തിലെ അടയാളമൊഴികെ' എന്ന ഹദീസ് അതിന്റെ ബാഹ്യാർത്ഥത്തിൽ നിലകൊള്ളുന്നുവെന്ന് അംഗീകരിക്കുന്ന പക്ഷം ഹദീസിൽ നിന്നും മനസ്സിലാക്കേണ്ടത് ആ വസ്ത്രത്തിൽ മാത്രം അനുവദിക്കപ്പെടുന്നുവെന്നതാണ്. അപ്പോൾ ആ വസ്ത്രത്തിന് നൽകിയ അനുവാദം എല്ലാ കാര്യത്തിലും അനുവദനീയമാകുന്നതിനെ തേടുകയില്ല; കാരണം ആ വസ്ത്രത്തിലുള്ള ചിത്രം ഒന്നുകിൽ നിന്ദിക്കപ്പെട്ടതാകുന്നു. അല്ലെങ്കിൽ നിന്ദ്യതയെ ലക്ഷ്യമാക്കി പറഞ്ഞതാകാം.[8]

---

[8] അൽഅഖീദ: ഒന്നാം ഭാഗം, പേജ്: 101, ഹിജ്റ: 24.11.1373, പ്രസിദ്ധീകരണം: 1385.

# ശൈഖ് മുഹമ്മദ് നാസിറുദ്ദീൻ അൽബാനി റഹിമഹുല്ലാഹ്

## തൽസമയം സംപ്രേക്ഷണം ചെയ്യുന്ന ചിത്രം

## വീണ്ടുമത് തിരിച്ചെടുക്കാനാകുന്നതാണെങ്കിൽ അനുവദനീയമല്ല.

**ശേഷം ഒരു ചോദ്യകർത്താവ് അദ്ദേഹത്തോട് (അൽബാനിയോട്) ചോദിച്ചു:**

ഇതിൽ സംശയത്തിനിടയുണ്ട്. അനുവദനീയമെന്ന് പറഞ്ഞവരാണ് ഈ സംശയം ഉന്നയിച്ചിട്ടുള്ളത്. ഇപ്പോഴുള്ള തൽസമയ സംപ്രേക്ഷണം പകർത്തപ്പെടുന്ന സ്ഥലത്ത് ഒരിക്കലും സ്റ്റോർ ചെയ്യുന്നില്ല. ജനങ്ങളുടെ ചിത്രങ്ങൾ എടുക്കുന്ന അതേ നിമിഷത്തിൽ തന്നെ ടെലിവിഷനിൽ ചിത്രം എത്തുകയാണ്.

**ശൈഖ്:** തൽസമയ സംപ്രേക്ഷണവും ടെലിവിഷൻ തന്നെയാണ്.

**ചോദ്യകർത്താവ്:** ടെലിവിഷനിലെ തൽസമയ സംപ്രേക്ഷണവും? ശൈഖേ!

**ശൈഖ്:** താങ്കൾ കുറച്ച് കൂടി ചിന്തിക്കൂ. തൽസമയ സംപ്രേക്ഷണം രണ്ടാമതൊരു പ്രാവശ്യം പ്രദർശിപ്പിക്കാൻ സാധിക്കുകയില്ലേ?

**ചോദ്യകർത്താവ്:** സാധാരണ നിലയിൽ സാധ്യമാണ്.

**ശൈഖ്:** അത് തന്നെയാണ്.

**ചോദ്യകർത്താവ്:** അപ്പോൾ ഇവിടെയുള്ള പ്രശ്നം ചിത്രം സ്റ്റോർ ചെയ്യപ്പെടുന്നതിലാണോ?

**ശൈഖ്:** സമ്മതിച്ച് കൊണ്ട് 'അതെ' എന്ന് സൂചിപ്പിച്ചു.

# ശൈഖ് മുഹമ്മദ് നാസിറുദ്ദീൻ അൽബാനി റഹിമഹുല്ലാഹ്

## ടെലിവിഷൻ ചിത്രീകരണവും ഫോട്ടോഗ്രാഫി ചിത്രമെടുക്കലും തമ്മിലുള്ള വ്യത്യാസം.

**ചോദ്യം:** ടെലിവിഷൻ ചിത്രമെടുക്കുന്നതിന്റെയും ഫോട്ടോഗ്രാഫി ചിത്രമെടുക്കുന്നതിന്റെയുമിടയിൽ വ്യത്യാസമുണ്ടോ?

**മറുപടി:** വ്യത്യാസമില്ല. ളാഹിരിയാക്കളുടെ അടുക്കലല്ലാതെ.

*****

## പ്രബോധനം, അദ്ധ്യാപനം, മാർഗ്ഗനിർദ്ദേശം, തുടങ്ങിയവക്ക് ടെലിവിഷൻ മാധ്യമമായി സ്വീകരിക്കൽ അനുവദനീയമല്ല. പകരം സംവിധാനം നിലവിലുണ്ട്. അറിയുക, അത് റേഡിയോയാണ്.

**ചോദ്യം:** കുഫ്റിന്റെ നാടുകളിൽ പ്രബോധന പ്രചാരണങ്ങൾക്ക് ടെലിവിഷൻ ഉപയോഗപ്പെടുത്തൽ അനുവദനീയമാണോ?

ഇസ്ലാമിക രാജ്യത്തല്ല; കുഫ്റിന്റെ നാടുകളിൽ പിഴച്ച കക്ഷികളും വിഭാഗങ്ങളും ഈ സംവിധാനങ്ങൾ മുതലെടുത്ത് കൊണ്ട് അവരുടെ വിശ്വാസങ്ങൽ പ്രചരിപ്പിക്കുന്നു. അവർക്ക് മറുപടി കൊടുക്കുകയും, അഹലുസുന്നഃ വൽ ജമാഅഃ യുടെ ആദർശം വിശദീകരിക്കുകയും ചെയ്യേണ്ട നിർബന്ധിതാവസ്ഥയിലാണ്. പള്ളിയിലെത്തുന്ന കുറഞ്ഞ ആളുകളുടെയിടയിൽ നമ്മുടെ പ്രബോധനം പരിമിതമാകുകയാണ്. മാത്രമല്ല താങ്കൾക്കറിയുന്നത് പോലെ ഉറപ്പായും വീടുകളിൽ പ്രത്യേകിച്ച് കുഫ്റിന്റെ നാടുകളിലെ ഒരു വീട്ടിൽ തന്നെ ഒന്നിലധികം സംവിധാനങ്ങളുണ്ട്. ശിയാക്കൾ അവരുടെ ആശയങ്ങളും പ്രചരിപ്പിക്കുന്നു. വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന, ആഴ്ചകളിലെ പ്രോഗ്രാം സെക്ഷനുകൾ എല്ലാ

ദിവസവും നടക്കുന്നുണ്ട്. ഇപ്പോൾ അമേരിക്കൻ ഭരണകൂടം ഈ സംവിധാനം ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നവർക്ക് സാമ്പത്തിക ചിലവില്ലാതെ സൗകര്യങ്ങൾ ഒരുക്കുകയാണ്.

തന്റെ തന്നെ ചിത്രത്തിലൂടെയോ അല്ലെങ്കിൽ ശരിയായ അഖീദ വിശദീകരിക്കുകയോ പ്രസംഗിക്കുകയോ ചെയ്യുന്നവരുടെ ചിത്രങ്ങളിലൂടെയോ ഇതുമായി ബന്ധപ്പെട്ടവർക്ക് ഇത് ഉപയോഗപ്പെടുത്താൻ അനുവാദമുണ്ടോ? ഇല്ലയോ?

**മറുപടി**: ഇല്ല. പക്ഷെ, താങ്കൾ ചാട്ടം ആവശ്യമില്ലാത്ത വിഷയത്തിൽ മാൻപേട ചാടുന്നത് പോലെ ചാടുകയാണ്. ടെലിവിഷനിൽ നിന്നും പള്ളിയിലേക്കാണ് ചാട്ടം. ടെലിവിഷനെ മാറ്റിനിർത്താൻ ഇവിടെ വേറെ മാധ്യമമില്ലേ? റേഡിയോ മൂലം അതിന് കഴിയുമെന്നറിയണം. അപ്പോൾ എല്ലാ ഭവനത്തിലും ടെലിവിഷൻ കടന്ന് വന്നത് പോലെ, അവരിൽ ചിലർ, എല്ലാ ഭവനത്തിലേക്കും എന്ന് പറയുന്ന പ്രകാരം റേഡിയോ ശബ്ദവും എല്ലായിടത്തുമെത്തും. അങ്ങനെ വരുമ്പോൾ പ്രഭാഷകനും, ഉപദേശകനും, അദ്ധ്യാപകനും, കർമ്മ ശാസ്ത്ര പണ്ഡിതനും, ഹദീസ് വിശാരതന്മാരുമൊക്കെ സ്വന്തം നിലക്ക് പ്രത്യക്ഷപ്പെടാൻ മാത്രം താങ്കളുടെ ചോദ്യത്തിലെ, പ്രബോധന പ്രതിസന്ധി എവിടെ? തീർച്ചയായും വ്യക്തി തന്റെ ശബ്ദത്തിലൂടെയും ശരീരത്തിലൂടെയും രംഗത്ത് വരുന്നത് ജനങ്ങളിൽ പ്രതിഫലനം ഉളവാക്കുമെന്ന കാര്യത്തെ ഞാൻ നിഷേധിക്കുന്നില്ല. പക്ഷെ അത് നിർബന്ധ ഘട്ടത്തിന്റെ സെഷനിൽ പെടുന്നില്ല. ഉറപ്പായും അത് സമ്പൂർണതയിൽപെട്ടത് തന്നെയാണ്. നാം അടിസ്ഥാന നിയമത്തിലുള്ളത് പോലെ, ഫോട്ടോകളുണ്ട് എന്ന ആദ്യ പരിഗണന വെച്ച്കൊണ്ട് ടെലിവിഷൻ ഉപയോഗം നിഷിദ്ധമാണെന്ന ഏകാഭിപ്രായക്കാരായാൽ, അല്ലാഹുവിന്റെ തൃപ്തിയില്ലാത്ത മാർഗ്ഗങ്ങളിലാണ് അധിക സമയങ്ങളിലും ഈ സംവിധാനം പ്രവർത്തിച്ച് കൊണ്ടിരിക്കുന്നത്, എന്ന പരിഗണനയിലും നമുക്ക് യോജിക്കാൻ കഴിഞ്ഞാൽ ഈ മാധ്യമത്തെ നിയമപരമായി പ്രബോധനത്തിന്റെയും അദ്ധ്യാപനത്തിന്റെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും പേരിൽ അനുവദനീയമാക്കുന്ന സാഹചര്യം ഉണ്ടാകുന്നില്ല. മതനിയമങ്ങൾക്ക് എതിരില്ലാത്ത എതിർപ്പുകൾ ഉന്നയിക്കപ്പെടാത്ത പകര സംവിധാനമായ റേഡിയോ നമ്മുടെയടുക്കലുണ്ട്. ചോദ്യത്തിനുള്ള എന്റെ മറുപടി ഇതാണ്.

**ചോദ്യകർത്താവ്**: അവിടെയുള്ള ജനങ്ങളിൽ റേഡിയോ ഉപയോഗം വളരെ കുറവാണ്. നിലവിൽ റേഡിയോ ജനങ്ങൾക്ക് താൽപര്യമില്ല. ടെലിവിഷന് അമിതപ്രാധാന്യവുമുണ്ട്. ഞാനറിയുന്ന യാഥാർത്ഥ്യമാണ് പറയുന്നത്. റേഡിയോ ഉപയോഗം വിരളമാണ്. ഉപയോഗിക്കുന്നവർ പാട്ട് കേൾക്കാനും മറ്റുമാണ് ഉപയോഗിക്കുന്നത്. പ്രക്ഷേപണങ്ങൾ ധാരാളമാണ്. ഈ രാജ്യത്തെ ഖുർആൻ കരീമിന് വേണ്ടി മാത്രം തുറക്കപ്പെടുന്ന ഖുർആൻ സംപ്രേക്ഷണങ്ങൾ പോലെയല്ല. ടെലിവിഷൻ പ്രക്ഷേപണങ്ങൾ അമിതമായത് മൂലം പ്രയാസപ്പെടുകയാണ്. എൺപത്തിമൂന്ന് ചാനലുകളുണ്ട്. അതിൽ സകലതുമുണ്ട്. അതായത്

മതങ്ങൾക്ക് വേണ്ടിയും ചാനലുണ്ട്. അതിൽ ജൂതന്മാർക്കും ക്രിസ്ത്യാനികൾക്കും നിശ്ചയിക്കപ്പെട്ട സമയങ്ങളുമുണ്ട്. മുസ്ലീംങ്ങൾക്കുമുണ്ട്. പക്ഷെ ഇസ്ലാമിനെ പ്രതിനിധീകരിക്കുന്നത് ശിയാക്കളാണ്. ചിലപ്പോൾ ബിലാലികളും ഖാദിയാനികളും പങ്കെടുക്കുന്നു. സുന്നത്ത് ജമാഅത്തിന് വേണ്ടി അശ്അരികൾ സംസാരിക്കുന്നുണ്ട്. വിശ്വാസകാര്യങ്ങളിൽ അവരുടെ ആദർശമാണ് അവർ പ്രചരിപ്പിക്കുന്നത്.

**ശൈഖ്:–** നല്ലത്, കർമ്മശാസ്ത്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ മറുപടി പറയട്ടെ: അത്, ''പ്രയാസഘട്ടം നിഷിദ്ധമായതിനെ അനുവദനീയമാക്കും.'' ഞാൻ പറയുന്നു; ഇവിടെ പ്രയാസഘട്ടമില്ല!. കാരണം ടെലിവിഷന്റെ സ്ഥാനത്ത് റേഡിയോ ഉണ്ട്. പക്ഷെ ഞാൻ ഊഹിക്കാത്ത പുതിയൊരു കാര്യം താങ്കളിൽ നിന്ന് മനസ്സിലായി. അറബ് നാടുകളിൽ നിലവിലുള്ള റേഡിയോ സംപ്രേക്ഷണങ്ങളിലുള്ളത് ടെലിവിഷനിലും പ്രക്ഷേപണം ചെയ്യുന്നില്ല എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് എന്റെ മറുപടി. ഇനി ആ നാടുകളിൽ താങ്കൾ സൂചിപ്പിച്ചത് പോലെ ഇതിനെതിരാണ് കാര്യമെങ്കിൽ അതായത് റേഡിയോയിൽ പ്രസിദ്ധപ്പെടുത്തുന്നതെല്ലാം ടെലിവിഷനിലും വരുമെങ്കിൽ അപ്പോൾ എന്റെ മറുപടി ഇതല്ല. അതിന് മുമ്പ് താങ്കളുടെ വിവരണമനുസരിച്ചാണോ അല്ലെങ്കിൽ താങ്കളിൽ നിന്നും ഞാൻ മനസ്സിലാക്കിയത് പ്രകാരമാണോ കാര്യങ്ങൾ എന്ന് ഉറപ്പ് വരുത്തൽ അനിവാര്യമാണ്.

**ചോദ്യകർത്താവ്:** റേഡിയോയിൽ പബ്ലിഷ് ചെയ്യുന്നതെല്ലാം ടെലിവിഷനിൽ പബ്ലിഷ് ചെയ്യുന്നില്ല.

**ശൈഖ്:** ....................

**ചോദ്യകർത്താവ്:** ടെലിവിഷന് പ്രാധാന്യം നൽകുന്ന ജനങ്ങളുടെ ദീനിവിഷയങ്ങളെ സംബന്ധിച്ചാണ് ഞങ്ങൾ ശ്രദ്ധ ചെലുത്തുന്നത്. കാരണം ജൂതക്രിസ്തീയ ആരാധനാലയങ്ങൾ, പ്രത്യേകിച്ച് ഞായറാഴ്ചകളിൽ അവരിലെ പ്രഗൽഭരായ പാതിരിമാരെ നിയോഗിച്ച് മണിക്കൂറുകൾ നീണ്ട് നിൽക്കുന്ന ഗാനാലാപനങ്ങളും പ്രോഗ്രാമുകളും നടത്തുന്നു. കാഴ്ച കേൾവിയെപ്പോലെയല്ല. അത് ശക്തമായ സ്വാധീനം ചെലുത്തുന്നതുമാണ്. അങ്ങനെ വരുമ്പോൾ ഈ വൃത്തികെട്ട ഉപകരണം ആളുകളുപയോഗിക്കും. ഇത് നാം നേരിൽ കണ്ട് കൊണ്ടിരിക്കുന്ന, ജീവിക്കുന്ന യാഥാർത്ഥ്യമാണ്. പാട്ടിന് പ്രാധാന്യം നൽകുന്നവർ മാത്രമാണ് റേഡിയോ ഉപയോഗിക്കുന്നതും അപ്രകാരം നമസ്കാരം ഉപേക്ഷിക്കുകയും തോന്നിയതെല്ലാം പ്രവർത്തിക്കുകയും ചെയ്യുന്ന മുസ്ലീം സന്തതികളുടെ അവസ്ഥയും ഇത് തന്നെ. പാട്ടിന് വേണ്ടി മാത്രമാണ് അവരും റേഡിയോ ഉപയോഗിക്കുന്നത്.

മറ്റൊരു രീതിയിൽ താങ്കൾക്ക് ഞാൻ ഉദാഹരണം വഴി വിശദീകരിച്ച് തരാം. താങ്കളുടെ ഗ്രന്ഥത്തിൽ ഉള്ളത്പോലെ തക്ബീർ മുതൽ സലാംവീട്ടുന്നത് വരെയുള്ള നമസ്കാരത്തിന്റെ രീതി ടെലിവിഷൻ

സിഡിയിൽ താങ്കൾ തയ്യാറാക്കിയെന്ന് കരുതുക. അപ്പോൾ ജനങ്ങൾ വന്ന് പറയും താങ്കളെ നമുക്കറിയും ടെലിവിഷനിൽ താങ്കൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. നമുക്ക് മുമ്പറിയാത്ത കാര്യങ്ങളാണ് താങ്കൾ ചെയ്തത്. റേഡിയോയിൽ ഇത് ചെയ്തിരുന്നെങ്കിൽ ഞങ്ങൾക്ക് ഉറപ്പോടെ സ്വീകരിക്കാനാവില്ല.

**ശൈഖ് ഖണ്ഡിച്ചു**: മസ്അല വ്യത്യാസ്തപ്പെടുകയില്ല. ഞാൻ ചോദിക്കട്ടെ ഇത് ചെയ്തത് അങ്ങേ അറ്റത്തെ ആവശ്യഘട്ടത്തിലാണോ? അല്ല! കാരണം വിവിധ കർമ്മങ്ങളുള്ള ഹജ്ജ് പോലെയും മറ്റ് അമലുകൾ പോലെയുള്ള അമലിയായ ഒരു ഇബാദത്ത് മാത്രമാണ് നമസ്കാരം. ഒരു പ്രാസംഗികനെ കണ്ടാൽ അദ്ദേഹം ഇന്ന ആളാണ് അദ്ദേഹത്തിന്റെ ശബ്ദം റേഡിയോയിലും ടെലിവിഷനിലും കേട്ടിട്ടുണ്ട് എന്ന് ഭൂരിഭാഗം ജനങ്ങളും തിരിച്ചറിയുന്നതിൽ എന്തിരിക്കുന്നു. ഞാൻ മുമ്പ് പറഞ്ഞപോലെ വ്യക്തിയെ കാണാതെ ശബ്ദം കേൾക്കുന്നതിൽ പരിമിതപ്പെടുത്തുന്നതിനെക്കാൾ തന്റെ ശബ്ദത്തോടൊപ്പം വ്യക്തി പ്രത്യക്ഷപ്പെടുന്നത് കാഴ്ചക്കാർക്കും ശ്രോതാക്കൾക്കും ഉറപ്പായും ഫലം ചെയ്യും എന്നെനിക്കറിയാം. പക്ഷെ അടിസ്ഥാന നിയമത്തിൽ ഹറാമാക്കപ്പെട്ട ഒന്ന് പ്രവർത്തിക്കേണ്ടി വരുന്നതിനാൽ മതനിയമം അനുസരിച്ച് അനുവദിക്കപ്പെടാൻ പറ്റുന്നതാണോ ഇത്? അല്ല എന്നാണ് മറുപടി. അതിനാൽ റേഡിയോ ഉപയോഗം കൊണ്ട് മതിയാക്കേണ്ടതാണ്.

ഒടുവിൽ താങ്കളോട് പറയട്ടെ; ഒരു രാജ്യത്ത് റേഡിയോ സംവിധാനം ടെലിവിഷൻ സൗകര്യത്തിലേക്ക് പരിവർത്തിക്കപ്പെട്ടാൽ കാരണം ടെലിവിഷൻ രണ്ട് ഉത്തരവാദിത്വങ്ങൾ നിർവഹിക്കുമല്ലോ. ഒന്ന് റേഡിയോയുടെ ജോലി. രണ്ട്. പ്രസംഗകന്റെയോ അദ്ധ്യാപകന്റെയോ ശബ്ദത്തോടൊപ്പം ആ വ്യക്തിയെ ശ്രോതാക്കൾക്ക് പ്രദർശിപ്പിക്കും. അവിടെ റേഡിയോയുടെ ആവശ്യം ടെലിവിഷൻ പരിഹരിക്കുന്നതിനാൽ റേഡിയോ ഇല്ലെന്ന് തന്നെ കരുതുക. ആ സന്ദർഭത്തിൽ ടെലിവിഷൻ വഴി പ്രബോധനം നടത്താൻ ഞാൻ പറഞ്ഞാൽ ന്യായമുണ്ടെന്ന് കരുതാം. അപ്പോൾ ആദ്യ മാധ്യമം നിലനിൽക്കുന്നതിനാൽ പള്ളിപോലുള്ള ഇടുങ്ങിയ മണ്ഡലത്തിൽ മാത്രമല്ല വിശാലമായ പ്രദേശത്ത് പ്രബോധനം സാധ്യമാണ്. അതിനാൽ ഇസ്ലാമിക സേവനരംഗത്ത് ഉറച്ച് നിൽക്കുന്നവർക്ക് കാഫിരീങ്ങൾ അവരുടെ ആശയങ്ങൾ പ്രചരിപ്പിക്കാനുപയോഗിക്കുന്ന അവിശ്വാസികളുടെ മാധ്യമം ഉപയോഗപ്പെടുത്താൻ ഞങ്ങൾ അനുവാദം നൽകുകയില്ല.

*****

# ശൈഖ് മുഹമ്മദ് നാസിറുദ്ദീൻ അൽബാനി റഹിമഹുല്ലാഹ്

## ചിത്രമെടുക്കാൻ പാടില്ല എന്ന നിബന്ധന ക്ഷണിതാക്കളിൽ നിന്ന് വാങ്ങാതെ കോൺഫ്രൻസുകളിൽ പ്രസംഗകർ സംഭാഷണം നടത്തുന്നത് അനുവദനീയമല്ല.

**ചോദ്യകർത്താവ്:** എനിക്ക് ചോദിക്കാനുള്ളത് പ്രഭാഷണം നടത്തുന്നതിന് ഞാൻ ക്ഷണിക്കപ്പെട്ടുവെന്ന് കരുതുക. അവിടെ ചിത്രമെടുക്കുന്നതിനുള്ള സജ്ജീകരണങ്ങളുള്ളപ്പോൾ ഞാൻ പങ്കെടുക്കണമോ? അത് ഉപേക്ഷിക്കണമോ?

**ശൈഖ്:** ചിത്രമെടുക്കാൻ പാടില്ല എന്ന നിബന്ധയോടെ പങ്കെടുക്കുക. മുമ്പ് എനിക്കിത് സംഭവിച്ചിട്ടുണ്ട്. എന്നെ ജിദ്ദയിലുള്ള റിലീഫ് കമ്മിറ്റിയിലേക്ക് ക്ഷണിക്കപ്പെട്ടു. ടെലിവിഷൻ സാന്നിദ്ധ്യമുണ്ടായിരുന്നു. ഞാനതിൽ സംസാരിക്കണമെന്ന് അവർ ആഗ്രഹിച്ചു. ഞാൻ പറഞ്ഞു, ശരി പക്ഷെ ഈ ചിത്രീകരണമുണ്ടാകരുതെന്ന നിബന്ധനയുണ്ട്.

*****

# ശൈഖ് മുഹമ്മദ് നാസിറുദ്ദീൻ അൽബാനി റഹിമഹുല്ലാഹ്

## പണ്ഡിതരും പ്രബോധകരും ടെലിവിഷനിൽ പ്രത്യക്ഷപ്പെടുന്നത് അനുവദനീയമല്ല, അതിന്റെ ദോഷം അതിന്റെ നന്മയെക്കാൾ അധികമാണ്. നന്മകൾ വരുത്താൻ ശ്രമിക്കുന്നതിനെക്കാൾ തിന്മകൾ പ്രതിരോധിക്കുന്നതിനെയാണ് മുന്തിക്കേണ്ടത്.

**ചോദ്യം**: പണ്ഡിതന്മാരുടെയും പ്രബോധകരുടെയും നിലപാടിനെ സംബന്ധിച്ച്. ടെലിവിഷൻ കാണുന്നത് ദു:സ്വാധീനമുണ്ടാക്കുമെന്നതിന്റെ പേരിൽ ഈ ഉപകരണം തകർത്ത് കളയണമെന്ന് അഭിപ്രായപ്പെടുന്നവരുടെ വിധി എന്താണ്.

**ശൈഖ്**: മറുപടി താങ്കൾ മനസ്സിലാക്കിയത് തന്നെയാണ്. അല്ലാഹു താങ്കൾക്ക് ബർക്കത്ത് ചെയ്യട്ടെ. മുസ്ലിമിന്റെ ഭവനത്തിൽ ടെലിവിഷൻ പ്രവേശിപ്പിക്കൽ അനുവദനീയമല്ല എന്ന് തന്നെയാണ് നാമും പറയുന്നത്.

**ചോദ്യകർത്താവ്**: ടെലിവിഷൻ ഉപയോഗിക്കുന്നവരെ മാറ്റി എടുക്കാൻ വേണ്ടി ഞങ്ങൾ ശ്രമിക്കുകയാണെന്ന് പറയുന്നവരുണ്ട്. അധിക ജനങ്ങളുടെ വീടുകളിലും ടെലിവിഷനുണ്ടല്ലോ. അതിലെ തിന്മകളോടൊപ്പം ഇസ്ലാമിക പരിപാടികളും പലവിധ നന്മകളുള്ള സംഭവങ്ങളും തിരഞ്ഞെടുത്ത് അവതരിപ്പിച്ചാൽ മോശമായ സ്വാധീനത്തിനിടയിൽ പ്രയോജനകരമായ സ്വാധീനങ്ങളും ചെലുത്താൻ കഴിയും. എന്നാൽ ചിലർ ഈ തെളിവിന്റെ അടിസ്ഥാനത്തിൽ ഇത് സ്വീകാര്യമല്ലെന്നും ഈ ഉപകരണം വാങ്ങാൻ പാടില്ലെന്നും പറയുന്നു.

**മറുപടി**: എനിക്ക് മനസ്സിലായി; അതായത് ശ്രേഷ്ടനായ ഒരു പണ്ഡിതനോട് ഒരു ക്ലാസ്സ് എടുക്കാൻ ആവശ്യപ്പെടുകയും അത് ടെലിവിഷനിൽ ജനങ്ങൾക്ക് സംപ്രേക്ഷണം നടത്തുകയും ചെയ്യാമോ പാടില്ലേ? താങ്കളുടെ ഉദ്ദേശമതല്ലേ? ഞാൻ പറയുന്നു; ടെലിവിഷന്റെ തിന്മ അതിന്റെ നന്മയെക്കാൾ കുറവായിരുന്നെങ്കിൽ ഇക്കാര്യത്തോട് ഞാൻ യോജിക്കുമായിരുന്നു. എന്നാൽ അതിന്റെ തിന്മ ഖൈറിനെക്കാൾ വളരെ കൂടുതലാണ്. അത്കൊണ്ട് ഈ അഭിപ്രായം ഇവിടെ ബാധകമാകുകയില്ല. മാത്രമല്ല പിന്നീടത് വീടുകളിൽ ടെലിവിഷൻ കടന്ന് വരുന്നതിന് പ്രചരണമാകും. അതായത് പണ്ഡിതന്മാർ പ്രാസംഗികന്മാർ ഉപദേശകർ തുടങ്ങിയവരിൽ നിന്നും ഇന്ന വ്യക്തി ആഴ്ചയിൽ ഒരു ദിവസം അല്ലെങ്കിൽ രണ്ട് ദിവസം സവിശേഷമായ ക്ലാസ്സുകൾ ടെലിവിഷനിൽ അവതരിപ്പിക്കുന്നുണ്ട് എന്ന വിവരം ടെലിവിഷനില്ലാത്തവർക്ക് എത്തുകയും അത് കാരണമായി ടെലിവിഷന് തന്റെ വീട്ടിൽ ഒരിക്കലും സ്ഥാനം കൊടുക്കാത്തവരും അത് വാങ്ങുവാനുള്ള പ്രേരണയിലാവുകയും അതിനവൻ തയ്യാറാവുകയും ചെയ്യും. പിന്നീട് ആ ഉപകരണം അതല്ലാത്ത മറ്റ് കാര്യങ്ങളിലും ഉപയോഗിച്ച് തുടങ്ങും. അങ്ങനെ അവിടെ ഫസാദ് ഉടലെടുക്കും. അതിനാൽ ഇൽമിയായ അടിസ്ഥാന നിയമം ഈ വിഷയത്തിലും ബാധകമാണ്.

'നന്മകൊണ്ട് വരുന്നതിനെക്കാൾ മുന്നേ കുഴപ്പങ്ങളെ പ്രതിരോധിക്കുന്നതിനെയാണ് മുന്തിക്കേണ്ടത്.'

ഈ സന്ദർഭത്തിൽ മുമ്പ് ഞാൻ വിശദീകരിച്ച പ്രബോധനമാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. ഞാൻ മനസ്സിലാക്കിയ രൂപമതാണ്.[9]

ഞാൻ ചോദിക്കട്ടെ! എന്ത് പ്രയോജനമാണുള്ളതെന്ന് താങ്കൾ എനിക്ക് മറുപടി തരണം. ഉത്തരവാദിത്വപ്പെട്ട ഒരു സമിതിയോടൊപ്പം നിന്ന് കൊണ്ട് ടെലിവിഷൻ വഴി ചിട്ടപ്പെടുത്തിയ ഒരു ക്ലാസ്സ് ഞാൻ നടത്തുന്നു. എന്റെ ചിത്രം കാണുന്നതൊഴിച്ചാൽ ജനങ്ങൾക്ക് എന്ത് പ്രയോജനമാണുള്ളത്. എന്റെ ശബ്ദം കേൾക്കാൻ ടെലിവിഷൻ മാർഗ്ഗമല്ലാതെയും സാധിക്കും. അപ്പോൾ പ്രതീക്ഷിക്കപ്പെടുന്ന പ്രയോജനമോ പ്രതിഫലനമോ ഞാൻ എന്റെ രൂപത്തെ പ്രത്യക്ഷപ്പെടുത്തുന്നതിലില്ല.

അപ്പോൾ എന്റെ ശബ്ദം വെളിവാക്കുന്നതിതാണ്; ജനങ്ങൾക്ക് മറ്റെന്തെങ്കിലും പ്രയോജനമുണ്ടെന്ന കാരണത്തിന്റെ പേരിൽ ഈ പ്രവൃത്തി ന്യായീകരിക്കുന്നതിന്റെ പിന്നിൽ വലിയ ഫലമൊന്നുമില്ല. അതിനാൽ റേഡിയോ പ്രക്ഷേപണം വഴി അത് നിർവഹിക്കട്ടെ. ടെലിവിഷനിലൂടെയല്ല.

*****

[9] ശൈഖ് ഈ വാചകങ്ങൾ പൂർത്തിയാക്കാതെ ഞാൻ ചോദിക്കട്ടെ എന്ന വാചകത്തിലേക്ക് കടന്നു.

## ആദരണീയ പണ്ഡിതൻ

# അബ്ദുൽ അസീസ്ബ്നു ബാസിന്റെ ഉദ്ധരണികൾ

## ടെലിവിഷനിൽ പ്രത്യക്ഷപ്പെടുന്ന ആത്മാവുള്ളവയുടെ ചിത്രങ്ങൾ നിഷിദ്ധമായ ചിത്രമെടുക്കുന്നതിൽപ്പെടും.

**ചോദ്യം**: ടെലിവിഷൻ ഉപകരണം ചിത്രമെടുക്കുന്നതിന്റെ പരിധിയിൽ പ്രവേശിക്കുമോ? കഴിഞ്ഞ ആഴ്ചയിലെ ഫത്‌വയിൽ ഫോട്ടോഗ്രാഫി ചിത്രനിർമ്മാണം നിർബന്ധിതഘട്ടത്തിൽ പെട്ടതല്ല. അത് ഹറാമാണെന്ന് ഞങ്ങൾ കേട്ടു. ഈ ടെലിവിഷനിൽ പ്രത്യക്ഷപ്പെടുന്ന മോശമായ പ്രോഗ്രാമുകളിലെ ചിത്രങ്ങൾ മാത്രമാണോ ഹറാമായിട്ടുള്ളത്?

**മറുപടി**: എല്ലാ ഫോട്ടോ നിർമ്മാണവും നിഷിദ്ധമാണ്. നിർബന്ധിതാവസ്ത ക്ഷണിച്ച് വരുത്തുന്നതൊഴിച്ചാൽ ആത്മാവുള്ള ഏതിന്റെ ഫോട്ടോ എടുക്കുന്നതും നിഷിദ്ധമാക്കപ്പെട്ടതാണ്.

*****

# അബ്ദുൽ അസീസ്ബ്നു ബാസിന്റെ ഉദ്ധരണികൾ

## വീഡിയോ വഴി മതപഠനം നടത്തുന്നതിന്റെ വിധി.

**ചോദ്യം**: വീഡിയോ മാർഗ്ഗം കുളിപ്പിക്കലും കഫൻ പൊതിയലും പഠിപ്പിക്കുന്നതിന്റെ വിധി എന്താണ്.?

**ഉത്തരം**: ഫോട്ടോ നിർമ്മാണത്തെ നിരോധിച്ചും ഫോട്ടോ നിർമ്മിക്കുന്നവനെ ശപിച്ചും സ്വഹീഹായ ധാരാളം ഹദീസുകൾ ഉള്ളതിനാൽ വീഡിയോ മാർഗ്ഗമല്ലാതെ വിദ്യാഭ്യാസം നടത്തേണ്ടതാണ്.

*****

## ടെലിവിഷൻ അപകടമാണ്; അതിനെ തടയുകയും അതിലേക്ക് എത്തിച്ചേരുന്ന വാതിലുകൾ നിർബന്ധമായും അടച്ചിടുകയും ചെയ്യുക. അത് നിരോധിക്കുന്നവന് ആക്ഷേപമില്ല. അതിന്റെ തിന്മകളിൽ നിന്നും രക്ഷപ്പെടാമെന്ന് ആരെങ്കിലും ധരിച്ചാൽ അവന് ഗുരുതരമായ പിഴവ് സംഭവിച്ചിരിക്കുന്നു.

എഴുത്തുകാരൻ അബ്ദുല്ലാസഅദിനെ ഇബ്നുബാസ് റഹിമഹുല്ലാഹ് ഖണ്ഡിച്ചപ്പോൾ പറയുകയുണ്ടായി. ടെലിവിഷൻ അപകടകരമായ ഉപകരണമാണ്. അതിന്റെ ദൂഷ്യങ്ങൾ സിനിമയോ അതിനെക്കാൾ കഠിനമായ വിധം ഗുരുതരമാണ്. ഈ വിഷയത്തിൽ രചിക്കപ്പെട്ട ഗ്രന്ഥങ്ങളിൽ നിന്നും അറബിനാടുകളിലും പുറത്തുമുള്ള ഇതിനെ സംബന്ധിച്ചറിയുന്നവരുടെ വാക്കുകളിൽ നിന്നും ഇതിന്റെ അപകടങ്ങളും ആദർശത്തിലും സ്വഭാവത്തിലും സാമൂഹ്യാവസ്ഥയിലും സംഭവിക്കുന്ന ഒട്ടനവധി ദൂഷ്യങ്ങളും ഇത് ഉണ്ടാക്കുന്നതായി മനസ്സിലാക്കിയിട്ടുണ്ട്. ഇങ്ങനെ ഗുരുതര ഫലങ്ങൾ ടെലിവിഷൻ വഴി സ്ഥാപിക്കപ്പെടുകയാണ്. നീച സ്വഭാവങ്ങളുടെ ചിത്രീകരണങ്ങൾ, വഴി പിഴപ്പിക്കുന്ന രംഗങ്ങൾ, വഷളായതും അർദ്ധനഗ്നവുമായ ചിത്രങ്ങൾ, ഓക്കാനമുണ്ടാക്കുന്ന തരംതാണ സംഭാഷണങ്ങൾ, സത്യനിഷേധം ഛർദ്ദിക്കുന്ന പ്രബന്ധങ്ങൾ, അവിശ്വാസികളുടെ സ്വഭാവങ്ങളും മോഡലുകളും അനുകരിക്കുന്നതിനും അവരുടെ നേതാക്കന്മാരെയും പ്രമുഖന്മാരെയും ബഹുമാനിക്കുന്നതിനുള്ള പ്രേരണകളും മുസ്ലീംകളുടെ സ്വഭാവങ്ങളോടും വേഷങ്ങളോടുമുള്ള വിരക്തിയും മുസ്ലീം പണ്ഡിതന്മാരെയും ഇസ്ലാമിന്റെ നേതാക്കന്മാരെയും നിസ്സാരപ്പെടുത്തലും അവരോട് അറപ്പും വെറുപ്പുമുണ്ടാക്കുന്ന വേഷങ്ങളിൽ കഥാപാത്രങ്ങളെ അവതരിപ്പിക്കലും അങ്ങനെ അവരുടെ ചര്യകളിൽ നിന്ന് പിന്തിരിപ്പിക്കുകയും കൂടാതെ കൊള്ള, മോഷണം, സാമൂഹ്യതിന്മകൾ, ജനങ്ങൾക്കെതിരിലുള്ള കടന്നാക്രമണം തുടങ്ങിയവയുടെ നേർ ചലച്ചിത്ര വിവരണങ്ങൾ മൂലവും കുഴപ്പങ്ങൾ ഉടലെടുക്കുമെന്നതിൽ സംശയമില്ല. അതിൽ നിന്നും സമൂഹത്തെ തടയലും സംരക്ഷിക്കലും അതിലേക്ക് എത്തിപ്പെടുന്ന വാതിലുകൾ അടക്കലും നർബന്ധമാണ്. സന്മാർഗ്ഗികളായ സഹോദരങ്ങൾ അതിനെ എതിർക്കുകയും ജാഗ്രതപുലർത്തുകയും ചെയ്താൽ അവരെ ആക്ഷേപിക്കാൻ പാടുള്ളതല്ല. കാരണം അത് അല്ലാഹുവിനോടും അവന്റെ അടിമകളോടുമുള്ള ഗുണകാംക്ഷയിൽപ്പെട്ടതാണ്.

ഈ ടെലിവിഷൻ നിയന്ത്രിക്കപ്പെട്ടാൽ ഇത്തരം തിന്മകളിൽ നിന്നും രക്ഷ പ്രാപിക്കുമെന്നും പൊതു നന്മകളല്ലാതെ അതിൽ സംപ്രേക്ഷണം ചെയ്യുകയില്ലാ എന്നും ആർക്കെങ്കിലും ധാരണയുണ്ടെങ്കിൽ അവരുടെ പ്രതീക്ഷ അതിവിദൂരമാണ്. വമ്പിച്ച ധാരണാപിശക് സംഭവിച്ചിരിക്കുന്നു. നിരീക്ഷകൻ

അശ്രദ്ധനാണ് കാരണം ഇന്ന് ജനങ്ങളധികവും തന്റെ പ്രവർത്തിയിൽ അന്യരെ അനുകരിക്കുന്നതിലും മാതൃകയാക്കുന്നതിലുമാണ് താൽപര്യം. പ്രതീക്ഷ പൂവണിയുന്ന ആഗ്രഹിക്കാവുന്നതൊന്നും ഇവിടെയില്ല. പ്രത്യേകിച്ച് ഈ കാലഘട്ടത്തിൽ. ബഹുഭൂരിഭാഗം ജനങ്ങളും വിനോദങ്ങളിലും നേരം പോക്കിലും ആകൃഷ്ടരാണ്. സന്മാർഗ്ഗത്തിന് തടസ്സമാകുന്ന കാര്യങ്ങളിലാണ് ശ്രദ്ധ മുഴുവനും. പൗരസ്ത്യ ദേശങ്ങളിലെ ടെലിവിഷനും വാർത്താമാദ്ധ്യമങ്ങളും സാക്ഷ്യപ്പെടുത്തുന്ന യാഥാർത്ഥ്യം, ഇവയുടെ ദൂഷ്യങ്ങളെ തടയുന്നതിന് പര്യാപ്തമായ നിയന്ത്രണങ്ങളൊന്നും പ്രതീക്ഷിക്കേണ്ടതില്ല എന്ന വസ്തുതയാണ്. ഇഹത്തിലും പരത്തിലും സമൂഹത്തിന്റെ സന്മാർഗ്ഗ വിജയങ്ങൾക്ക് ഉതകുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിന് നമ്മുടെ ഭരണകൂടങ്ങൾക്ക് തൗഫീഖ് ഏകുവാൻ അല്ലാഹുവിനോട് നമുക്ക് പ്രാർത്ഥിക്കാം. അവരുടെ മാർഗ്ഗം നീ ശരിപ്പെടുത്തണേ നിശ്ചയം നീ അത്യധികം ഉദാരനും മാന്യനുമാണ്.

ലേഖകൻ അബ്ദുല്ലാസഅദിന്റെ പിഴവുകളെ സംബന്ധിച്ച് ഗുണകാംക്ഷയോടെ ഞാൻ ഉണർത്താൻ ഉദ്ദേശിച്ച കാര്യങ്ങളാണിവ. ലേഖകനും സകല മുസ്ലീംങ്ങൾക്കും ദീനിൽ അറിവ് ലഭിക്കുന്നതിനും നമ്മുടെ ദീനിന്റെയും ദുനിയാവിന്റെയും കാര്യത്തിലുള്ള എല്ലാ നന്മകൾക്കും തൗഫീഖ് ഉണ്ടാകുന്നതിനും പരിശുദ്ധനായ അല്ലാഹുവിനോട് നാം യാചിക്കുന്നു. അവൻ എല്ലാത്തിനും പോന്നവനാണ്. അല്ലാഹുവിന്റെ ഗുണങ്ങൾ അവന്റെ ശബ്ദം റസൂലുമായ മുഹമ്മദ് നബി ﷺയിലും കുടുംബത്തിലും സഹാബത്തിലും ഉണ്ടാകട്ടെ.

ഞാൻ വിവരിക്കട്ടെ: ശൈഖിന്റെ അവസാനകാലത്ത് മതനിയമപഠനത്തിന് ടെലിവിഷനും വീഡിയോയും ഫോട്ടോ എടുക്കലുമെല്ലാം അനുവദിക്കുന്ന സ്വഭാവമുണ്ടായിരുന്നുവെന്ന് നാം കേട്ടിട്ടുണ്ട്. എന്നാൽ ശൈഖിന്റെ മരണം വരെയും അദ്ദേഹത്തിന്റെ സംസാരത്തിൽ നിന്നും വ്യക്തമായിട്ടുള്ളതും ഇത് സംബന്ധമായ നിരവധി പഴയ ഫത്‌വകളിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ളതും അത് അനുവദനീയമല്ല എന്ന യാഥാർത്ഥ്യമാണ്. എങ്കിലും നിലവിൽ ഈ വിഷയത്തിൽ ഖണ്ഡിതമായ വാക്ക് ലഭിക്കാനും ഹൃദയങ്ങൾക്ക് സമാധാനത്തിനും വേണ്ടി നമുക്ക് ശൈഖിൽ നിന്നും ഇൽമ് നേടിയ അദ്ദേഹവുമായി ആത്മബന്ധമുണ്ടായിരുന്ന വ്യക്തി ഫളീലത്തു ശൈഖ് അല്ലാമ അബ്ദുൽ അസീസ്ബ്നു അബ്ദുള്ള റാജിഹിയോട് (അല്ലാഹു അദ്ദേഹത്തെ സംരക്ഷിക്കട്ടെ) നിജസ്ഥിതി ചോദിക്കാം.

**ബിസ്മില്ലാഹി റഹ്മാനി റഹീം.**

# ആദരണീയ പണ്ഡിതൻ

# അബ്ദുൽ അസീസ്ബ്നു അബ്ദുള്ളാ റാജിഹി

## (അല്ലാഹു അദ്ദേഹത്തിന് നല്ലത് വരുത്തട്ടെ).

അസ്സലാമു അലൈകും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു

**ചോദ്യം**: ബഹുമാന്യ പണ്ഡിതൻ അബ്ദുൽ അസീസ് ബുനുബാസ് വീഡിയോ ചിത്രമെടുക്കുന്നത് അനുവദനീയമാക്കി ഫത്വ നൽകിയിരുന്നുവെന്ന് ജനങ്ങളുടെയിടയിൽ സംസാര വിഷയമായിരിക്കുന്നു. അല്ലാഹു താങ്കളെ സംരക്ഷിക്കട്ടെ. താങ്കൾ ശൈഖുമായി അടുത്ത ബന്ധമുണ്ടായിരുന്ന ആളും അദ്ദേഹത്തിന്റെ വാക്കുകളെസംബന്ധിച്ച് നല്ലപോലെ അറിയുന്നവരുമാണ്. അതിനാൽ ഈ വിഷയത്തിൽ തൃപ്തികരമായ വിശദീകരണം അങ്ങയിൽ നിന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഉറപ്പായും സമൂഹങ്ങളുടെ ശിർക്കുകൾ അധികവും ഖബറുകളുടെയും ഫോട്ടോകളുടെയും വിഷയത്തിലാണ് സംഭവിച്ചിരിക്കുന്നത്. അപ്പോൾ വീഡിയോ ചിത്രമെടുക്കുന്നത് തെളിവുകൾ വ്യക്തമാക്കിയ ഫോട്ടോ നിർമ്മാണത്തിൽപ്പെടുമോ?

അല്ലാഹു താങ്കൾക്ക് നല്ല പ്രതിഫലം നൽകട്ടെ. താങ്കൾ മുഖേന ഇസ്ലാമിനും മുസ്ലീംങ്ങൾക്കും അല്ലാഹു ഉപകാരമുണ്ടാക്കട്ടെ.

**മറുപടി**: വ അലൈകുമുസ്സലാം വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു

അൽഹംദുലില്ലാഹി വസ്സലാത്തു വസ്സലാമു അലാ റസൂലില്ലാഹി നബിയ്യിനാ മുഹമ്മദിൻ വ അലാ ആലിഹീ വ സഹ്ബിഹീ വമൻ തവിഅഹു ബി ഇഹ്സാനിൻ ഇലാ യൗമിദ്ദീൻ. അമ്മാബഅദ്:

ബഹുമാന്യ പണ്ഡിതൻ അബ്ദുൽ അസീസ്ബ്നുബാസ് വീഡിയോ ചിത്രമനുവദിച്ചുകൊണ്ട് ഫത്വപുറപ്പെടുവിച്ചതായി ഞാനറിയുകയില്ല. ഐ ഡി കാർഡുകൾ, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ തുടങ്ങിയ നിർബന്ധിത ആവശ്യങ്ങൾക്കൊഴികെ നിരുപാധികം ഫോട്ടോ പാടില്ല എന്ന് ശൈഖ് ഫത്വ നൽകിയതേ എനിക്കറിവുള്ളൂ. നിർബന്ധഘട്ടത്തിൽ ചെയ്യുന്നതിന് അല്ലാഹുവിന്റെ വചനം തെളിവാണ്.

﴿وَقَدْ فَصَّلَ لَكُم مَّا حَرَّمَ عَلَيْكُمْ إِلَّا مَا ٱضْطُرِرْتُمْ إِلَيْهِ ۗ وَإِنَّ كَثِيرًا لَّيُضِلُّونَ بِأَهْوَآئِهِم بِغَيْرِ عِلْمٍ ۗ إِنَّ رَبَّكَ هُوَ أَعْلَمُ بِٱلْمُعْتَدِينَ ﴿١١٩﴾﴾ [الأنعام الآية: ١١٩].

''നിങ്ങൾക്ക് നിഷിദ്ധമാക്കിയത് അവൻ വിശദമാക്കിത്തന്നിട്ടുണ്ട്. നിങ്ങൾ നിർബന്ധിതരായിത്തീരുന്നത് ഒഴികെ. ധാരാളം പേർ യാതൊരു വിവരവുമില്ലാതെ തന്നിഷ്ടങ്ങൾക്കനുസരിച്ച് പിഴപ്പിച്ചുകൊണ്ടിരിക്കുകയാണ്. തീർച്ചയായും നിന്റെ റബ്ബ് അതിക്രമകാരികളെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രേ.'' (അൻആം:119)

ഈ രീതിയിലല്ലാത്തതെല്ലാം നിഷിദ്ധമാണ്. ഫോട്ടോ നിർമ്മിക്കുന്നവരെ ശപിക്കുന്നതും ശക്തമായ താക്കീതു നൽകുന്നതുമായ സ്വഹീഹായ ഹദീസുകളുമുണ്ട്. റസൂൽ ﷺ പറഞ്ഞു:

«لعن الله المصورين».

''രൂപമുണ്ടാക്കുന്നവരെ അല്ലാഹു ശപിച്ചിരിക്കുന്നു.''

റസൂൽ ﷺ യുടെ മറ്റൊരു വചനം:

«كل مصور في النار يجعل له بكل صورة صورها نفس يعذب بها في جهنم»،

''ഫോട്ടോ ഉണ്ടാക്കുന്ന എല്ലാവരും നരകത്തിലാണ്. അവനുണ്ടാക്കിയ എല്ലാ നഫ്സുകളുടെ രൂപത്തെയും അവന് സൃഷ്ടിച്ച് നൽകും. നരകത്തിൽ അവയെക്കൊണ്ട് ശിക്ഷ നൽകും''.

റസൂൽ ﷺ യുടെ വചനം വീണ്ടും:

«أشدّ الناس عذابًا يوم القيامة الذين يضاهون خلق الله».

''അന്ത്യദിനത്തിൽ ജനങ്ങളിൽ ഏറ്റവും കഠിന ശിക്ഷ ലഭിക്കുന്നവർ അല്ലാഹുവിന്റെ സൃഷ്ടികൾക്ക് സമാനമായവ സൃഷ്ടിച്ചവർക്കാണ് ''.

കാരണം ഫോട്ടോ ശിർക്കിന്റെ മാധ്യമങ്ങളിൽ പെട്ടതാണ്.

﴿وَقَالُوا۟ لَا تَذَرُنَّ ءَالِهَتَكُمْ وَلَا تَذَرُنَّ وَدًّا وَلَا سُوَاعًا وَلَا يَغُوثَ وَيَعُوقَ وَنَسْرًا ﴿٢٣﴾﴾ [نوح الآية:٢٣]،

‘‘അവർ പറഞ്ഞു (ജനങ്ങളെ) നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഅ് യഗൂഥ്, യഊഖ്, നസ്റ് എന്നിവരെ നിങ്ങൾ ഉപേക്ഷിക്കരുത്.’’ (സൂറത്തു നൂഹ് 23).

അല്ലാഹുവിന്റെ ഈ വചനം വിശദീകരിച്ച് കൊണ്ട് ഇബ്നുഅബ്ബാസ് رضي الله عنه വിൽ നിന്നും സ്വഹീഹുൽ ബുഖാരിയിൽ വരുന്നു. ഇവ നൂഹ് നബിയുടെ ജനതയിലുള്ള ചിലയാളുകളുടെ പേരുകളാണ്. അവർ മരണപ്പെട്ടപ്പോൾ ശൈത്വാൻ ആ ജനതക്ക് ദുർബോധനം നൽകി. അവർ ഒരുമിച്ച് കൂടുന്ന അവരുടെ സദസ്സുകളിൽ ചില കുന്തങ്ങൾ പ്രതിഷ്ഠിക്കുവാനും അവർക്ക് ഈ ആളുകളുടെ പേരുകൾ നൽകുവാനും ശൈത്വാൻ പറഞ്ഞു. അപ്രകാരമവർ ചെയ്തു ആരാധന നടത്തിയില്ല. എന്നാൽ ദീർഘകാലത്തിന് ശേഷം അവർ അവയെ ആരാധിച്ചു.

ഇബ്നു ഖയ്യിം റഹിമഹുല്ലാഹ് പറഞ്ഞു:

‘‘ധാരാളം സലഫുകളിൽ നിന്നും ഉദ്ധരിക്കപ്പെടുന്നു. അവരുടെ ഖബറുകളിൽ ഇവർ ഭജനമിരുന്നു. ശേഷം അവരുടെ രൂപങ്ങൾ നിർമ്മിച്ചു പിന്നീട് കുറച്ച്കാലം കടന്ന് പോയതിന് ശേഷം അവയെ അവർ ആരാധിച്ചു’’.

ആയിശ رضي الله عنها യുടെ ഹദീസിൽ സ്വഹീഹ് ബുഖാരിയിലും മുസ്ലിംമിലും സ്ഥിരപ്പെട്ട് വന്ന തെളിവ് ഇതിനെ ബലപ്പെടുത്തുന്നു.

أَنَّ أُمَّ حَبِيبَةَ وَأُمَّ سَلَمَةَ ذَكَرَتَا كَنِيسَةً رَأَيْنَهَا بِالْحَبَشَةِ فِيهَا تَصَاوِيرُ لِرَسُولِ اللهِ – صَلَّى اللهُ عَلَيْهِ وَسَلَّمَ – فَقَالَ رَسُولُ اللهِ – صَلَّى اللهُ عَلَيْهِ وَسَلَّمَ –: «إِنَّ أُولَئِكِ إِذَا كَانَ فِيهِمُ الرَّجُلُ الصَّالِحُ فَمَاتَ، بَنَوْا عَلَى قَبْرِهِ مَسْجِدًا، وَصَوَّرُوا فِيهِ تِلْكِ الصُّوَرَ، أُولَئِكِ شِرَارُ الْخَلْقِ عِنْدَ اللهِ يَوْمَ الْقِيَامَةِ»

‘‘ഉമ്മുഹബീബയും ഉമ്മുസലമയും ഹബ്ഷയിൽ വെച്ച് ഒരു ആരാധനാലയത്തിൽ ചില ഫോട്ടോകൾ കണ്ടു. റസൂൽ ﷺയോട് അവർ രണ്ട് പേരും അതിനെ സംബന്ധിച്ച് ചോദിച്ചു. റസൂൽ ﷺപറഞ്ഞു അവരിൽപ്പെട്ട സ്വാലീഹായ ഒരാൾ മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ ഖബറിന് മുകളിൽ അവർ ആരാധനാലയം നിർമ്മിക്കും. ആ മനുഷ്യന്റെ ചിത്രം അതിലവർ ഉണ്ടാക്കും. ഖിയാമം നാളിൽ അല്ലാഹുവിന്റെ അടുക്കൽ സൃഷ്ടികളിൽ ഏറ്റവും മോശക്കാർ അവരാണ്.’’(മുതഫഖുൻ അലൈഹി: 277)

അല്ലാഹുവാണ് തൗഫീഖ് ഏകുന്നവൻ. അല്ലാഹുവിന്റെ സലാത്തും സലാമും ബർക്കത്തും അവന്റെ അബ്ദും റസൂലുമായ നമ്മുടെ നബി മുഹമ്മദി ﷺന്റെ മേലും അവിടുത്തെ കുടുംബത്തിലും സ്വഹാബികളിലും അവരെ പിന്തുടരുന്നവരിലുമുണ്ടാകട്ടെ.[1]

****

# അബ്ദുൽ അസീസ്ബ്നു അബ്ദുള്ളാ റാജിഹി

## ഫോട്ടോ എടുക്കാതെ പ്രസംഗം റിക്കാർഡ് ചെയ്യൽ കൊണ്ട് മാത്രം സംതൃപ്തരാകേണ്ടതാണ്. ഫോട്ടോ ഇല്ലാത്ത, ശബ്ദം റിക്കാർഡുള്ള കാസറ്റുകൾ മാത്രം ഉപയോഗിക്കുക.

ബിസ്മി ഹംദ് സ്വലാത്ത് സലാമുകൾക്ക് ശേഷം.

തീർച്ചയായും പ്രഭാഷണങ്ങളുടെയും വിജ്ഞാന സദസ്സുകളുടെയും റിക്കാർഡ് ചെയ്യപ്പെട്ട കാസറ്റുകൾ ജനങ്ങൾക്ക് വലിയ പ്രയോജനവും വമ്പിച്ച ഫലവും ചെയ്യുമെന്നതിൽ സംശയമില്ല. കാരണം അവർ ശബ്ദം കേൾക്കുകയും അതിന്റെ ഉടമയെ തിരിച്ചറിയുകയും കേവല പുസ്തക വായനയെക്കാളധികം അതുകൊണ്ട് പ്രയോജനമെടുക്കുകയും ചെയ്യും. പക്ഷെ ഇതിന് വേണ്ടി ചിത്രങ്ങളടങ്ങുന്ന ഫിലിമുകൾ ആവശ്യമില്ല. ഒരിക്കലുമത് ഉപയോഗിക്കേണ്ട അനുവാര്യതയുമില്ല. ശബ്ദം റിക്കാർഡ് ചെയ്ത് കാസറ്റുകൾകൊണ്ട് ലക്ഷ്യം സാധിക്കുന്നതിനാൽ അത്കൊണ്ട് തൃപ്തരാകേണ്ടതാണ്. അല്ലാഹുവിന് സർവ്വസ്തുതിയും.

ഫിലിമുകളിലുള്ള സ്ത്രീകളുടെ ചിത്രങ്ങളിലെ ദൂഷ്യം ഗുരുതരമാണ്. അത് അനുവദനീയമല്ല. ശബ്ദം മാത്രമുള്ള ചിത്രമില്ലാത്ത കാസറ്റുകൾ ഉപയോഗിക്കുന്നത് കൊണ്ട് ലക്ഷ്യം നേടുന്നതാണ്. അല്ലാഹുവിന് സർവ്വ സ്തുതിയും.

---

(١) فتوى لفضيلة الشيخ عبد العزيز بن عبدالله الراجحي مصدرها موقعه الرسمي وكان تاريخ إضافتها ١٥ / ٤ / ١٤٢٤هـ - ١٥ / ٦ / ٢٠٠٣م.

**ചോദ്യകർത്താവ്:** അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ. ബഹുമാന്യശൈഖ്. ജനങ്ങളുടെ ദാരിദ്രവും മറ്റ് അവസ്ഥകളും വെളിപ്പെടുത്തുന്ന ഈ ചിത്രങ്ങൾ ഉപയോഗിച്ച് ആളുകൾക്ക് വ്യക്തമാക്കിക്കൊടുക്കാൻ സാധിക്കുമല്ലോ?

**ശൈഖ്:** അത് കഴിഞ്ഞ കാര്യമാണ്. അല്ലാഹുവിന് സ്തുതി. ഇനിയത് സൂക്ഷിക്കേണ്ട ആവശ്യമില്ല.

**ചോദ്യകർത്താവ്:** എങ്കിൽ മറ്റേതെങ്കിലും പ്രദേശങ്ങളിൽ സംഭവിച്ചാൽ?

**ശൈഖിന്റെ മറുപടിയിൽ നിന്നും:** ഞാൻ മനസ്സിലാക്കിയതനുസരിച്ച് അവിടെ ചിത്രമെടുക്കുന്നതിന്റെ നിർബന്ധിതാവസ്ഥ ഇല്ല. തീർച്ചയായും അവരെ സംബന്ധിച്ചുള്ള സംസാരവും അവരുടെ ആവശ്യങ്ങളുടെ വിശദീകരണവും അവർക്ക് ഇന്നത് ഇന്നത് സംഭവിച്ചു, എന്ന വിവരണവും ഇൻശാ അല്ലാഹ് മതിയാകുന്നതാണ്. കാരണം ചിത്രത്തിന്റെയും അതിന്റെ മറ്റ് ശാഖകളുടെയും വിഷയത്തിലുള്ള മുന്നറിയിപ്പ് ശക്തമാണ്. റസൂൽ ﷺ ഫോട്ടോയുടെ കാര്യത്തിൽ കഠിനമായ നിലപാട് സ്വീകരിച്ചു. അതിനാൽ അങ്ങേയറ്റം നിർബന്ധിത സാഹചര്യത്തിലല്ലാതെ അതിലേക്ക് എത്തിപ്പെടാൻ പാടില്ല.

റസൂൽ ﷺ പറഞ്ഞു:

«لعن الله آكل الربا، وموكله، ولعن المصور»

''പലിശ തിന്നുന്നവനെയും തീറ്റിപ്പിക്കുന്നവനെയും അല്ലാഹു ശപിച്ചിരിക്കുന്നു. ചിത്രമുണ്ടാക്കുന്നവനെയും ശപിച്ചിരിക്കുന്നു''.

റസൂൽ ﷺ പറഞ്ഞു:

«أشدُّ الناس عذابًا يوم القيامة المصورون»

''അന്ത്യദിനത്തിൽ ജനങ്ങളിൽ ഏറ്റവും കഠിന ശിക്ഷ ലഭിക്കുന്നത് ചിത്രമുണ്ടാക്കിയവർക്കാണ്''.

റസൂൽ ﷺ പറഞ്ഞു:

«كل مصور في النار»

''ചിത്രമുണ്ടാക്കുന്നവരെല്ലാം നരകത്തിലാണ്.''

ഈ ശക്തമായ താക്കീത് സൂചിപ്പിക്കുന്നത് ചിത്രരചന വൻപാപത്തിൽപ്പെടുമെന്ന് തന്നെയാണ്. അതിനാൽ അനുവദനീയമല്ല. ന്യായയുക്തിയിലധിഷ്ടിത തന്ത്രമുപയോഗിക്കാത്ത നിർബന്ധിത സാഹചര്യത്തിലല്ലാതെ ഒരിക്കലും ചിത്രമെടുക്കാൻ പാടില്ല.

**ചോദ്യകർത്താവ്**: അപ്പോൾ ഈ ശബ്ദ റിക്കോർഡ് കൊണ്ട് സംതൃപ്തരാകണം.

**ശൈഖ്**: അതെ.[1]

****

# പ്രശസ്ത പണ്ഡിതൻ ശൈഖ് മുഹമ്മദ്ബ്നു സ്വാലിഹ് ഉസൈമീൻ റഹിമഹുല്ലായുടെ ഫത്വകൾ

## അതിന്റെ ദോഷങ്ങൾ നന്മയെക്കാൾ കൂടുതലാണ്. ബുദ്ധിമാൻ തന്റെ വീട്ടിൽ വാർത്തകൾക്ക് വേണ്ടി പോലും അതിന് സൗകര്യം ചെയ്ത് കൊടുക്കരുത്.

ടെലിവിഷനിൽ നന്മയുണ്ടെന്ന് പറഞ്ഞവന്റെ വിഷയവുമായി ബന്ധപ്പെട്ട് പണ്ഡിത ശ്രേഷ്ഠൻ ഇബ്നു ഉസൈമീൻ റഹിമഹുല്ലാഹ് പറഞ്ഞു; അദ്ദേഹം അതിൽ ഖൈറുണ്ടെന്ന് പറഞ്ഞത് ശരിയാണ്. അതിൽ നന്മയുണ്ട്. പക്ഷെ നിലവിലെ സാഹചര്യത്തിൽ അതിന്റെ ദോഷങ്ങൾ നന്മയെക്കാൾ അധികമാണ്. തന്റെ വീട്ടിൽ വാർത്തകൾക്ക് വേണ്ടിപ്പോലും അത് അനുവദിച്ച് കൊടുക്കുന്നത് ബുദ്ധിമാന് യോജിച്ചതല്ല. കാരണമത് വാർത്തകളിൽ മാത്രം പരിമിതപ്പെടുത്തുകയില്ല. വാർത്തകളോടൊപ്പം മറ്റ് പലതും അതിൽ പ്രത്യക്ഷപ്പെടും. അതിനാൽ എന്റെ സഹോദരങ്ങളോടുള്ള ഉപദേശം; എവിടെയാണെങ്കിലും നിരുപാതികം ടെലിവിഷൻ ഉപേക്ഷിക്കേണ്ടതാണ്.[1]

****

(١) نور على الدرب، ش٤٦٠ ف١.

(١) سلسلة لقاء الباب المفتوح، ش١٧ د٣٠.

(٢) الشرح الممتع على زاد المستقنع، كتاب النكاح، باب الصداق. 1

## ടെലിവിഷൻ ഉപയോഗത്തിന് അവസരം നൽകൽ ബുദ്ധിമാന് യോജിച്ചതല്ല. അതിൽ നിന്നും അതിന് സൗകര്യം ചെയ്യുന്നതിൽ നിന്നും നിരുപാധികം നാം മുന്നറിയിപ്പ് നൽകുന്നു.

**വിഷയം**: റേഡിയോ, കാസറ്റ്, ടെലിവിഷൻ തുടങ്ങിയവയ്ക്ക് സൗകര്യം ചെയ്യൽ അനുവദനീയമാണോ?

**മറുപടി**: റേഡിയോ സൗകര്യവും കാസറ്റുകളും ഉപയോഗപ്പെടുത്താം, ടെലിവിഷനെ സംബന്ധിച്ച് കണിശമായും അതിൽ നിന്നും, അതിന് സൗകര്യം ചെയ്യുന്നതിൽ നിന്നും നിരുപാധികം പിന്മാറേണ്ടതാണെന്ന് നാം മുന്നറിയിപ്പ് നൽകുന്നു. നാം പറയട്ടെ ഒരു ബുദ്ധിമാൻ അതിന് സൗകര്യം നൽകൽ അനുയോജ്യമല്ല. ഇത് ഫിത്നയിൽ അകപ്പെടാതിരിക്കാനും അതിൽ ലയിച്ച് പോകാതിരിക്കാനും പൂർണമായും അതിൽ നിന്നും ശ്രദ്ധ തിരിക്കാനും വേണ്ടിയാണ്. പ്രചരിച്ച് കൊണ്ടിരിക്കുന്ന അതീവ ഗുരുതരമായ കാഴ്ചകളിൽ നിന്ന് തന്റെ സന്താനങ്ങളെ തടയുന്നതിന് ജാഗ്രത കാണിക്കുന്നിടത്തോളം അത് അനുവദിച്ച് കൊടുക്കാൻ സാധ്യമല്ല.[2]

# ശൈഖ് സ്വാലിഹ് ഇബ്നു ഉസൈമീൻ റഹിമഹുല്ലാഹ്

## വീട്ടിൽ നിന്നും ടെലിവിഷനെ പുറത്താക്കൽ

## അല്ലാഹുവിലേക്കുള്ള ഹിജ്റയിൽപ്പെട്ടതാണ്.

നബി ﷺ പറഞ്ഞു:

«اللهم أمض لأصحابي هجرتهم»

''അല്ലാഹുവേ എന്റെ സഹാബാക്കൾക്ക് അവരുടെ ഹിജ്റ നീ സ്ഥിരപ്പെടുത്തണേ (പൂർത്തിയാക്കണേ)''

ഇത് രണ്ട് ലക്ഷ്യങ്ങൾ കൊണ്ടുള്ള പ്രാർത്ഥനയാകാം.

ഒന്ന്:- ഈമാനിൽ അവരെ സ്ഥിരപ്പെടുത്തുക. കാരണം ഈമാനിൽ മനുഷ്യൻ ഉറച്ചാൽ ഹിജ്റയിലും ഉറപ്പുണ്ടാകും.

രണ്ട്: അല്ലാഹുവിലേക്കും റസൂലിലേക്കും മുഹാജിറുകളായി പുറപ്പെട്ടതിന് ശേഷം മക്കയിലേക്ക് അവരിൽ ആരും മടങ്ങി പോകാതിരിക്കാൻ വേണ്ടിയുള്ള പ്രാർത്ഥന. കാരണം നീ ഒരു നാട്ടിൽ നിന്നും അല്ലാഹുവിലേക്കും റസൂലിലേക്കും ഹിജ്റ ചെയ്തവനായാൽ നീ സദഖഃ ചെയ്ത സമ്പത്ത് പോലെയാണ്. അതിൽ മടക്കം സാധ്യമല്ല. ഇപ്രകാരമാണ് അല്ലാഹുവിന് വേണ്ടി മനുഷ്യൻ ഉപേക്ഷിച്ച എല്ലാ കാര്യവും; അതിൽ മടങ്ങുകയില്ല.

അപ്പോൾ ദൂഷ്യങ്ങളുടെ പേരിൽ ടെലിവിഷനിൽ നിന്നും വിട്ട് നിൽക്കുകയും അല്ലാഹുവിലേക്ക് തൗബ ചെയ്ത് മടങ്ങുകയും അങ്ങനെ അതിനെ തങ്ങളുടെ വീടുകളിൽ നിന്നും പുറംതള്ളുന്നതിന് തൗഫീഖ് ലഭിക്കുകയും ചെയ്തവർ ചോദിക്കുന്നു: ഇപ്പോൾ വീട്ടിലേക്ക് അതിനെ മടക്കിക്കൊണ്ട് വരാൻ സാധിക്കുമോ?

നാം പറയുന്നു: പാടില്ല. അല്ലാഹുവിന് വേണ്ടി നിങ്ങൾ നിഷ്കാസനം ചെയ്തതിനെ വീണ്ടും നിങ്ങൾ കൊണ്ട് വരരുത്. കാരണം ഒരാൾ അല്ലാഹുവിന് വേണ്ടി എന്തെങ്കിലും ഉപേക്ഷിക്കുകയും കൈവെടിയുകയും ചെയ്താൽ അതിലേക്ക് മടങ്ങുകയില്ല. ഇക്കാരണം കൊണ്ടാണ് സഹാബാക്കൾക്ക് അവരുടെ ഹിജ്റ സ്ഥിരപ്പെടുത്താൻ റസൂൽ ﷺ റബ്ബിനോട് പ്രാർത്ഥിച്ചത്.[1]

(١) شرح كتاب رياض الصالحين، الباب الأول: باب الإخلاص وإحضار النية.

# പണ്ഡിത ശ്രേഷ്ടൻ അബ്ദുള്ളാഹിബ്നു മുഹമ്മദ്ബ്നു ഹുമൈദി റഹിമഹുല്ലാ യുടെ ഫത്വകൾ

## ശറഅ് (മതനിയമം) അംഗീകരിക്കാത്ത വെറുക്കപ്പെട്ട കാര്യങ്ങളിൽ പെട്ടതാണ് ടെലിവിഷൻ. ബുദ്ധി അത് തൃപ്തിപ്പെടുകയില്ല. ശുദ്ധ പ്രകൃതി അതിനെ സ്വീകരിക്കുകയില്ല.

**ശൈഖ് റഹിമഹുല്ലാഹ് പറഞ്ഞു:-** ഈ കാലഘട്ടത്തിൽ വെറുക്കപ്പെട്ട കുറെ കാര്യങ്ങൾ ഉണ്ടായിട്ടുണ്ട്. മതനിയമം അവ അംഗീകരിക്കുകയില്ല. ശുദ്ധപ്രകൃതി അതിനെ സ്വീകരിക്കുകയുമില്ല. അവക്കെതിരിൽ നില കൊള്ളേണ്ടതും അതിശക്തമായ പ്രതിരോധം തീർക്കേണ്ടതും നിങ്ങൾക്ക് നിർബന്ധ ബാധ്യതയാണ്. അല്ലാഹുവിന്റെ പേരിൽ ജാഗ്രത പുലർത്തുന്നതിന് വേണ്ടി അവന്റെ ദീനിനെ സംരക്ഷിക്കുന്നതിന്നും ഹഖിന്റെ വചനം ഉയർത്തിപ്പിടിക്കുന്നതിനും അതനിവാര്യമത്രെ.

നിശ്ചയം ഇത് നിങ്ങളുടെ ശത്രുക്കൾക്കെതിരിൽ നിങ്ങൾ സഹായിക്കപ്പെടുന്നതിന് കാരണമാണ്. ഭൂമിയിൽ നിങ്ങൾക്ക് സൗകര്യം ലഭിക്കുന്നതിനും നിങ്ങളുടെ പ്രതാപവും അധികാരവും നിലനിൽക്കുന്നതിനും കാരണമാണ്.

﴿وَلَيَنصُرَنَّ ٱللَّهُ مَن يَنصُرُهُۥٓ إِنَّ ٱللَّهَ لَقَوِىٌّ عَزِيزٌ ﴿٤٠﴾﴾

''ആര് അല്ലാഹുവിനെ സഹായിച്ചോ അവനെ അല്ലാഹു സഹായിക്കുക തന്നെ ചെയ്യും. നിശ്ചയം അല്ലാഹു ശക്തനും പ്രതാപിയുമാകുന്നു''. (സുറ:ഹജ്ജ് 40)

﴿تَنصُرُوا۟ ٱللَّهَ يَنصُرْكُمْ وَيُثَبِّتْ أَقْدَامَكُمْ ﴿٧﴾﴾ [سورة محمد آية: ٧].

...നിങ്ങൾ അല്ലാഹുവിനെ സഹായിക്കൂ. അല്ലാഹു നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ച് നിർത്തുകയും ചെയ്യും. (സൂറ:മുഹമ്മദ്-7)

ഒട്ടധിക സ്ഥലങ്ങളിലും പ്രചരിച്ച് കഴിഞ്ഞ ഈ തെറ്റ്കുറ്റങ്ങൾക്കും അതിര് കവിഞ്ഞ സ്വഭാവ വൈകല്യങ്ങൾക്കും മ്ലേച്ഛമായ തരംതാഴ്ന്ന ചിത്രങ്ങൽക്കും ജനസമ്മതിയും അംഗീകാരവും

ലഭിക്കാതിരിക്കണമെങ്കിൽ അവയെ നിശ്ശേഷം ഉച്ഛാടനം ചെയ്യാനും പ്രതിരോധിക്കാനും നിർബന്ധപൂർവ്വം തിരക്കിട്ട പരിഹാര നടപടികൾ സ്വീകരിക്കേണ്ടത് വളരെ പ്രാധാന്യത്തോടെ കാണേണ്ടതാണ്. അല്ലെങ്കിൽ ഇവ ജനങ്ങളുടെ പൗരുഷവും മതവും മനുഷ്യത്വവും നശിപ്പിക്കുന്നതാണ്.

അല്ലാഹു സത്യം; നമ്മുടെ ശത്രുക്കൾ നമുക്കെതിരിൽ തീർത്ത കെണിയാണിത്. ഇതരരിൽ നിന്നും മുസ്ലീം സമൂഹത്തിന്റെ വ്യതിരിക്തത പ്രകടമാകുന്ന ഉത്തമ സ്വഭാവങ്ങളോടുള്ള അഭിനിവേശം നമ്മളിൽ നിന്നും ഉച്ഛാടനം ചെയ്യുക എന്ന ലക്ഷ്യമാണ് അതിനു പിന്നിൽ. അതിന്റെ ഫലമായി മുസ്ലീം സന്തതികളിൽ ഭൂരിഭാഗത്തിലും ശത്രുക്കളുടെ ലക്ഷ്യം നേടിയെടുത്ത അവസ്ഥയാണുള്ളത്.

''അല്ലാഹുവിനെ കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല''.

ടെലിവിഷന്റെ സാന്നിദ്ധ്യം പൗരസ്ത്യ ദേശങ്ങളിലുള്ളപോലെ നാടിന്റെ സിംഹഭാഗത്തിലും പ്രചരിച്ചുകഴിഞ്ഞു.[1]

ഞാൻ പറയട്ടെ (ലേഖകൻ): ടെലിവിഷന്റെ വിധി സംബന്ധമായി ഒരു സമ്പൂർണ്ണ ലേഖനം ശൈഖിനുണ്ട്.

ഇബ്നുഖാസിം ദുററുസുന്നിയ്യയുടെ. « فَصْلٌ فِي أَنَّ مِنْ أَعْظَمِ المَلَاهِي وَأَشَدِّهَا فَسَادًا التِلْفِزْيُون». (ടെലിവിഷൻ ആപത്തുകളിൽ ഭയാനകം കുഴപ്പങ്ങളിൽ ഭീബൽസം) എന്ന അദ്ധ്യായത്തിന് കീഴിൽ ആ ലേഖനം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശൈഖ് അബ്ദുറഹ്മാൻബ്നു മുഹമ്മദ് ബ്നുഖാസീം റഹിമഹുല്ലാഹ് പറയുന്നു.[2]

''**അദ്ധ്യായം**: അത്യധികം ഭയാനകവും ആപൽക്കരവും കൈപ്പേറിയതും സ്വഭാവഗുണങ്ങൾക്കും മതമൂല്യങ്ങൾക്കും ഗുരുതര ഭവിഷ്യത്തുകൾ ഉണ്ടാക്കുന്നതും കുടുംബങ്ങളുടെ തകർച്ച ക്ഷണിച്ച് വരുത്തുന്നതുമായ ഒന്നാണ് ഈ കാലഘട്ടത്തിലുണ്ടായ ടെലിവിഷനെന്ന നാമകരണത്തിലറിയപ്പെടുന്ന ഉപകരണം. ഈ വിഷയത്തിൽ ശൈഖ് അബ്ദുള്ളാബിനു മുഹമ്മദ്ബ്നു ഹുമൈദി ടെലിവിഷന്റെ കുഴപ്പങ്ങളുടെ ഗൗരവവും വഷളത്തരങ്ങളും വിവരിച്ചത് തന്നെ അത് വെടിയുവാൻ മതിയായതാണ്''.

അദ്ദേഹത്തിന്റെ ലേഖനം പൂർണമായും ഈ ഗ്രന്ഥത്തിന്റെ രണ്ടാം സെഷനിൽ അവസാനം ഞങ്ങൾ ചേർത്തിട്ടുണ്ട്.

---

(١) الدرر السنية (١٥/ ٣١) وذلك في نصيحته لولي العهد في وقته.

(٢) صاحب الدرر السنية في الجزء الخامس عشر الصفحة ٢٣٠.

# പ്രസിദ്ധ ഹദീസ് പണ്ഡിതൻ

# ശൈഖ് അഹ്മദ്ബ്നു യഹ്‌യ അന്നജ്മി ഹഫിളഹുല്ലാഹ്

## പ്രബോധകർ ടെലിവിഷനിലും ചാനലുകളിലും പ്രത്യക്ഷപ്പെടുന്നത് എതിർക്കപ്പെടേണ്ടതാണെന്നതിൽ സംശയമില്ല.

**ചോദ്യം**: ടെലിവിഷനിലും ചാനലുകളിലും പ്രബോധകർ പ്രത്യക്ഷപ്പെടുന്നതിനെ സംബന്ധിച്ച താങ്കളുടെ അഭിപ്രായം എന്താണ്?

**മറുപടി**: ഇക്കാലത്ത് അത് അനിവാര്യമായ കാര്യങ്ങളിൽപ്പെട്ടതായി തീർന്നിരിക്കുന്നു എന്നല്ല. ഈ കാലഘട്ടത്തിന്റെ നിർബന്ധിതാവസ്ഥയിൽപ്പെട്ടതാണെന്ന് പറയപ്പെടുന്നു. പക്ഷെ ഈ പ്രബോധനത്തെ സംബന്ധിച്ച് അവൻ ഏതൊന്നിലേക്കാണ് ക്ഷണിക്കുന്നതെന്ന് ചിന്തിച്ച് നോക്കേണ്ടതാണ്. അപ്പോൾ സ്ക്രീനിൽ പ്രത്യക്ഷപ്പെട്ട് പ്രബോധനം നടത്തുന്നത് എതിർക്കപ്പെടേണ്ടതാണെന്ന് ബോധ്യം വരും എന്ന് മാത്രമല്ല. അവന്റെ പ്രബോധനം ഏതിലേക്കന്നതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും തരംതാഴ്ന്ന പ്രവർത്തനവുമാകും.[3]

****

# സുപ്രസിദ്ധ ഹദീസ് പണ്ഡിതൻ

# റബീഅ്ബ്നുഹാദി അൽമദ്ഖലി ഹഫിളഹുല്ലാഹ്

## ശൈഖ് ഹഫിളഹുല്ലാഹ് ചില ചാനലുകാരുടെ ക്ഷണത്തെ അതിൽ പ്രത്യക്ഷപ്പെടേണ്ടി വരുന്നതിനാൽ തള്ളിക്കളയുകയും, അതിൽ പ്രഭാഷണങ്ങളും സെമിനാറുകളും നടത്തുന്നവരെ വിമർശിക്കുകയും ചെയ്തു.

---

(٣) مفرغ من شريط «لقاء مفتوح» نهاية الشريط.

ശൈഖ് റബീഅ് ഹഫിളഹുല്ലാഹ് ടെലിവിഷൻ പ്രബോധനം നിരസിച്ച ധാരാളം സന്ദർഭങ്ങളുണ്ട്. അദ്ദേഹത്തിന്റെ ശിഷ്യൻ ശ്രേഷ്ഠ പണ്ഡിതനായ ശൈഖ് ഖാലിദ് ളുഫൈരി[1] ഇത് നമുക്ക് വിവരിച്ച് തന്നിട്ടുണ്ട്.

അതിൽപ്പെട്ട ഒരു സംഭവം: ഒരു വിദേശ ചാനൽ ഒരിക്കൽ അദ്ദേഹത്തെ പങ്കെടുപ്പിച്ച് ടെലിവിഷൻ മാർഗ്ഗം ഒരു സെമിനാറോ സംഭാഷണമോ നടത്തുന്നതിനായി അദ്ദേഹവുമായി നിർബന്ധപൂർവ്വം കൊണ്ട് പോകുന്നതിന് ബന്ധപ്പെട്ടു. അപ്പോൾ ശൈഖ് അവർക്ക് നന്ദി പറയുകയും ഫോട്ടോ എടുക്കുന്നതിന്റെ വിലക്കിനെ സംബന്ധിച്ച് വ്യക്തമാക്കിക്കൊടുക്കുകയും ചെയ്തു. മുക്കാൽ മണിക്കൂറോളം അദ്ദേഹം സംസാരിച്ചത് ചിത്രമെടുക്കുന്നതിനെ സംബന്ധിച്ചും അതിന്റെ ഹറാമിനെ സംബന്ധിച്ചും മാത്രമായിരുന്നു. അങ്ങനെ അവരുടെ ക്ഷണത്തിൽ നിന്നും ശൈഖ് ഒഴിഞ്ഞുമാറി.

മറ്റൊരു സംഭവം: ഒരു പ്രാവശ്യം പ്രസിദ്ധരായ ശൈഖുമാരിൽപ്പെട്ട രണ്ട് പേരുടെ ഇസ്ലാമിക കോളേജിൽ സംഘടിപ്പിച്ച പ്രഭാഷണത്തിന് വേണ്ടി ഞാനും ശൈഖിനോടൊപ്പം പോയിരുന്നു. ഞങ്ങൾ കാറിൽ നിന്നും ഇറങ്ങുന്നതിന് മുമ്പ് വെളിയിൽ സഊദിയുടെ ടെലിവിഷൻ വാഹനം കണ്ടു. ഞാനത് പറഞ്ഞപ്പോൾ ശൈഖ് എന്നോട് നീ പോയി അവിടെ ചിത്രമെടുക്കുന്നുണ്ടോയെന്ന് നോക്കാൻ ആവശ്യപ്പെട്ടു. ഞാൻ നോക്കിയപ്പോൾ അവിടെ ക്യാമറകളും ചിത്രമെടുക്കലും നടക്കുന്നത് കണ്ടു. ഈ വിവരം പറഞ്ഞപ്പോൾ ശൈഖ് പറഞ്ഞു വീട്ടിലേക്ക് വിട്ടോ. പ്രഭാഷണത്തിന് എന്റെ ബാപ്പ പങ്കെടുക്കും!. പിന്നീട് കുറച്ച് സമയത്തിന് ശേഷം പ്രഭാഷണങ്ങൾ നടത്തിയവരെ ബന്ധപ്പെട്ട് അവരെ വിമർശിക്കുകയും ചെയ്തു.

## മുതിർന്ന പണ്ഡിതന്മാരുടെ ബോർഡ് മീറ്റിംഗിൽ ശൈഖ് റബീഅ് ബ്നു ഹാദി അൽമദ്ഖലി പണ്ഡിതന്മാർ ടെലിവിഷനിൽ സന്നിഹിതരാകുന്നതിനെ സംബന്ധിച്ചുള്ള തന്റെ അഭിപ്രായം വ്യക്തമാക്കുന്നു.

(١) من مشاركة للشيخ خالد الظفيري في مقال «إجتماع الشيخ ربيع المدخلي في جلسة هيئة كبار العلماء وإدلائه برأيه حول خروج المشائخ في التلفاز» الذي نشر في شبكة سحاب السلفية المنبر الإسلامي بتاريخ ١٠- ٣-٢٠٠٤ إفرنجي.

1

ശൈഖ് മാഹിർബ്നു സ്വാഫിറുൽ ഖഹ്താനി[1] പറയുന്നു; എന്നോട് ബഹുമാന്യ ശൈഖ് റബീഇബ്നുഹാദി അൽ മദ്ഖലി പറഞ്ഞു:

ബഹു: ശൈഖ് അബ്ദുൽ അസീസ്ബ്നുബാസ് റഹിമഹുല്ലാഹ് ഒരു ദിവസം അദ്ദേഹത്തെ മുതിർന്ന പണ്ഡിതന്മാരുടെ ഒരു ബോർഡ് മീറ്റിംഗിലേക്ക് ക്ഷണിച്ചു. കുടുക്കുള്ള ചില വൈജ്ഞാനിക പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് വേണ്ടിയായിരുന്നു. ആ സമയം സദസ്സ്, ടെലിവിഷനിൽ പണ്ഡിതന്മാർ പ്രത്യക്ഷപ്പെടുന്നത് സംബന്ധമായ സംസാരത്തിലായിരുന്നു.

അങ്ങനെ ആ മജ്ലിസിൽ ശൈഖ് അബ്ദുൽ അസീസും ശൈഖ് റബീഉം മശാഇഖുകളും ഇരുന്നു ചർച്ച തുടങ്ങി. ചിലത് നിഷേധിക്കപ്പെട്ടു. ശൈഖ് റബീഅ് എന്നോട് പറഞ്ഞതനുസരിച്ച്; സദസ്സിലുണ്ടായിരുന്നവരിൽ ചിലർ ടെലിവിഷനിൽ പ്രത്യക്ഷപ്പെടുന്നതിനെ അനുവദിക്കുന്ന അഭിപ്രായം പ്രകടിപ്പിക്കുന്നത് പോലെയുണ്ട്. (അദ്ദേഹത്തിനല്ലാഹു തൗഫീഖ് ചെയ്യട്ടെ. ബിദഇകൾക്കെതിരിൽ അല്ലാഹു അദ്ദേഹത്തെ സഹായിക്കട്ടെ. അല്ലാഹു നമ്മെ കൊണ്ടും അദ്ദേഹത്തെ കൊണ്ടും സുന്നത്തിന് ശക്തിപകരട്ടെ).

അപ്പോൽ ശൈഖ് അബ്ദുൽ അസീസ്ബ്നുബാസ് ശൈഖ് റബീഇനോട് പറഞ്ഞു. ഓ! ശൈഖ് റബീഅ് താങ്കൾ സംസാരിക്കൂ. അങ്ങനെ ശൈഖ് എഴുന്നേറ്റു. (അദ്ദേഹത്തിന്റെ യോഗ്യത അല്ലാഹു വർദ്ധിപ്പിക്കട്ടെ). സദസ്സിന്റെ സ്ഥാനത്തെയോ എതിരഭിപ്രായക്കാരെയോ അദ്ദേഹം ഭയന്നില്ല. അദ്ദേഹം വിശ്വസിക്കുന്ന സത്യം വ്യക്തമാക്കിക്കൊണ്ട് പറഞ്ഞു. ഞാൻ അഭിപ്രായപ്പെടുന്നത് ശൈഖന്മാർ ടെലിവിഷനിൻ പ്രത്യക്ഷപ്പെടരുതെന്നാണ്. അവരുടെ ഗാംഭീര്യവും സ്ഥാനവും ടെലിവിഷനിൽ പ്രത്യക്ഷപ്പെടുന്നതിനെ നിരസിക്കുന്നതിലൂടെ അവർ കാത്തു സൂക്ഷിക്കേണ്ടതാണ്.[2] نور على الدرب ൽ അവർ ചുരുക്കിക്കൊള്ളട്ടെ. ചില മശാഇഉകൾ അദ്ദേഹത്തിന്റെ അഭിപ്രായത്തെ പ്രശംസിച്ചു.

ശൈഖ് റബീഅ് എന്നോട് പറഞ്ഞതനുസരിച്ച് ശൈഖ് സ്വാലിഹ് ലുഹൈദാൻ ഹഫിളഹുല്ലാഹ് അതിൽപ്പെട്ട വ്യക്തിയാണ്. അദ്ദേഹം (റബീഅ്) എന്നോട് പറഞ്ഞു. ആ ദിവസം എന്റെ മനസ്സിൽ അദ്ദേഹത്തോട് മതിപ്പ് തോന്നി.

---

1 ശൈഖ് സ്വാലിഹ് അൽ ഫൗസാന്റെ വിദ്യാർത്ഥിയും معرفة السنن والآثار മാസികയുടെ ഡയറക്ടറുമാണ്. ഇതേ മാസികയിൽ ഹിജ്റ 01.11.1425-ൽ അദ്ദേഹം എഴുതിയ ലേഖനത്തിൽ നിന്നും ഉദ്ധരിക്കുന്നത്.

2 ശ്രോതാക്കളുടെ ചോദ്യങ്ങൾക്ക് കിബാറുൽ ഉലമയുടെ മറുപടിയുള്ള ദിവസവും നടക്കുന്ന റേഡിയോ പ്രോഗ്രാം.

## ബഹുമാനപ്പെട്ട ഹദീസ് പണ്ഡിതൻ

# മുഖ്ബിൽ ഇബിനു ഹാദി അൽ വാദീ റഹിമഹുല്ലാഹ്

### നാം ഇസ്തിഖാമ (ഉറച്ച് നിൽക്കൽ) കൊണ്ട് കൽപ്പിക്കപ്പെട്ടവരാണ്. മറ്റുള്ളവരെ നന്നാക്കുന്നതിന്റെ പേരിൽ നാം പാപം ചെയ്യുന്നവരാകരുത്.

**ചോദ്യം**: പണ്ഡിതന്മാർ ടെലിവിഷനിൽ പ്രത്യക്ഷപ്പെടുന്നതിന്റെ മാനദണ്ഡം എന്താണ്? അത് നിരുപാധികം നിഷിദ്ധമല്ലയോ?

**മറുപടി**: ടെലിവിഷന്റെ വിഷയത്തിൽ ഉദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തിപരമായി പറയാൻ സാധിക്കുമോ? അതല്ല ഭരണകൂടം പ്രക്ഷേപണം ചെയ്യുന്നുവെന്നതിനാൽ അവരുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായ അഭിപ്രായം ഞാൻ പറഞ്ഞാൽ അതവർ സ്വീകരിക്കുമോ? അതിനാൽ ഈ പ്രശ്നത്തിൽ ഗുണദോഷം ഉൾക്കൊള്ളുമെന്ന് പ്രതീക്ഷിക്കപ്പെടുന്നില്ല. അഭിപ്രായ പ്രകടനത്തിന്റെ കാര്യവുമില്ല. ടെലിവിഷനിൽ ഫോട്ടോകളുണ്ട്.

നബി ﷺ പറഞ്ഞു

«لا تدخل الملائكة بيتًا فيه كلب ولا صورة»

''പട്ടിയും ചിത്രവുമുള്ള വീട്ടിൽ മലക്കുകൾ പ്രവേശിക്കുകയില്ല''.

ടെലിവിഷനിൽ സ്ത്രീകളിലേക്കുള്ള നോട്ടവും സ്ത്രീകൾ പുരുഷന്മാരിലേക്കുള്ള നോട്ടവും ഉണ്ടാകുന്നു.[1]

നബി ﷺ പറഞ്ഞു:

«كتب على ابن آدم نصيبه من الزّنا، مدرك ذلك لا محالة، فالعينان زناهما النّظر، والأذنان زناهما الاستماع، واللّسان زناه الكلام، واليد زناها البطش، والرّجل زناها الخطا، والقلب يهوى ويتمنّى، ويصدّق ذلك الفرج ويكذّبه»

(١) صحيح الجامع الصغير ٧٢٦٢.

''ആദം സന്തതികളുടെ മേൽ വ്യഭിചാരത്തിൽ നിന്നും ഒരു ഓഹരി രേഖപ്പെടുത്തിയിരിക്കുന്നു. അത് കണ്ടുമുട്ടുമെന്നതിൽ സംശയമില്ല. അപ്പോൾ രണ്ട് കണ്ണുകളുടെ വ്യഭിചാരം നോട്ടമാണ്. രണ്ട് ചെവികളുടെ വ്യഭിചാരം കേൾക്കലാണ്. നാവിന്റെ വ്യഭിചാരം സംസാരമാണ്. കയ്യുടെ വ്യഭിചാരം പിടുത്തമാണ്. കാലിന്റെ വ്യഭിചാരം ചവിട്ടടികളാണ്. ഹൃദയം വ്യാമോഹിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു. ഗുഹ്യസ്ഥാനം അതിനെ സാക്ഷാൽക്കരിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്നു''.[2]

ബറക്കത്ത് പ്രതാപശാലിയും മഹാനുമായ അല്ലാഹുവിൽ നിന്നാകുന്നു. ചെറിയ സദസ്സുകളിൽ പറയപ്പെടുന്ന എത്ര വാക്കുകളാണ് അല്ലാഹു അവ അടിമകൾക്കും നാടിനും ഉപകാരപ്പെടുന്നതാക്കിയത്. അതിന്റെ പ്രചാരം അമേരിക്കയിലും ബ്രിട്ടനിലും മറ്റ് സ്ഥലങ്ങളിലുമെത്തുന്നു. വാർത്താമാധ്യമങ്ങൾ പല പ്രാവശ്യം ആവർത്തിച്ച എത്രയോ വചനങ്ങൾ ഒടുവിൽ മാർക്കറ്റ് തകർന്ന് ഒരു ഫലവുമില്ലാത്തതായി മാറുന്നു. അതിൽ നിന്നും ഒരു പ്രയോജനവും ലഭിക്കുന്നില്ല. നാം ഇസ്തിഖാമത്ത് കൊണ്ട് കൽപ്പിക്കപ്പെട്ടവരാണ് മറ്റുള്ളവരെ നന്നാക്കുന്ന കാരണത്താൽ നാം പാപം സമ്പാദിക്കുന്നവരാകരുത്.

﴿وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى ٱلْخَيْرِ وَيَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ ۚ وَأُو۟لَـٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿١٠٤﴾﴾ [آل عمران: ١٠٤].

''നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപ്പിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമൂഹം നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ.'' (ആലുഇംറാൻ 104).

ഇനിയും എന്ത് കൊണ്ട് അവർ പ്രക്ഷേപണം ഒഴിവാക്കി സ്വയം പ്രാപ്തരാകുന്നില്ല. ടെലിവിഷനിന്റെ വിഷയത്തിൽ സംസാരിച്ചത് തന്നെ വീണ്ടും സംസാരിക്കുന്നു.

സമൂഹത്തിന്റെ അഭയാർത്ഥികളായി ജീവിക്കുന്ന ചില പണ്ഡിതന്മാരുടെ വിഷയം ഖേദകരമാണ്. അവർക്ക് ഹലാൽ സമൂഹം ഹലാലാക്കുന്നതാണ്. ഹറാം സമൂഹം ഹറാമാക്കുന്നതാണ്. ബിദ്അത്തിന്റെ പേരിൽ സുന്നത്തിനെയും, വിവരക്കേടിന് വേണ്ടി ഇൽമും കൈവിടാതിരിക്കൽ പണ്ഡിതന്മാർക്ക് നിർബന്ധമാണ്.[3]

*****

---

(٢) صحيح الجامع الصغير ٤٤٧٦.

(٣) «تحفة المجيب» سؤال رقم ٢٠٢.

# മുഖ്ബിൽ ഇബിനു ഹാദി അൽ വാദീ റഹിമഹുല്ലാഹ്

## വാർത്തകൾ അറിയുന്നതിന് ടെലിവിഷൻ സൗകര്യം ചെയ്ത് കൊടുക്കുന്നതിന്റെയും അതിലേക്ക് നോക്കുന്നതിന്റെയും വിധി.

**ചോദ്യം**: വാർത്തകളറിയുന്നതിന് വേണ്ടി ടെലിവിഷൻ സൗകര്യം ചെയ്ത് കൊടുക്കുന്നതിന്റെയും അതിലേക്ക് നോക്കുന്നതിന്റെയും വിധി എന്താണ്?

**ഉത്തരം:–** അനുവദനീയമല്ല. ചിത്രങ്ങളുള്ളതിനാൽ മാത്രമല്ല, അധാർമ്മികതയും ദുർമ്മാർഗ്ഗങ്ങളുമുണ്ടാകുന്നു. കവർച്ചാരീതികൾ പഠിപ്പിക്കപ്പെടുന്നു.

നബി ﷺ പറഞ്ഞു:

«لا تدخل الملائكة بيتًا فيه كلب ولا صورة»

''നായയും ചിത്രവുമുള്ള വീട്ടിൽ മലക്കുകൾ പ്രവേശിക്കുകയില്ല''.[1]

നബി ﷺ ആയിഷ رضي الله عنها യുടെ വീട്ടിൽ പ്രവേശിക്കാൻ ഉദ്ദേശിച്ചപ്പോൾ ചിത്രപ്പണികളുള്ള ഒരു കർട്ടൻ അവരുടെ വീട്ടിൽ മറക്കാനുപയോഗിച്ചിരിക്കുന്നത് കണ്ടു. അതിൽ രൂപങ്ങളുണ്ടായിരുന്നു. അപ്പോൾ റസൂൽ ﷺ പറഞ്ഞു.

«إنّ من أشدّ النّاس عذابًا يوم القيامة، الّذين يصوّرون هذه الصّور»

''ഖിയാമം നാളിൽ ജനങ്ങളിൽ ശിക്ഷ അതി കഠിനമായവൻ ഇത്തരം ചിത്രങ്ങൾ നിർമ്മിക്കുന്നവരാണ്. എന്നിട്ട് നബി ﷺ അത് കീറിക്കളഞ്ഞു''.[2]

ബുഖാരിയിലും മുസ്ലിമിലും അബൂഹുറൈറ رضي الله عنه ൽ നിന്നും റിപ്പോർട്ട് ചെയ്യുന്നു. നബി ﷺ പറഞ്ഞു;

---

(١) صحيح الجامع الصغير ٧٢٦٢.

(٢) حديث ٦١٠٩ باب الأدب صحيح البخاري.

يقول الله سبحانه وتعالى: «ومن أظلم ممّن ذهب يخلق كخلقي، فليخلقوا ذرّةً، أو ليخلقوا حبّةً، أو شعيرةً»

‘‘അല്ലാഹു സുബ്ഹാനഹു വ തആല പറയുന്നു: ‘‘എന്റെ സൃഷ്ടിപ്പ് പോലെ സൃഷ്ടിക്കാൻ ശ്രമിക്കുന്നവനെക്കാൾ ഏറ്റവും വലിയ അക്രമി ആരാണ്. അവൻ ഒരു അണുവിനെ സൃഷ്ടിക്കട്ടെ, അല്ലെങ്കിൽ ഒരു ധാന്യമോ ഒരു ബാർലിമണിയോ സൃഷ്ടിക്കട്ടെ’’.[3]

വാർത്തകൾ അവതരിപ്പിക്കുന്നത് സ്ത്രീയാണെങ്കിൽ പുരുഷൻ അവളിലേക്ക് നോക്കുന്നു. മഹാനും പ്രതാപിയുമായ അല്ലാഹു പറയുന്നു.

﴿قُل لِّلْمُؤْمِنِينَ يَغُضُّوا۟ مِنْ أَبْصَـٰرِهِمْ وَيَحْفَظُوا۟ فُرُوجَهُمْ ۚ ذَٰلِكَ أَزْكَىٰ لَهُمْ ۗ إِنَّ ٱللَّهَ خَبِيرٌۢ بِمَا يَصْنَعُونَ ﴿٣٠﴾﴾ [النور:٣٠].

‘‘(നബിയേ) താങ്കൾ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും ഗുഹ്യ അവയവങ്ങൾ കാത്തു സൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു’’.(അന്നൂർ - 30)

ഇനി അവതാരകൻ പുരുഷനാണെങ്കിൽ സ്ത്രീ അവനിലേക്ക് നോക്കുന്നവളായിരിക്കും. പ്രതാപശാലിയും മഹാനുമായ അല്ലാഹു പറയുന്നു:

﴿وَقُل لِّلْمُؤْمِنَـٰتِ يَغْضُضْنَ مِنْ أَبْصَـٰرِهِنَّ وَيَحْفَظْنَ فُرُوجَهُنَّ﴾ [النور:٣١].

‘‘സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും (നീ പറയുക)’’. (അന്നൂർ - 31).

റേഡിയോ വാങ്ങി അതിൽ നിന്നും വാർത്തകൾ കേൾക്കാൻ സൗകര്യപ്പെടുന്നതാണ് അല്ലാഹുവിന് സ്തുതി.[4]

(٣) مُتفقٌ عليه.

(٤) (تحفة المُجيب) السؤال رقم ٢١٨.

# മുഖ്ബിൽ ഇബിനു ഹാദി അൽ വാദി റഹിമഹുല്ലാഹ്

## കൺവെൻഷനുകളിലും പ്രഭാഷണങ്ങളിലും പണ്ഡിതന്മാരുടെ ചിത്രമെടുക്കൽ.

**ചോദ്യം**: കൺവെൻഷനുകളിലും പ്രഭാഷണങ്ങളിലും പണ്ഡിതന്മാരുടെ ചിത്രമെടുക്കുന്നതിന്റെ വിധി എന്താണ്. ഫോട്ടോയിൽ നിന്നും അനുവദനീയമായത് എന്താണ്?

**മറുപടി**: ചിത്രമെടുക്കൽ നിഷിദ്ധമാണ്. നബി ﷺ പറഞ്ഞു:

**«لا تدخل الملائكة بيتًا فيه كلب ولا صورة»**

''നായയും ചിത്രവുമുള്ള വീട്ടിൽ മലക്കുകൾ പ്രവേശിക്കുകയില്ല''.[1]

നബി ﷺ പറഞ്ഞു:

**«لعن الله المصوّرين»**

''ചിത്രമുണ്ടാക്കുന്നവരെ അല്ലാഹു ശപിച്ചിരിക്കുന്നു''.[2]

ജാമിഅ് തിർമിദിയിൽ അബൂഹുറൈറ رضي الله عنه റിപ്പോർട്ട് ചെയ്ത ഹദീസിൽ നബി ﷺ പറഞ്ഞു:

**«يَخْرُجُ عُنُقٌ مِنَ النَّارِ يَوْمَ الْقِيَامَةِ لَهُ عَيْنَانِ تُبْصِرَانِ وَأُذُنَانِ تَسْمَعَانِ وَلِسَانٌ يَنْطِقُ يَقُولُ إِنِّي وُكِّلْتُ بِثَلَاثَةٍ بِكُلِّ جَبَّارٍ عَنِيدٍ وَبِكُلِّ مَنْ دَعَا مَعَ اللهِ إِلَهًا آخَرَ وَبِالْمُصَوِّرِينَ»**

''അന്ത്യദിനത്തിൽ നരകത്തിൽ നിന്നും ഒരു പിരടി പുറപ്പെടും അതിന് കാണുന്ന രണ്ട് കണ്ണുകളും കേൾക്കുന്ന രണ്ട് ചെവികളുമുണ്ട്. സംസാരിക്കുന്ന നാവുമുണ്ട്. അത് പറയും മൂന്ന് പേരുടെ കാര്യം എന്നെ ഏൽപ്പിക്കപ്പെട്ടിരിക്കുന്നു. അടിച്ചമർത്തുന്ന എല്ലാ സ്വേച്ഛാധിപതികളെയും, അല്ലാഹുവിനൊപ്പം മറ്റൊരു ആരാധ്യനെ വിളിച്ച് പ്രാർത്ഥിക്കുന്ന എല്ലാവരെയും, ചിത്രങ്ങൾ ഉണ്ടാക്കുന്നവരെയും''.[3]

---

(١) صحيح الجامع الصغير ٧٢٦٢.

(٢) أخرجه البخاري بلفظ: «...ولعن المصورين»، باب الطلاق، حديث رقم ٥٣٤٧.

(٣) أخرجه الترمذي في باب صفة جهنم حديث رقم ٢٧٧٥ ع

അലങ്കാരപ്പണിയുള്ള വിരിപ്പ് കൊണ്ട് മറച്ചിരുന്ന ആയിശ യുടെ ഭവനത്തിൽ പ്രവേശിക്കാൻ അതിൽ ചിത്രമുണ്ടായിരുന്നതിന്റെ പേരിൽ നബി ﷺ വിസമ്മതിച്ചു.

തടിയുള്ള ചിത്രമല്ലാതെ ഹറാമാകുകയില്ല എന്ന് പറയുന്നർക്കെതിരിൽ വരുന്ന ഒരു തെളിവ് കൂടിയാണിത്. ആയിശ رضي الله عنها ന്റെ ആ വിരിപ്പ് കീറിക്കളയുന്നത് വരെ നബി ﷺ അവരുടെ വീട്ടിൽ കയറുന്നതിന് വിസമ്മതിച്ചു. മാത്രമല്ല നബി ﷺ പറയുകയും ചെയ്തു.

«إنّ من أشدّ النّاس عذابًا يوم القيامة، الّذين يصوّرون هذهالصّور»

''അന്ത്യദിനത്തിൽ ജനങ്ങളിൽ ശിക്ഷ അതികഠിനമായവർ ഇത്തരം രൂപങ്ങളുണ്ടാക്കുന്നവരാണ്''.[4]

ചിത്രത്തിൽ അനുവദിക്കപ്പെടുന്നത് ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, കാർഡ് പോലുള്ളവക്കാണ്. അതിന്റെ പാപം ഭരണകൂടത്തിനാണ്.[5]

*****

# മുഖ്ബിൽ ഇബിനു ഹാദി അൽ വാദീ റഹിമഹുല്ലാഹ്

## മിമ്പറുകളിൽ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവരുടെ ചിത്രമെടുക്കുന്നത് മതദ്രോഹമാണ് (വഴികേടാണ്).

ഒരു പ്രബോധകൻ (മാഷാ അല്ലാഹ്) ജനങ്ങളോട് പറയുകയാണ്. ഓ ജനങ്ങളെ! നിങ്ങൾ റസൂലുല്ലാഹി സല്ലല്ലാഹു അലൈഹി വഅലാ ആലിഹി വസല്ലമയുടെ സുന്നത്ത് നിർബന്ധപൂർവ്വം സ്വീകരിക്കുക. റസൂൽ ﷺ യുടെ സുന്നത്ത് മുറുകേ പിടിക്കൂ. എന്നാൽ അദ്ദേഹം റസൂലുല്ലാഹി ﷺ ക്ക് എതിര് പ്രവർത്തിക്കുന്നവനുമാണ്. എന്തൊരു വിരോധാഭാസം!

(٤) حديث ٦١٠٩ باب الأدب صحيح البخاري.
(٥) (تحفة المُجيب) السؤال رقم ٣٢.

റസൂൽ ﷺ അലി رضي الله عنه നോട് കൽപ്പിച്ചു: ‘‘ഉയർത്തപ്പെട്ട ഒരു ഖബറും നിരപ്പാക്കാതെ വിടരുത്. ഒരു ചിത്രവും നശിപ്പിക്കാതെ വിടരുത്. ഇവിടെ (ചിത്രം) എന്ന പദം എല്ലാ ചിത്രങ്ങളെയും ഉൾപ്പെടുത്തി. ശേഷം ഉണ്ടാകുന്നതായാലും അവയേയും നിഷേധിക്കുന്ന രൂപത്തിൽ ‘നക്കിറ’ ആയിട്ടാണ് വന്നിട്ടുള്ളത്’’.

ഒരു ശ്രേഷ്ട വ്യക്തിയുടെ ഫത്‌വയിൽ ടെലിവിഷനിൽ വ്യക്തി ചിത്രമായി വരുന്നത് അദ്ദേഹം അനുവദിച്ചിരിക്കുന്നു. അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതിന്ന് വേണ്ടി വീഡിയോ ചിത്രമെടുക്കുന്നതും അനുവദിച്ചിരിക്കുന്നു.

നാം അല്ലാഹുവിന്റെ ദീനിൽ അധികാരമേൽപ്പിക്കപ്പെട്ടവരല്ല. റബ്ബുൽ ഇസ്സത്ത് പറയുന്നു:

﴿وَمَا ٱلنَّصۡرُ إِلَّا مِنۡ عِندِ ٱللَّهِ﴾ [آل عمران: ١٢٦].

‘‘സഹായം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവിങ്കൽ നിന്നു മാത്രമാകുന്നു’’. (ആലുഇംറാൻ 126)

ദഅ്‌വത്തിന് വേണ്ടി അല്ലാഹു ഉദ്ദേശിക്കാത്ത ഒരു കാര്യം നിശ്ചയിക്കാൻ നമുക്ക് സാധ്യമല്ല. റസൂൽ ﷺ യുടെ സുന്നത്ത് മുറുകെ പിടിച്ച് ഉറച്ച് നിൽക്കുന്നവരാകുവാനല്ലാതെ ഒന്നും അല്ലാഹു സുബ്ഹാനഹു വ തആല നമുക്ക് നിശ്ചയിച്ചിട്ടില്ല.[1]

വീണ്ടും ശൈഖ് റഹിമഹുല്ലാഹ് പറയുന്നു:- പള്ളിയിൽ ജനങ്ങളെ സംബോധന ചെയ്തുകൊണ്ട് പ്രഭാഷകൻ നിൽക്കുകയും അദ്ദേഹത്തിന് അഭിമുഖമായി ക്യാമറ തിരിച്ച് വെക്കുന്നതും വളരെ മോശമായ കാര്യമാണ്. അപ്രകാരം തന്നെയാണ് മിനയിലും അറഫയിലും ഹാജിമാരുടെ ചിത്രമെടുക്കലും അറഫയിലെ പള്ളിയിലും, മസ്ജിദുൽ ഹറാമിലും, ജനനിബിഡമായ മറ്റ് മഹത്തായ സ്ഥലങ്ങളിലും ചിത്രം പകർത്തുന്ന ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്നതും. തൽസമയ സംപ്രേക്ഷണവും ഹറാമിൽപ്പെടും. അതിനും ചിത്രമെന്ന പ്രയോഗമുണ്ട്. ജനങ്ങൾ ഫോട്ടോ എന്ന് പേര് വിളിക്കുന്നു. അപ്പോൾ അതും നിഷിദ്ധമാക്കപ്പെട്ടതാണ്.[2]

---

(١) إجابة السائل ص ٢٤٩.

(٢) حكم التصوير ص ٧٠. 1

## ബഹുമാന്യ പണ്ഡിതവര്യന്‍

# സ്വാലിഹുല്‍ ഫൗസാന്‍ ഇബ്നു ഫൗസാന്‍ ഹഫിളഹുല്ലാഹ്.

## വീഡിയോ ചിത്രമെടുക്കല്‍ നിര്‍ബന്ധിതാവസ്ഥയിലല്ലാതെ അനുവദനീയമാകുകയില്ല.

**ചോദ്യം**:- മതനിയമങ്ങള്‍ പഠിപ്പിക്കുന്നതിന് വീഡിയോ സിനിമപോലുള്ള അദ്ധ്യാപന മാര്‍ഗ്ഗങ്ങള്‍ ഉപയോഗപ്പെടുത്തുന്നതിന്റെ വിധി എന്ത്? അതായത് മതവിഷയങ്ങളായ ഫിഖ്ഹും തഫ്സീറും അത് പോലുള്ളതും? അതില്‍ ഷറഇയായ അപകടമുണ്ടോ? ഞങ്ങള്‍ക്ക് ഫത്‌വ നല്‍കിയാലും.

**മറുപടി**:- ഉറപ്പായും അത് അനുവദനീയമല്ലെന്ന് ഞാന്‍ അഭിപ്രായപ്പെടുന്നു. കാരണം ചിത്രങ്ങളുമായി ഇടപഴകേണ്ടിവരും. ചിത്രം ഹറാമാണ്. അതിലേക്ക് പ്രേരിപ്പിക്കുന്ന നിര്‍ബന്ധ സാഹചര്യങ്ങള്‍ ഇപ്പോഴില്ല. അല്ലാഹുവാണ് കൂടുതലറിയുന്നവന്‍.[1]

ഞാന്‍ പറയുന്നു (ഗ്രന്ഥകര്‍ത്താവ്): മാഹിര്‍ബ്നുസ്വാഫിറുല്‍ ഖഹ്ത്വാനി ഹഫിളഹുല്ലാഹ് അദ്ദേഹത്തിന്റെ ശൈഖ് കൂടിയായ പണ്ഡിതന്‍ സ്വാലിഹ്ബ്നുല്‍ ഫൗസാനുല്‍ ഫൗസാനെ ഉദ്ധരിച്ചിരിക്കുന്നു.:- കരവിരുതില്‍ നിര്‍മ്മിക്കപ്പെടുന്ന ഫോട്ടോയും ഉപകരണ സഹായത്തോടെയുള്ള ഫോട്ടോയും നിഷിദ്ധത്തിന്റെ വിഷയത്തില്‍ വ്യത്യാസമില്ല. അത് ക്യാമറയില്‍ പകര്‍ത്തിയ നിശ്ചല ചിത്രമാകട്ടെ വീഡിയോ ടെലിവിഷനുകളിലെ ചിത്രങ്ങളാകട്ടെ. ഈ നവീനമാര്‍ഗ്ഗങ്ങളും ചിത്രനിരോധനത്തിന്റെ പൊതു താല്‍പര്യത്തില്‍പ്പെടുന്നതാണ്. സ്വാഹീഹുല്‍ ബുഖാരിയില്‍ വന്ന ഹദീസ് ശ്രദ്ധിക്കുക.

«لَعَنَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ الْوَاشِمَةَ وَالْمُسْتَوْشِمَةَ وَآكِلَ الرِّبَا وَمُوكِلَهُ وَنَهَى عَنْ ثَمَنِ الْكَلْبِ وَكَسْبِ الْبَغِيِّ وَلَعَنَ الْمُصَوِّرِينَ»

“നബി ﷺ പച്ചകുത്തുന്നവനെയും കുത്തിക്കുന്നവനെയും പലിശ തിന്നുവനെയും തീറ്റിക്കുന്നവനെയും ശപിച്ചു. നായയുടെ വിലയും അക്രമം വഴി സമ്പാദിക്കലും നിരോധിച്ചു. ചിത്രങ്ങളുണ്ടാക്കുന്നവരെ ശപിക്കുകയും ചെയ്തു.”[2]

---

(١) (المنتقى)، فتوى٥١٣.

(٢) حديث ٤٣٥٧ باب الطلاق صحيح البخاري.

ബുഖാരിയിൽ വന്ന മറ്റൊരു ഹദീസ് കൂടി നോക്കൂ.

«دَخَلَ عَلَيَّ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ وَفِي الْبَيْتِ قِرَامٌ فِيهِ صُوَرٌ فَتَلَوَّنَ وَجْهُهُ ثُمَّ تَنَاوَلَ السِّتْرَ فَهَتَكَهُ وَقَالَتْ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ إِنَّ مِنْ أَشَدِّ النَّاسِ عَذَابًا يَوْمَ الْقِيَامَةِ الَّذِينَ يُصَوِّرُونَ هَذِهِ الصُّوَرَ»

ആയിശ പറയുന്നു: ''എന്റടുക്കൽ നബി ﷺ വന്നു. വീട്ടിൽ ചിത്രപ്പണികളുള്ള ഒരു വിരിപ്പുണ്ടായിരുന്നു. അതിൽ രൂപങ്ങളുണ്ടായിരുന്നു. അപ്പോൾ നബി ﷺ യുടെ മുഖം വിവർണ്ണമാകുകയും ആ വിരിപ്പെടുത്ത് നശിപ്പിച്ച് കളയുകയും ചെയ്തു. ആയിശ رضي الله عنها പറയുന്നു, നബി ﷺ പറഞ്ഞു: അന്ത്യദിനത്തിൽ ശിക്ഷ ഏറ്റവും കഠിനമായവർ ഇത്തരം ചിത്രങ്ങളുണ്ടാക്കുന്ന ജനങ്ങളാണ്.''[3]

ഇവിടെ റസൂലുല്ലാഹി ﷺ ചിത്രമുണ്ടാക്കുന്ന പ്രവർത്തനത്തെ നിരുപാധികമാണ് പറഞ്ഞത്. അതിൽ കൈ കൊണ്ടുണ്ടാക്കുന്ന ഫോട്ടോയും ഉപകരണമുപയോഗിച്ചുള്ള ഫോട്ടോയും പെടും ഒരു വ്യത്യാസവും അവ തമ്മിലില്ല.

ശൈഖ് മാഹിർ പറയുന്നു:- ''ഞാൻ ശൈഖുനാ ശൈഖ് സ്വാലിഹുൽ ഫൗസാനോട് ചോദിച്ചു: ടെലിവിഷനിൽ ശൈഖുമാർ പ്രത്യക്ഷപ്പെടുന്നതിനെ ചില പണ്ഡിതന്മാർ അനുവദിച്ചത് എന്ത് കൊണ്ടാണ്? അപ്പോൾ ശൈഖ്, മസ്‌ലഹത്തിന് വേണ്ടി എന്ന് പറഞ്ഞു, അല്ലെങ്കിൽ അത് പോലൊരു മറുപടിയാണ് പറഞ്ഞത്''. അപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു:- മസ്‌ലഹത്ത് വാദത്തിലൂടെയാണ് ഭൂമിയിൽ ശിർക്ക് ആദ്യം പ്രത്യക്ഷപ്പെട്ടത്. അതായത് നൂഹ് നബിയുടെ ജനതയോട് ശൈത്വാൻ ഇങ്ങനെ ദുർബോധനം ചെയ്തു. നിങ്ങളുടെ സ്വാലിഹുകളായ ആൾക്കാർ മരണപ്പെട്ടതിന് ശേഷം അവരുടെ ഫോട്ടോകൾ ഉണ്ടാക്കിവെക്കുകയും അവരുടെ ആരാധനയെ സംബന്ധിച്ച് നിങ്ങൾ ഓർക്കുകയും അവരെ അനുധാവനം ചെയ്യുകയും ചെയ്യുവിൻ. ഇത് മസ്‌ലഹത്താണ്. പക്ഷെ അത് വഴികേടായിരുന്നു. ഈ ദുരാചാരം അവർ പ്രവർത്തിക്കുകയും ഒടുവിൽ അവകൾ ആരാധിക്കപ്പെടുകയും ചെയ്തു. ഇത് ഇമാം ബുഖാരി റഹിമഹുല്ലാഹ് തന്റെ സ്വഹീഹിൽ ഉദ്ധരിച്ചിട്ടുണ്ട്.

---

(٣) حديث ٦١٠٩ باب الأدب صحيح البخاري.

‘‘ഇബ്നു അബ്ബാസ് رَضِيَ اللَّهُ عَنْهُ പറഞ്ഞു:-

صَارَتْ الْأَوْثَانُ الَّتِي كَانَتْ فِي قَوْمِ نُوحٍ فِي الْعَرَبِ بَعْدُ أَمَّا وَدٌّ كَانَتْ
لِكَلْبٍ بِدَوْمَةِ الْجَنْدَلِ وَأَمَّا سُوَاعٌ كَانَتْ لِهُذَيْلٍ وَأَمَّا يَغُوثُ فَكَانَتْ لِمُرَادٍ ثُمَّ لِبَنِي غُطَيْفٍ
بِالْجَوْفِ عِنْدَ سَبَإٍ وَأَمَّا يَعُوقُ فَكَانَتْ لِهَمْدَانَ وَأَمَّا نَسْرٌ فَكَانَتْ لِحِمْيَرَ لِآلِ ذِي الْكَلَاعِ
أَسْمَاءُ رِجَالٍ صَالِحِينَ مِنْ قَوْمِ نُوحٍ فَلَمَّا هَلَكُوا أَوْحَى الشَّيْطَانُ إِلَى قَوْمِهِمْ أَنْ انْصِبُوا إِلَى
مَجَالِسِهِمْ الَّتِي كَانُوا يَجْلِسُونَ أَنْصَابًا وَسَمُّوهَا بِأَسْمَائِهِمْ فَفَعَلُوا فَلَمْ تُعْبَدْ حَتَّى إِذَا هَلَكَ
أُولَئِكَ وَتَنَسَّخَ الْعِلْمُ عُبِدَتْ.

‘‘അറബികളിൽ നൂഹ് നബിയുടെ ജനതയിൽ വിഗ്രഹങ്ങൾ ഉണ്ടായി. വദ്ദ് ദൗമത്തിൽ ജന്ദലിലെ കൽബ് ഗോത്രത്തിനുള്ളതായിരുന്നു. സുവാഅ് ഹുദൈൽ ഗോത്രത്തിനും യഊസ് മുറാദിനും സബഇലെ ജൗഫിലുള്ള ബനീഉതൈഫക്കുമുള്ളതായിരുന്നു. യഊഖ് ഹംദാനും നസ്ർ ദിൽകലാഅ് കുടുബത്തിലുള്ള ഹിംയർ ഗോത്രത്തിനുമുള്ളതായിരുന്നു. ഇവ നൂഹ് ജനതയിൽ നിന്നുള്ള സ്വാലിഹുകളായ ആളുകളുടെ നാമങ്ങളാണ്. അവർ മരിച്ചപ്പോൾ ശൈത്വാൻ അവർക്ക് ദുർബോധനം നൽകി. അവരുടെ സദസ്സുകളിൽ ഒരു നാട്ടക്കുറി ഈ സ്വാലിഹുകളുടെ പേരിൽ നാട്ടാനും അവക്ക് അവരുടെ നാമങ്ങൾ നൽകുവാനും ശൈതാൻ പറഞ്ഞ് കൊടുത്തു. അപ്പോഴവർ അതിനെ ആരാധിച്ചിരുന്നില്ല. അവരുടെ മരണശേഷം വിജ്ഞാനം ഉയർത്തപ്പെടുകയും അവ ആരാധിക്കപ്പെടുകയും ചെയ്തു.’’

അപ്പോൾ ശൈഖ് സ്വാലിഹ് എന്റെ വിശദീകരണം അംഗീകരിച്ച് കൊണ്ട് പറഞ്ഞു: അല്ലാഹു സഹായി, അല്ലാഹു സഹായി. (അല്ലാഹു അദ്ദേഹത്തെ സംരക്ഷിക്കട്ടെ)

ചില തെറ്റിദ്ധാരണകൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു: അപ്പോഴദ്ദേഹം പറഞ്ഞു അത് കബളിപ്പിക്കപ്പെട്ടതാണ്. (...അല്ലാഹു അദ്ദേഹത്തിന്റെ യോഗ്യത വർദ്ധിപ്പിക്കട്ടെ).

ചില ചാനലുകൾ അദ്ദേഹത്തിന്റെ അനുമതി കൂടാതെ അദ്ദേഹത്തോട് ചെയ്തതൊഴിച്ചാൽ സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്നതിനെ ഉപേക്ഷിക്കുന്ന വിഷയത്തിൽ അദ്ദേഹം ശക്തനാണ്.

*****

# ശൈഖ് സ്വാലിഹുൽ ഫൗസാൻ ഹഫിളഹുല്ലായും ഖനാത്തുൽ മജ്ദ് അദ്ദേഹത്തോട് ചെയ്തതും.

**ചോദ്യം:–** വഴികേടിന്റെ ആധിക്യം വിപുലമാക്കാൻ ശ്രമിച്ച് കൊണ്ടിരിക്കുന്ന അസംബന്ധ ബഹിരാകാശ ചാനലുകളുടെ കൂട്ടത്തിൽ ഭീമമായ അംഗങ്ങളുള്ള ഖനാതുൽ മജ്ദിന് മാന്യശൈഖിന്റെ പ്രഭാഷണത്തിനുള്ള സൗകര്യം ചെയ്ത് കൊടുത്തുവോ?

**ഉത്തരം:–** മജ്ദ് മാത്രമല്ല, അതല്ലാത്തതുമായ ഒരു ചാനലുമായും ഞാൻ പ്രവർത്തിച്ചിട്ടില്ല. എനിക്കവയെ അറിയുകയുമില്ല! എനിക്കവയെ അറിയാത്തിടത്തോളം കാലം അവയിൽ എന്തെങ്കിലും പറയുകയുമില്ല. ഞാൻ റേഡിയോയിൽ പരിമിതപ്പെടുത്തുന്നു. റേഡിയോ മതി. താങ്കൾക്ക് വാർത്തകളും ദീനിയായ പ്രോഗ്രാമുകളും അത് വഴി ലഭിക്കും. അല്ലാതെ ഒരാവശ്യവും നിനക്കില്ല.

**ചോദ്യകർത്താവ്:-** ഈ അടുത്ത് ഖനാത്തുൽ മജ്ദിലുള്ള ഒരു പ്രഭാഷണത്തിൽ താങ്കൾ പ്രത്യക്ഷപ്പെട്ടിരുന്നു. പള്ളിയിൽ വെച്ചുള്ള സംഭാഷണമായിരുന്നു.[1]

**ശൈഖ്:–** പ്രഭാഷണം പള്ളിയിലല്ലായിരുന്നു. ദേശരക്ഷാ സേനയുടെ റിപ്പോർട്ടർമാരും നേതാക്കന്മാരുമായുള്ള കൂടിക്കാഴ്ചയായിരുന്നു. ഈ യോഗം പുറത്ത് വിടുന്നതിന് ഞാനവർക്ക് അനുവാദം നൽകിയിട്ടില്ല. എന്റെ അനുമതി കൂടാതെയാണ് അതവർ പുറത്ത് വിട്ടത്. ഞാനതിന് അനുവാദം നൽകുകയില്ല. എനിക്ക് തൃപ്തിയുള്ള കാര്യവുമല്ല. ഞാൻ ചാനലുകളിൽ പങ്കെടുക്കുകയുമില്ല. പക്ഷെ അവരുടെ ശ്രമഫലമായി അനുമതി കൂടാതെ അതവർ പ്രസിദ്ധപ്പെടുത്തി. അതവരുടെ പ്രവർത്തനമാണ്. ഈ വിഷയത്തിൽ തെറ്റുകാർ അവർ തന്നെയാണ്.[2]

---

[1] പണ്ഡിതന്റെ, പ്രവൃത്തി ഒരിക്കലും തെളിവല്ലെന്ന വസ്തുത നീ തിരിച്ചറിയണം. ശൈഖുൽ അല്ലാമ ഫൗസാനെപ്പോലുള്ള പണ്ഡിതന്മാരെ സംബന്ധിച്ച ഇത്തരം പ്രചാരണങ്ങൾ തഖ്ലീദിന്റെ ചില ആളുകൾ അവരുടെ താൽപര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നു. അത് കൊണ്ട് തന്നെയാണ് ഇമാം ശാത്വിബി അൽ ഇഅ്തിസാമിൽ പറഞ്ഞത്. (പേജ് 63) 'പണ്ഡിതന്റെ പ്രവൃത്തിയിലേക്ക് നീ നോക്കരുത്. പക്ഷെ അദ്ദേഹത്തോട് ചോദിക്കൂ നിനക്ക് സത്യം പറഞ്ഞ് തരും.'

[2] الفتاوى الفقهية في المسائل الطبية الرمضانية എന്ന വിഷയത്തിലുള്ള കർമ്മശാസ്ത്ര ഫത്വകളുടെ കാസറ്റ്. അബൂ അബ്ദുറഹ്മാൻ ഹള്റമി പ്രസിദ്ധപ്പെടുത്തിയത്

# സ്വാലിഹുൽ ഫൗസാൻ ഇബ്നു ഫൗസാൻ ഹഫിളഹുല്ലാഹ്

## നബിമാരുടെ കാലഘട്ടത്തിലെ പ്രബോധനം അതാണ് ശരിയായ മാർഗ്ഗം. അതിൽ ചിത്രം ഉപയോഗിക്കപ്പെട്ടിട്ടില്ല.

**ചോദ്യം:–** ഇസ്ലാമിക നാടുകളിൽ പ്രബോധനത്തിന് വേണ്ടി വീഡിയോ മാർഗ്ഗമുള്ള കൺവൻഷനുകളുടേയും പ്രഭാഷണങ്ങളുടെയും വിധി എന്താണ്.

**മറുപടി** :– നബിമാരുടെ കാലഘട്ടത്തിലെ ദഅ്വത്താണ് ശരിയായത്. അത് ഇന്നും നിലനിൽക്കുന്നു. അതിൽ ചിത്രമുപയോഗിച്ചിട്ടില്ല. ചിത്രത്തിന്റെ ആവശ്യവുമില്ല. ചിത്രത്തിന്റെ ആവശ്യമില്ല തന്നെ. ചിത്രം കൂടാതെ പ്രബോധനത്തിന് സാധിക്കും അതെ. ദഅ്വത്തിന്റെ പേരിൽ നിഷിദ്ധം ഉപയോഗിക്കരുത്.[1]

## ടെലിവിഷൻ ചിത്രം ഫോട്ടോഗ്രാഫി ചിത്രത്തെക്കാൾ കഠിനമാണ്. കാരണമത് ചലിക്കുന്നതാണ്.

**ചോദ്യം:–** ബഹു: ശൈഖ്, ടെലിവിഷനിൽ പ്രദർശിപ്പിക്കുന്ന ചിത്രം ഈ വിധിയുടെ കീഴിൽ വരുമോ?

**മറുപടി:–** ഈ വിധിയുടെ പുറത്ത് പോകേണ്ട കാര്യമെന്ത്? ഇതും ചിത്രമാണ്. ചിത്രമെന്ന് തന്നെയാണ് പറയപ്പെടുന്നതും. ഈ വിധി ബാധകമാകാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടോ?

ടെലിവിഷനിലുള്ളതിന് മാത്രം എന്തെങ്കിലും പ്രത്യേകതകളുണ്ടോ? നാമതിനെ പരിഗണിച്ചിട്ടില്ല. എന്നല്ല ഇത് സ്ഥിരതയുള്ള ചിത്രമാണ്. കാരണം അവ ചലിക്കുന്നു. ഫിലിമുകളിൽ ചിത്രമായി ശേഷിക്കുന്നു. പതിറ്റാണ്ടുകളും നൂറ്റാണ്ടുകളും നിലനിൽക്കും. ഒരാൾ കണ്ണാടിയിൽ തന്റെ രൂപം ദർശിക്കുന്നത് പോലെയാണോ ഇത്? അല്ല. ഇത് ഉറച്ചതും ശേഷിക്കുന്നതുമായ ചിത്രമാണ്. അതെ!, വർഷങ്ങൾക്കും പതിറ്റാണ്ടുകൾക്കും ശേഷവും അത് ഉപയോഗിക്കുന്നവർക്കെല്ലാം ഉപയോഗിക്കാൻ കഴിയും.[2]

---

(١) سلسلة شرح كتاب التوحيد، الشريط التاسع والخمسون، الدقيقة الخامسة.

(٢) المصدر: شرح كتاب التوحيد، الشريط التاسع والخمسون، الدقيقة العاشرة.

# ശൈഖ് സ്വാലിഹുൽ ഫൗസാൻ

## ഫോട്ടോ എടുക്കുന്ന സ്ഥലത്തുള്ള ഒരുവൻ ചിത്രമെടുക്കപ്പെട്ടാൽ അവന്റെ വിധി എന്ത്?

**ചോദ്യം:-** ഫോട്ടോ എടുക്കുന്നിടത്ത് ഉള്ളതിനാൽ ചിത്രം പിടിക്കപ്പെടുന്നവന്റെ വിധി എന്ത്?

**ഉത്തരം:-** അനുവദനീയമല്ല. അവനും ജനങ്ങളും നിൽക്കുമ്പോൾ അവർ അവന്റെ ചിത്രമെടുക്കുകയും അവൻ അതിൽ സംതൃപ്തനാകുകയും ചെയ്താൽ അവൻ ഹറാം ചെയ്യാൻ സഹായിക്കുന്നവനാകും. തെറ്റുകൾ ചെയ്യാൻ സഹായിക്കുന്നവനായിത്തീരും. പാപത്തിനും അതിക്രമത്തിനും സഹായം നൽകുന്നവനാണവൻ. ഇനി അവർ അവന്റെ ഫോട്ടോ പിടിച്ചപ്പോൾ അതവൻ അറിയുന്നില്ലെങ്കിൽ പാപം ചെയ്തവർക്ക് തന്നെയാണ്. കാരണം അവനതിനെ പിന്തുണക്കുകയോ അറിയുകയോ ചെയ്തിട്ടില്ല.[1]

# ശൈഖ് സ്വാലിഹുൽ ഫൗസാൻ

## ഞങ്ങൾ അല്ലാഹുവിന്റെ സൃഷ്ടിപ്പ് പോലെ സാദൃശ്യമുണ്ടാക്കുന്നില്ല. അല്ലാഹുവിന്റെ സൃഷ്ടികളുടെ പ്രതിരൂപമാണ് ഉണ്ടാക്കുന്നത്.

സംശയത്തിന് മറുപടി.

**ചോദ്യം:-** അവർ പറയുന്നു ഞങ്ങൾ അല്ലാഹുവിന്റെ സൃഷ്ടികളുടെ സാദൃശ്യമുണ്ടാക്കുന്നില്ല. ഞങ്ങൾ ഉണ്ടാക്കുന്നത് അവന്റെ സൃഷ്ടികളുടെ പ്രതിബിംബമാണ് ഉണ്ടാക്കുന്നത്.

---

(١) الشريط السابق الدقيقة ١٥.

**ഉത്തരം:–** എങ്കിൽ ഇത് പറയുന്നവരോട് ഞങ്ങൾക്ക് ചോദിക്കാനുള്ളത് ഇത് ചിത്രമാണോ? അതല്ലാത്ത മറ്റെന്തെങ്കിലുമാണോ? അവർ ചിത്രമാണെന്നംഗീകരിച്ചാൽ ഞങ്ങൾക്ക് ചോദിക്കാനുള്ളത് അവ ചിത്രമുണ്ടാക്കുന്നതിന്റെ പൊതു വിധിയിൽ നിന്നും പുറത്താക്കുന്നത് എന്ത് കാരണത്താലാണ്.

ഇത് മുൻഗാമികളായ മഹത്തുക്കളുടെ രൂപമല്ലെന്ന് അവർ പറയുകയാണെങ്കിൽ ഇതിലേക്കുള്ള പ്രേരക ഘടകമെന്താണ്? ഇതിലേക്ക് ജനങ്ങൾ ആവശ്യക്കാരാണോ? ഈ ഫോട്ടോകളും അർത്ഥ ശൂന്യ രൂപങ്ങളും ജനങ്ങൾക്ക് ആവശ്യമുള്ളതല്ല. അവരുടെ ചിത്രങ്ങൾ നമുക്ക് ശ്രദ്ധിക്കേണ്ട ആവശ്യമില്ല ടെലിവിഷനിലും അതല്ലാത്തതിലും ആവശ്യമില്ല. അതെ, അത് നാശമാണ് ശരി.[2]

# ആദരണീയ പണ്ഡിതൻ അബ്ദുൽ അസീസ് റാജിഹിയ്യ്.

## വീഡിയോ ക്യാമറയിൽ ചിത്രമെടുക്കുന്നതിന്റെ മതവിധി.

**ചോദ്യകർത്താവ്:** വീഡിയോ ക്യമറയിൽ ചിത്രമെടുക്കുന്നതിന്റെ വിധി എന്താണ്. സാധാരണ ക്യാമറയ്ക്കുള്ള വിധി പോലെയാണോ?

**മറുപടി:–** ജീവികളുടെയും ആത്മാവുള്ളവയുടെയും ചിത്രമെടുക്കുന്നത് നിർബന്ധ സാഹചര്യത്തിലൊഴികെ അനുവദനീയമല്ല. ഡ്രൈവിംഗ് ലൈസൻസും വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളും ആവശ്യമാകുന്ന സാഹചര്യങ്ങൾ പോലെ.

അല്ലാഹു പറഞ്ഞു:

﴿وَقَدْ فَصَّلَ لَكُم مَّا حَرَّمَ عَلَيْكُمْ إِلَّا مَا اضْطُرِرْتُمْ إِلَيْهِ ۗ وَإِنَّ كَثِيرًا لَّيُضِلُّونَ بِأَهْوَائِهِم بِغَيْرِ عِلْمٍ ۗ إِنَّ رَبَّكَ هُوَ أَعْلَمُ بِالْمُعْتَدِينَ ﴾

“നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് അവൻ നിങ്ങൾക്ക് വിശദമാക്കിത്തന്നിട്ടുണ്ടല്ലോ. നിങ്ങൾ (തിന്നുവാൻ) നിർബന്ധിതരായിത്തീരുന്നതൊഴികെ. ധാരാളം പേർ യാതൊരു വിവരവുമില്ലാതെ തന്നിഷ്ടങ്ങൾക്കനുസരിച്ച്

---

(٢) شرح كتاب التوحيد، الشريط التاسع والخمسون.

(ആളുകളെ) പിഴപ്പിച്ചുകൊണ്ടിരിക്കുകയാണ്. തീർച്ചയായും നിന്റെ റബ്ബ് അതിക്രമകാരികളെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ''. (അൻആം: 119)

പൊതുവിൽ ജനങ്ങൾ ചെയ്യുന്നത്പോലെ തന്റെയും സന്താനങ്ങളുടെയും ഫോട്ടോകളെടുത്ത് സ്മരണയ്ക്ക് സൂക്ഷിക്കുന്നതും അല്ലെങ്കിൽ ഫ്രെയിമുകളിലാക്കി വെക്കുന്നതും അനുവദിക്കപ്പെടാൻ പാടില്ല. ഹറാമാണ്.

റസൂൽ ﷺ പറയുന്നു:

«لعن الله المصور»

''രൂപമുണ്ടാക്കുന്നവനെ അല്ലാഹു ശപിച്ചിരിക്കുന്നു.[3]

അവിടുന്ന് പറഞ്ഞു:

«كل مصور في النار، يجعل له بكل صورة صورها نفس يعذب بها في جهنم»

''രൂപമുണ്ടാക്കുന്നവരെല്ലാം നരകത്തിലാണ് അവൻ നിർമ്മിച്ച എല്ലാ രൂപത്തിന്നും അല്ലാഹു ജീവൻ നൽകും നരകത്തിൽ അവകൊണ്ട് അവനെ ശിക്ഷിക്കും.''[4]

തൃപ്തിപ്പെടുന്നവൻ പ്രവർത്തിക്കുന്നവന് തുല്യമാണ്. ഫോട്ടോ കൊണ്ട് ആര് തൃപ്തിപ്പെട്ടോ അവന്റെ വിധി അത് ഉണ്ടാക്കിയവന്റെ വിധി തന്നെയാണ്. പക്ഷെ നിർബന്ധിത സാഹചര്യം ഇതിൽ നിന്ന് ഒഴിവാക്കപ്പെടും. മനുഷ്യൻ അതിന് നിർബന്ധിക്കപ്പെടുന്നവനായി തീരുന്നതിനാലാണത്. നോട്ടിന്റെ കടലാസിലുള്ള ചിത്രം പോലെ.

അല്ലാഹു പറഞ്ഞു:

﴿وَقَدْ فَصَّلَ لَكُم مَّا حَرَّمَ عَلَيْكُمْ إِلَّا مَا اضْطُرِرْتُمْ إِلَيْهِ ۗ وَإِنَّ كَثِيرًا لَّيُضِلُّونَ بِأَهْوَائِهِم بِغَيْرِ عِلْمٍ ۗ إِنَّ رَبَّكَ هُوَ أَعْلَمُ بِالْمُعْتَدِينَ ﴿١١٩﴾﴾

---

(٣) صحيح البخاري: كتاب البيوع (٢٢٣٨،٢٠٨٦) وكتاب الطلاق (٥٣٤٧)، ومسند أحمد (٤/ ٣٠٨،٤/ ٣٠٩).

(٤) البخاري: البيوع (٢٢٢٥) والتعبير (٧٠٤٢)، ومسلم: اللباس والزينة (٢١١٠)، والترمذي: اللباس (١٧٥١)، والنسائي: الزينة (٥٣٥٨،٥٣٥٩)، وأبو داود: الأدب (٥٠٢٤)، وأحمد (١/ ٢١٦، ١/ ٢٤١،١/ ٢٤٦، ١/ ٣٠٨،١/ ٣٥٠،١/ ٣٥٩،١/ ٣٦٠).

‘‘നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് അവൻ നിങ്ങൾക്ക് വിശദമാക്കിത്തന്നിട്ടുണ്ടല്ലോ. നിങ്ങൾ (തിന്നുവാൻ) നിർബന്ധിതരായിത്തീരുന്നതൊഴികെ. ധാരാളം പേർ യാതൊരു വിവരവുമില്ലാതെ തന്നിഷ്ടങ്ങൾക്കനുസരിച്ച് (ആളുകളെ) പിഴപ്പിച്ചികൊണ്ടിരിക്കുകയാണ്. തീർച്ചയായും നിന്റെ രക്ഷിതാവ് അതിക്രമ കാരികളെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ.’’ (അൻആം119)

കാര്യം വളരെ വ്യക്തമാണ്. ഉറപ്പായും വിധി ഒന്ന് മാത്രമേയുള്ളു നബി ﷺ പറഞ്ഞു. «لا تدع صورة» ‘‘ഒരു ഫോട്ടോയും നീ (നശിപ്പിക്കാതെ) വിടരുത്.’’[5] ഇവിടെ ‘സൂറത്ത്’ എന്ന വചനം ‘നക്കിറ’ യുടെ രൂപത്തിലാണ് നിഷേധിച്ചിരിക്കുന്നത്. അതായത്.... ചിത്രമെന്ന് പേര് പറയപ്പെടുന്ന എല്ലാം. അപ്പോൾ ഫോട്ടോകളൊന്നും അനുവദനീയമല്ല. ഇനി ഈ ഫോട്ടോകൾ സൂക്ഷിച്ച് വെച്ചാൽ മറ്റൊരു പ്രശ്നവും കൂടിയുണ്ട്. അത് സ്ത്രീകളുടെ ഫോട്ടോകളോ മ്ലേച്ഛ ഫോട്ടോകളോ ഫിത്നക്ക് വകനൽകുന്ന ഫോട്ടോകളോ ആണെങ്കിൽ ഇത് വീണ്ടും മറ്റൊരു ഹറാമാകുന്നു. എന്നാൽ കണ്ണാടികളിലൂടെ കാണുന്ന രൂപങ്ങൾക്ക് ഇത് ബാധകമല്ല. അത് സ്ഥിരപ്പെടുന്നതല്ല. മാറിപ്പോകുന്നതാണ്. ചിത്രം മാത്രമാണ് നിഷിദ്ധമാകുന്നത്. അപ്പോൾ ചിത്രമെന്നത് ഒരു സ്വതന്ത്ര മസ്അലയാണ്. അതിനെത്തുടർന്ന് ഫിത്നയുണ്ടാകുമെങ്കിൽ അത് നിഷിദ്ധമെന്ന മറ്റൊരു മസ്അലയാണ്. കാരണം സ്ത്രീകളുടെ ചിത്രങ്ങളിൽ നോക്കുന്നത് അനുവദനീയമല്ല. അത് ഗ്ലാസ്സിലൂടെയായാലും മറ്റ് രീതിയിലായാലും അപ്പോൾ ചില്ലിലൂടെയും മാസികകളിലും മറ്റും നോക്കാൻ പാടില്ല. കാരണം ഫിത്ന ഭയക്കേണ്ടതുള്ളതിനാൽ; അപ്രകാരം തന്നെയാണ് നാശം തുടർന്ന് വരാൻ വകയുള്ള എല്ലാ ചിത്രങ്ങളും.

---

(٦) مسلم: الجنائز (٩٦٩)، والترمذي: الجنائز (١٠٤٩)، والنسائي: الجنائز (٢٠٣١)، وأبو داود: الجنائز (٣٢١٨)، وأحمد(١/ ٨٩،١/ ٩٦،١/ ١١١،١/ ١٢٨،١/ ١٣٨،١/ ١٣٩،١/ ١٤٥،١/ ١٥٠).

# അബ്ദുൽ അസീസ് റാജിഹിയ്യ്

## ഐസ്ക്രീം ജൂസ് ടിന്നുകളിലും മറ്റും ജീവനുള്ളവയുടെ മോഡലുകൾ അനുവദനീയമല്ല.

**ചോദ്യം**: ബഹുമാന്യ ശൈഖ്, ഇവിടെ ധാരാളം ബിസിനസ്സ് പരസ്യങ്ങളിൽ ജൂസ്, ഐസ്ക്രീം പോലുള്ളവയുടെ ടിന്നുകളിൽ ജീവികളുടെ മോഡലുകൾ ചിത്രീകരിച്ചിരിക്കുന്നു. അവയ്ക്ക് കണ്ണും മൂക്കും മുഖവുമെല്ലാമുണ്ട്. ടിന്നുകളിൽ ഈ ചിത്രങ്ങൽ പതിച്ചിരിക്കുന്നു. ചില ടിന്നുകളെ തന്നെ കണ്ണും മൂക്കും രൂപങ്ങളിൽ നിർമ്മിക്കുന്നു. അതായത് ടിന്നുകൾ തന്നെ മനുഷ്യരൂപത്തിൽ അല്ലെങ്കിൽ മുഖത്തിന്റെ രൂപത്തിൽ. ഇത് ഹറാമാക്കപ്പെട്ട ചിത്രത്തിൽ ഉൾപ്പെടുമോ? അല്ലെങ്കിൽ നാം പറയുകയാണ് ഈ വസ്തുക്കൾക്ക് യഥാർത്ഥത്തിൽ ജീവനുള്ള അടിസ്ഥാന ജീവികളില്ല. അതിനാൽ ഇത് നിരോധനത്തിൽ ഉൾപ്പെടുകയില്ല.?

**മറുപടി**: മനുഷ്യന്റെ രൂപത്തിലോ മുഖത്തിന്റെ രൂപത്തിലോ ആണെങ്കിൽ അതെ. അത് നിഷിദ്ധമാണ്. മുഖം നശിപ്പിച്ച് കളയൽ അനിവാര്യമാണ്. ഇനി മുഖമില്ലാതെ അതിന്റെ ശരീരത്തിന്റെ രൂപത്തിൽ മാത്രമായാൽ കുഴപ്പമില്ല. മുഖത്തിന്റെ ഭാഗം മായ്ച്ച് കളഞ്ഞ് തല നീക്കപ്പെട്ടാൽ അപകടകരമായ ഭാഗം നീക്കാം. ഇനി അതിൽ മുഖത്തിന്റെ രൂപവും രണ്ട് കണ്ണുകളും അല്ലെങ്കിൽ വായും തലയുടെ രൂപവും ഉണ്ടെങ്കിൽ മുഖം നശിപ്പിച്ച് കളയണം. പൂർണമനുഷ്യനെന്ന് പറയപ്പെടാൻ കഴിയുന്ന ചിത്രം. നിരുപാധികം തലയെന്ന് പറയപ്പെടുന്നതും അതായത് മുഖവും തലയും. അറബി ഭാഷയിൽ 'സൂറത്ത്' എന്ന് പറയപ്പെടും. അതിനാൽ അവ നീക്കം ചെയ്യപ്പെടണം. തലയും മായ്ക്കണം. അപ്പോൾ തലയില്ലാത്ത ശരീരം, കാല്, കൈയ് എന്നിവയുടെ ചിത്രങ്ങൾ കുഴപ്പമില്ല. ചില ആളുകൾ പറയുന്നത് പോലെ കഴുത്തിലൂടെ ഒരു വര രേഖപ്പെടുത്തിയാൽ മതിയാകില്ല. തല മായ്ച്ച് കളയുക തന്നെ വേണം. അതെ അത് തടിയുള്ളതാണെങ്കിൽ തല മുറിച്ച് മാറ്റണം. കടലാസിലായാൽ മായ്ച്ച് കളയണം. മുഖവും തലയും നശിപ്പിക്കുന്നത് മതിയാകും.

# ഇസ്ലാമിക മതകാര്യ വകുപ്പ് മന്ത്രി മആലി ശൈഖ് സ്വാലിഹ്ബ്നു അബ്ദുൽ അസീസ് ഹഫിളഹുല്ലാഹ്

## വീട്ടിൽ ടെലിവിഷൻ പ്രവേശിപ്പിക്കുന്നത് അതിന്റെ അടിസ്ഥാന വിധി നിശിദ്ധമെന്നറിയപ്പെട്ടത് പോലെ തന്നെ അതിൽ നിന്നും വീടിനെ മോചിപ്പിക്കൽ നിർബന്ധമായ കാര്യമാണ്.

വീടുകളിൽ ടെലിവിഷൻ കടന്ന് വരുന്നത് തടയപ്പെടേണ്ടതാണ്. ഈ ഉപകരണം ധാരാളം ഹറാമുകൾ പ്രദർശിപ്പിക്കുന്നു. അത് മൂലമുള്ള പ്രയോജനമാകട്ടെ പരിമിതമാണ്. നിഷിദ്ധങ്ങൾ വമ്പിച്ചതുമാണ്. ആശ ജനിപ്പിക്കുന്ന സ്ത്രീകളും യുവാക്കളും അത്തരത്തിലുള്ള നാശങ്ങളും പ്രദർശിപ്പിക്കപ്പെടുന്നു. ഇതൊരു വിപത്താണെന്നതിൽ യാതൊരു സംശയവുമില്ല.

പക്ഷെ ചില വീടുകളുടെ ഗൃഹനാഥന്മാർ യഥാർത്ഥത്തിൽ അതിനെ തടയുകയും പ്രയോഗത്തിൽ അത് വീട്ടിൽ വെച്ചിരിക്കുന്ന അവസ്ഥയിലുമാണ്. അവൻ നിർബന്ധമായും ചെയ്യേണ്ടത് എന്താണ്?

പൂർണമായും അതിൽ നിന്നും മോചിതനാകലാണ് നിർബന്ധം. അതിന് അവന് സൗകര്യമുണ്ടായില്ലെങ്കിൽ പരമാവധി ആ വിപത്തിനെ തടുക്കണം. അവന് സാധിക്കുന്നതിന്റെ പരമാവധിയുള്ളത് സാധ്യമാകുമല്ലോ. അതായത് തക്ലീഫി (ശാസനാപ്രായം) ന്റെ പ്രായമെത്താത്ത കുട്ടികൾ ഇത് പോലുള്ള ഉപകരണങ്ങളിൽ നോക്കും. അതിൽ അവരെ വ്യതിചലിപ്പിക്കുന്ന കുഴപ്പങ്ങളുണ്ടെന്നത് യാഥാർത്ഥ്യമാണ്. ശാസനാ പ്രായമെത്തിയവരാണെങ്കിൽ അത് കാണാതിരിക്കാൻ ശ്രമിക്കേണ്ടത് അവരുടെയും ഉത്തരവാദിത്തമാണല്ലോ. ചില പിതാക്കന്മാരും ഉത്തരവാദപ്പെട്ടവരും തന്റെ ഭവനത്തിലുള്ള ഈ നാശത്തെ സംബന്ധിച്ച് അങ്ങേയറ്റം പൂർണമായും അവഗണിച്ചു കളയുന്നു. അത് വഴി കുഞ്ഞ് പെൺമക്കളെ നാശത്തിലാക്കുന്നു. വലുതും ചെറുതുമായ സ്ത്രീകളെ തുലക്കുന്നു. യുവാക്കളെയും പുരുഷന്മാരെയും ഫസാദിലാക്കുന്നു. കൊടിയ ഫസാദിന്റെ ഉറവിടങ്ങളായ പുറം ചാനലുകളും ഈ വിഷം പ്രസരിക്കുന്ന ടെലിവിഷനിൽ അവർ എടുത്ത് കൊടുക്കുന്നു. ഇവ കാണാൻ ആർത്തികാട്ടുന്ന ചിലർ തന്റെ കുടുംബത്തിന്റെ ആവശ്യം പറഞ്ഞ് തെളിവ് പിടിക്കുന്നു. അല്ലാഹു എത്ര മഹാനും ഉന്നതനും.

അവൻ പറഞ്ഞു:

﴿قُل لِّلْمُؤْمِنِينَ يَغُضُّوا مِنْ أَبْصَارِهِمْ وَيَحْفَظُوا فُرُوجَهُمْ﴾ [النور:٣٠]،

“നബിയേ താങ്കൾ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക”. (നൂറ്:30)

അല്ലാഹുവിന്റെടുക്കലുളള കൂടിക്കാഴ്ച, അല്ലാഹു ജല്ല വ അലാ

അല്ലാഹുമായി കണ്ടുമുട്ടുന്ന രംഗം, അല്ലാഹു ജല്ല വ അലാ

ഉടൻ സംഭവിക്കുന്നതാണ്. അത് വന്നെത്തിയിക്കുന്നു.

എല്ലാവരും ചോദിക്കപ്പെടും.

സുബ്ഹാനഹു വ തആല മുസ്ലീംകൾക്ക് പൊറുത്തു കൊടുക്കട്ടെ.

*****

## വൈജ്ഞാനിക ഗവേഷണങ്ങൾക്കും ഫത്‌വ നൽകുന്നതിനും വേണ്ടിയുള്ള സ്ഥിര സമിതിയുടെ ഫത്‌വ. (ലജ്നത്തുദ്ദാഇമഃ)

**ഫത്‌വ നമ്പർ 5807**

### വീഡിയോ ടെലിവിഷൻ വഴിയുള്ള ചിത്രങ്ങളുടെയും നിശിദ്ധ സിനിമ സി.ഡി.കളുടെയും വിധി.

**ചോദ്യം**: ഫോട്ടോ നിഷിദ്ധമാണെന്ന വിഷയത്തിലുള്ള നിങ്ങളുടെ ഗ്രന്ഥം ഞാൻ വായിച്ചു. ഈ വിഷയവുമായി ബന്ധപ്പെട്ട് ഞാൻ ചോദിക്കാനുദ്ദേശിക്കുന്നത്. ഫോട്ടോ എടുക്കുന്നത് നിഷിദ്ധമെന്ന് നിങ്ങൾ ഫത്‌വ നൽകിയിരിക്കെ ഫോട്ടോ എടുക്കുന്ന മറ്റൊരു പുതിയ കാര്യം ഉണ്ടായിട്ടുണ്ട്. അത് നാം കണ്ടുകൊണ്ടിരിക്കുന്ന ടെലിവിഷൻ വീഡിയോ മറ്റ് സിനിമാ സിഡികളാണ്. അവർ പറഞ്ഞിട്ടുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തി ചിത്രങ്ങൾ തന്നെയാണവ. ദീർഘകാലം സൂക്ഷിക്കപ്പെടാനും കഴിയും. ഫോട്ടോ എടുക്കുന്ന വിഷയത്തിന്റെ വിധിയുമായി ബന്ധപ്പെട്ട് അതിന്റെ അവസ്ഥ എന്താണ്?

**മറുപടി:–** താങ്കൾ പറഞ്ഞ കാര്യത്തിന് ഫോട്ടോ എടുക്കുന്നതിന്റെ വിധി ബാധകമാണ്. തൗഫീഖ് അല്ലാഹുവിനെ കൊണ്ടാണ്. നമ്മുടെ നബി മുഹമ്മദിന്റെയും കുടുംബത്തിന്റെയും അനുജരന്മാടെയും മേൽ അല്ലാഹുവിന്റെ രക്ഷയും സമാധാനവും ഉണ്ടാകട്ടെ.

اللجنة الدائمة للبحوث العلمية والإفتاء:

**الرئيس:** عبد العزيز بن عبد الله بن باز – رحمه الله تعالى –.

**نائب الرئيس:** عبدا لرزاق عفيفي – رحمه الله تعالى – .

**عضو:** عبد الله بن غديان.

**عضو:** عبد الله بن قعود.

## ലജ്നത്തുദ്ദാഇമഃ

**ഫത്‌വ നമ്പർ: 16259**

## ഹറാമും നിശിദ്ധവുമാക്കിയ പൊതു തെളിവുകളുടെ അടിസ്ഥാനത്തിൽ വീഡിയോ ചിത്രങ്ങളുടെ വിധി ഫോട്ടോഗ്രാഫി ചിത്രങ്ങളുടെ വിധി തന്നെയാണ്.

**ചോദ്യം 2** : വീഡിയോ ക്യാമറ ഉപയോഗിച്ച് ചിത്രമെടുക്കുന്നത് ഫോട്ടോ ഗ്രാഫി ചിത്രത്തിന്റെ വിധിയിൽപ്പെടുമോ?

**മറുപടി 2**:- വീഡിയോ ചിത്രത്തിന്റെ വിധി ഫോട്ടോഗ്രാഫിയുടെ വിധിയാണ്. തെളിവുകൾ ഇതിനും ബാധകമായതിനാൽ നിഷിദ്ധമാണ് തടയപ്പെടേണ്ടതാണ്.

اللجنة الدائمة للبحوث العلمية والإفتاء.
الرئيس: عبد العزيز بن عبد الله بن باز – رحمه الله تعالى –.
نائب الرئيس: عبد الرزاق عفيفي – رحمه الله تعالى –.
عضو: عبد الله بن غديان.
عضو: صالح بن فوزان.
عضو: عبد العزيز آل الشيخ .
عضو: بكر بن عبد الله أبو زيد .

**ചിലർ പറയുന്നു**: ശൈഖ് ഉസൈമീന്റെ നിലപാട് ഇതിന് എതിരാണല്ലോ?

ടെലിവിഷനിൽ പ്രബോധകർ പ്രത്യക്ഷപ്പെടുന്നതിനെയും അതിലെ ചിത്രങ്ങളെ ഹറാമാക്കപ്പെട്ട ചിത്രത്തിൽ ഉൾപ്പെടുത്തിയും ശാഖാപരമായ വിഷയത്തെ ഉയർത്തിപ്പിടിച്ച് പണ്ഡിതസഭ നടത്തിയ അഭിപ്രായത്തിന് വിരുദ്ധമായ നിലപാടാണ് ശൈഖ് ഇബ്നുഉസൈമീനുള്ളതെന്ന് ഞങ്ങൾക്കറിയാം. ടെലിവിഷൻ സൗകര്യമേർപ്പെടുത്തുന്നത് ബുദ്ധിയുള്ളവർക്കും നല്ല ദാസന്മാർക്കും യോജിച്ചതല്ല. എന്നദ്ദേഹം പറഞ്ഞിട്ടുള്ളതറിയുന്നതിനോടൊപ്പമാണിത്.

പടക്കുതിര ചിലപ്പോൾ മുട്ടുകുത്തും വാൾ ലക്ഷ്യം തെറ്റാം സമ്പൂർണ്ണത പരിശുദ്ധനായ അല്ലാഹുവിനാകുന്നു.

റഫ്ഉൽ മലാം എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽ ശൈഖുൽ ഇസ്ലാം തഖിയുദ്ദീൻ ബോധിപ്പിച്ച കാരണം കൊണ്ട് ആദരണീയരും വമർശകരുമായ പണ്ഡിതന്മാർക്ക് വേണ്ടി കാരണം ബോധിപ്പിക്കപ്പെടാവുന്നതാണ്. അത് ശൈഖ് ഉസൈമീന്റെ ഫത്‌വകളിൽ വന്നതും അദ്ദേഹത്തിന്റെ തന്നെ പ്രശസ്ത ഗ്രന്ഥമായ അൽഇൽമിൽ കൊടുത്തിട്ടുള്ളതുമാണ്. അതായത് അഭിപ്രായ വ്യത്യാസങ്ങളുടെ സന്ദർഭത്തിൽ മനുഷ്യന് അമൽ ചെയ്യാൻ എളുപ്പമുള്ള അഭിപ്രായം സ്വീകരിക്കാമോ? കാരണം ദീൻ എളുപ്പമാണല്ലോ അതല്ല ശുബുഹാത്തുകളെ (ആശയക്കുഴപ്പങ്ങളും. സംശയങ്ങളും) സൂക്ഷിക്കുന്നതിന് വേണ്ടി പ്രയാസമുള്ളത് സ്വീകരിക്കണമോ?

ഈ ആശയ സംബന്ധമായി അദ്ദേഹം മറുപടി നൽകി.

രണ്ടാശയവും തെറ്റാണ്. സുന്നത്തിനോട് യോജിക്കുന്നത് സ്വീകരിക്കണം. തെളിവിനോടൊപ്പം സഞ്ചരിക്കണം. ഇത് മാത്രമാണ് ശരി. ശൈഖ് അവർകളുടെ വാക്കുകളുടെ പേരിൽ ജനങ്ങളിൽ വലിയൊരു

വിഭാഗത്തിന്നുണ്ടായ തെറ്റിദ്ധാരണയെ അദ്ദേഹം നിരുപാധികം പറഞ്ഞതാണെന്ന നിലക്ക് ചുമത്തപ്പെടരുത്. ശൈഖിന്റെ തന്നെ വാക്കുകളിൽ അതിന്റെ ഉപാധികൾ ഉണ്ട്.

ശൈഖ് മുഹമ്മദ്ബ്നു സ്വാലീഹ് ഉസൈമീൻ റഹിമഹുല്ലായുടെ ഫത്‌വ സമാഹാരങ്ങളിൽ നിന്നും മാന്യ വായനക്കാർക്ക് വേണ്ടി വരും പേജുകളിൽ അദ്ദേഹത്തിന്റെ ഒരു കത്തിൽ നിന്ന് ഞാനത് ഉദ്ധരിക്കുകയാണ്.

# കത്ത്

**മുഹമ്മദ് സ്വാലിഹ് ഉസൈമീനിൽ നിന്ന് തന്റെ ആദരണീയ സഹോദരൻ ശൈഖിലേക്ക്.**

അല്ലാഹുവിന്റെ സ്വാലിഹുകളായ ദാസന്മാരിലും മുതഖികളും മുഅ്മിനുകളുമായ അവന്റെ ഔലിയാഇലും വിജയികളുടെ വിഭാഗത്തിലും അദ്ദേഹത്തെ ഉൾപ്പെടുത്തട്ടെ. ആമീൻ.

ബിസ്മി. ഹംദ് സലാത്ത് സലാമുകൾക്ക് ശേഷം:

ഉപദേശവും സലാമും ഉൾക്കൊള്ളുന്ന താങ്കളുടെ കത്ത് എനിക്ക് ലഭിച്ചു.

അങ്ങയുടെ വിലപ്പെട്ട ഉപദേശത്തിന് അല്ലാഹു നല്ല പ്രതിഫലം നൽകട്ടെ. എനിക്ക് അവ പ്രയോജനപ്പെടണമേ എന്ന് ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. നസീഹത്തിൽ താങ്കൾ സ്വീകരിച്ച മാർഗ്ഗം സഹോദരങ്ങൾക്കിടയിലുള്ള സദുപദേശത്തിന് ഉത്തമ മാതൃക തന്നെയാണെന്നതിൽ സംശയമില്ല. തീർച്ചയായും മനുഷ്യന് മറവിയും പിഴവും സംഭവിക്കാം. വിശ്വാസി തന്റെ സഹോദരന്റെ കണ്ണാടിയാണ്. തനിക്ക് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനു വേണ്ടിയും ഇഷ്ടപ്പെടുന്നത് വരെ ആരും വിശ്വാസി ആവുകയില്ല. പ്രാർത്ഥനകളും ആത്മാർത്ഥമായ ഉപദേശങ്ങളുമടങ്ങിയ അങ്ങയുടെ കത്ത് എന്നെ അഗാതമായി സ്വാധീനിച്ചു. അല്ലാഹു അവ സ്വീകരിക്കാനും ഇനിയുമെഴുതാനും തൗഫീഖിനായി അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു.

ഉപകരണമുപയോഗിച്ച് ചിത്രമെടുക്കപ്പെടുന്നത് അനുവദിച്ച് കൊണ്ട് ഞാൻ മറുപടി നൽകിയെന്ന് ആവർത്തിക്കുന്നവരെ സംബന്ധിച്ച് എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളത്. (അല്ലാഹു നിങ്ങളെ സംരക്ഷിക്കട്ടെ). എന്റെ സഹോദരാ ഉറപ്പോടെ ഞാൻ അറിയിക്കട്ടെ. ഒരിക്കലും ഫോട്ടോ എടുക്കുന്നതിന് ഞാൻ അനുവാദം നൽകിയിട്ടില്ല. (മനുഷ്യനെപ്പോലെ ആത്മാവുള്ളവയുടെ ഫോട്ടോകളാണ് ഉദ്ദേശം) നിർബന്ധിതാവസ്ഥയിലോ അല്ലെങ്കിൽ കാർഡ്, ലൈസൻസ്, യോഗ്യതാസർട്ടിഫിക്കറ്റുകൾ തുടങ്ങിയ ആവശ്യങ്ങൾക്ക് വേണ്ടിയല്ലാതെ. അപ്പോൾ ബഹുമാനിക്കാനോ ഓർമ്മയ്ക്ക് സൂക്ഷിക്കാനോ അതിലേക്ക്

നോക്കി രസിക്കാനോ ആസ്വദിക്കാനോ ആണെങ്കിൽ ഒരിക്കലും ഞാനത് അനുവദിക്കില്ല. അത് പ്രതിമയായാലും രേഖാചിത്രമായാലും കൈ ഉപയോഗിച്ച് വരക്കട്ടെ, ഉപകരണം വഴിയാകട്ടെ നബി ﷺ യുടെ വചനം അതിന് ബാധകമാണ്.

«لا تدخل الملائكة بيتًا فيه صورة»

"ചിത്രമുള്ള ഭവനത്തിൽ മലക്കുകൾ പ്രവേശിക്കുകയില്ല."[1]

ഇതാണ് ഞാൻ ഫത്‌വ നൽകികൊണ്ടിരിക്കുന്നത്. സ്മരണാർത്ഥം ഫോട്ടോ വെച്ചിരിക്കുന്നവരോട് അത് നശിപ്പിക്കാൻ ഞാൻ കൽപ്പിക്കുന്നു. ചിത്രം മരണപ്പെട്ടവരുടേതാണെങ്കിൽ വളരെ കർശനമായി തന്നെ ഞാൻ ആജ്ഞാപിക്കും. അപ്പോൾ മനുഷ്യരുടെയോ അത് പോലുള്ള ആത്മാവുള്ളവയുടെ ചിത്രങ്ങളെടുക്കുന്നത് നിഷിദ്ധവും വൻ പാപങ്ങളിൽപെട്ടതാണെന്നതിലും സംശയമില്ല. കാരണം അങ്ങനെ പ്രവർത്തിക്കുന്നവരിൽ റസൂൽ ﷺ യുടെ നാവിലൂടെ ശാപവാക്ക് സ്ഥിരപ്പെട്ടിട്ടുണ്ട്. ഹദീസിന്റെ ബാഹ്യാർത്ഥം 'മുജസമായ'(തടിയുള്ള) പ്രതിമയോ അല്ലെങ്കിൽ കൈകൊണ്ടോ ചിത്രം വരക്കുന്നതിനെയാണ് അറിയിക്കുന്നത്. ഇനി ഉപകരണമുപയോഗിച്ച് ചിത്രമെടുത്താലും വിധി അത് തന്നെ. മുഖമോ ശരീരത്തിന്റെ വിശദഭാഗങ്ങളോ അത് പോലുള്ളതോ പകർത്താൻ പാടുള്ളതല്ല. ഇനി സ്മരണയ്ക്ക് വേണ്ടിയോ ഫോട്ടോ എടുക്കൽ അനുവദിക്കാത്ത ലക്ഷ്യങ്ങൾക്കോ അത് പോലുള്ളതിനോ ആണെങ്കിൽ ഉപകരണമുപയോഗിച്ചാലും നിഷിദ്ധമാണ്. ഇനി നിർബന്ധിതാവസ്ഥയിലോ ആവശ്യത്തിന് വേണ്ടിയോ ഫോട്ടോ എടുത്താൽ അത് കൊണ്ട് കുഴപ്പമില്ല. ഈ വിഷയത്തിൽ എന്റെ അഭിപ്രായത്തിന്റെ ചുരുക്കമാണിത്. ഇത് ശരിയാണെങ്കിൽ അപ്പോഴത് അല്ലാഹുവിൽ നിന്നാകുന്നു. അത്കൊണ്ട് ഉപകാരം ചെയ്തവൻ അവൻ തന്നെ. ഇനി ഇതിൽ പിഴവുണ്ടെങ്കിൽ അപ്പോഴത് എന്റെ വീഴ്ചയും കുറവുമാണ്. അല്ലാഹുവിന്റെ ഔദാര്യം മുഖേന എനിക്ക് പൊറുത്തു തരണമെന്ന് അവനോട് യാചിക്കുന്നു. ശരിയിലേക്ക് എനിക്ക് മാർഗ്ഗ ദർശനം നൽകണമെന്നും പ്രാർത്ഥിക്കുന്നു.

---

(١) تقدّم تخريجه.

# ഉപസംഹാരം

സകല കുടുബത്തിന്റെയും നിലനിൽപിനെ ബാധിക്കുന്ന അപകടകരമായ ഈ വിഷയത്തെ സംബന്ധിച്ച ഇൽമിന്റെ അഹ്ലുകാരിൽ നിന്നുള്ള ഫത്വകൾ ഉദ്ധരിക്കുന്ന ഈ ഉദ്യമം അല്ലാഹു എളുപ്പമാക്കി. ഇത് പ്രയോജനകരമാകാനും എനിക്കും ഇതിന്റെ വായനക്കാർക്കും ഒരു സൂക്ഷിപ്പ് സ്വത്താകാനും അവകൊണ്ട് ഉപകാരമുണ്ടാകാനും മഹാനായ അല്ലാഹുവിനോട് ഞാൻ പ്രാർത്ഥിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ സമാഹാരം ഇവിടെ അവസാനിക്കുകയാണ്. അല്ലാഹു സഹായിക്കുകയാണെങ്കിൽ ഇത് സംബന്ധമായി ചില പ്രസിദ്ധീകരണങ്ങളിൽ പുതുതായി വന്നിട്ടുള്ള പണ്ഡിതന്മാരുടെ വാക്കുകൾ കൂടി അനുബന്ധമായി ചേർക്കുന്നതാണ്. അതിന് മുമ്പ് ശൈഖുൽ അല്ലാമ മുഹമ്മദ്ബ്നു സ്വാലീഹ് ഉസൈമീന്റെ ഖുതുബയിൽ നിന്നുള്ള ഭാഗങ്ങൾ കൂടി ഇതോടൊപ്പം കൊടുക്കുകയാണ്. ഇതിൽ ഞാൻ വ്യക്തമാക്കിയ സത്യങ്ങൾ അല്ലാഹുവിൽ നിന്നുള്ളതാണ്. ഇതിലെനിക്ക് തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ അത് എന്നിൽ നിന്നുള്ളതാണ്. നമ്മെ എല്ലാവരെയും പിഴവുകളിൽ നിന്നും അല്ലാഹുവിന് തൃപ്തിയില്ലാത്ത എല്ലാത്തിൽ നിന്നും അവൻ സംരക്ഷിക്കട്ടെ. സർവ്വലോക സംരക്ഷകനായ അല്ലാഹുവിനാണ് സർവ്വ സ്തുതിയുമെന്നാണ് ഞങ്ങളുടെ അവസാന പ്രാർത്ഥന. അല്ലാഹുവേ നിന്നെ സ്തുതിക്കുകയും നിന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. നീ അല്ലാതെ ആരാധ്യനില്ല. എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നിന്നോട് ഞാൻ പാപമോചനം തേടുകയും നിന്നിലേക്ക് ഖേദിച്ച് മടങ്ങുകയും ചെയ്യുന്നു.

**ലുഖ്മാൻ ഇബ്നു അബിൽഖാസിം അൽ അൻസാരി.**

**ഹിജ്റ 1426**

# അനുബന്ധം 1

## ആദരണീയ കർമ്മശാസ്ത്ര പണ്ഡിതൻ

## മുഹമ്മദ്ബ്നു സ്വാലിഹ്ഉസൈമീൻ റഹിമഹുല്ലാഹ്

**ഒരുവൻ ഡിഷ് ആന്റിനകളിൽ എന്തെങ്കിലും തന്റെ വീട്ടിൽ ബാക്കിയാക്കി മരണപ്പെട്ടാൽ നിശ്ചയം അവൻ മരിച്ചത് തന്റെ ഉത്തരവാദിത്വത്തിൽ വഞ്ചന കാണിച്ചവനായിട്ടാണ്. സ്വർഗ്ഗം അവന് തടയപ്പെടുന്നു.**

**ശൈഖ് മുഹമ്മദ്ബ്നു സ്വാലിഹ് ഉസൈമീൻ റഹിമഹുല്ലാഹ് പറഞ്ഞു;**

''നബി ﷺ പറഞ്ഞു:-

«ما من عبد يسترعيه الله رعيةً – يموت يوم يموت – وهو غاش لرعيته، إلا حرَّم الله عليه الجنة»

അല്ലാഹു ഒരടിമക്കും ഭരണീയരെ ഉത്തരവാദിത്വം ഏൽപ്പിച്ച് കൊടുത്തിട്ടില്ല. (മരണ ദിവസം അവൻ മരിക്കുന്നത്) തന്റെ ഉത്തരവാദിത്വത്തിൽ വഞ്ചന കാണിച്ചവനായിട്ടാണെങ്കിൽ അല്ലാഹു സ്വർഗ്ഗം നിഷിദ്ധമാക്കിയിട്ടല്ലാതെ.''[1]

ഇത് വലുതും വിശാലവുമായ ഉത്തരവാദിത്വത്തെയും ചെറിയ ഉത്തരവാദിത്വത്തെയും ഉൾക്കൊള്ളുന്നതാണ്. ഒരാൾക്ക് തന്റെ കുടുംബത്തിനോടുള്ള ഉത്തരവാദിത്വവും ഇതിൽ ഉൾക്കൊള്ളും കാരണം നബി ﷺ പറഞ്ഞു:

«الرجل راعٍ في أهله، ومسئول عن رعيته»

''പുരുഷൻ തന്റെ കുടുംബത്തെ സംബന്ധിച്ച് ഉത്തരവാദിയാണ്. അവന്റെ ഉത്തരവാദിത്വത്തെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്.''[2]

ഈ അടിസ്ഥാനത്തിൽ ഒരാൾ മരണപ്പെടുന്നത് തന്റെ ഭവനത്തിൽ ഡിഷുകളോ ആന്റിനയോ ഉപേക്ഷിച്ചിട്ടാണെങ്കിൽ അപ്പോഴവൻ മരിച്ചത് തന്റെ ഉത്തരവാദിത്വത്തിൽ വഞ്ചന കാണിച്ചവനായിട്ടാണ്.

(١) الصحيحة ٢٦٣١.

(٢) صحيح الجامع الصغير ٤٥٦٩.

ഹദീസിൽ വന്നതനുസരിച്ച് സ്വർഗ്ഗം അവന് തടയപ്പെടും. ഇനി നാം ചോദിക്കട്ടെ! തന്റെ മരണത്തിന് മുമ്പ് ഏത് പാപമാണ് മനുഷ്യൻ ഈ രീതിയിൽ സംഭരിച്ച് വെച്ചത്. തന്റെ മരണ ശേഷം അവയുടെ ഭാരം അവൻ ചുമക്കുക തന്നെ ചെയ്യും. കാലം ദീർഘിക്കുന്തോറും പാപം വർദ്ധിച്ച് കൊണ്ടിരിക്കും.

മുസ്ലീം സഹോദരാ സൂക്ഷിക്കുക. നിനക്ക് ശേഷം നിന്റെ ഖബറിൽ നിനക്കെതിരിൽ പാപം സമ്പാദിക്കുന്ന കാര്യങ്ങൾ ശേഷിപ്പിച്ച് പോക്കുന്നതിനെ നീ സൂക്ഷിക്കുക. ഈ ഡിഷുകൾ നിന്റടുക്കലുണ്ടെങ്കിൽ അതിനെ തകർക്കുക എന്നത് നിനക്ക് നിർബന്ധമാണ്. കാരണം നിലവിലെ സാഹചര്യത്തിൽ ഹറാമാക്കപ്പെട്ട മാർഗ്ഗത്തിലൂടെയല്ലാതെ അവ കൊണ്ട് ഉപകാരമെടുക്കാൻ സാധിക്കുകയില്ല. അത് വിൽക്കാനും സാധ്യമല്ല. നീയത് വിറ്റാൽ വാങ്ങുന്നവൻ അല്ലാഹുവിന് എതിര് പ്രവർത്തിക്കുന്നതിന് അവ ഉപയോഗിക്കാൻ നീ പ്രേരിപ്പിച്ചവനാകും. അങ്ങനെ നീ തെറ്റിനും അതിക്രമത്തിനും സഹായിക്കുന്നവരിൽപ്പെട്ടവനാകും. ശർറുകളും പ്രയാസങ്ങളുമുണ്ടാക്കുന്ന ഈ ഡിഷ് തകർക്കാതെ മരണത്തിന് മുമ്പ് അതിൽ നിന്നും തൗബ ചെയ്യാൻ മാർഗ്ഗമില്ല. ഇതെല്ലാവർക്കും അറിയപ്പെട്ട കാര്യമാണ്.

ജാഗ്രത…ജാഗ്രത….ജാഗ്രത….

തീർച്ച ഈ പാപഭാരം നീ വഹിക്കേണ്ടിവരും. നിന്റെ മരണശേഷം നിനക്കെതിരിൽ അത് നീങ്ങും. നാം അല്ലാഹുവിനോട് ആരോഗ്യത്തിനും നമ്മെയും മുസ്ലീം സഹോദരങ്ങളെയും സ്വിറാതുൽ മുസ്തഖീമിലേക്ക് നയിക്കുന്നതിനുമായി പ്രാർത്ഥിക്കുന്നു. അവന്റെ കടാക്ഷം കൊണ്ട് വഴികേടിൽ നിന്നും നമ്മെ അവൻ സംരക്ഷിക്കട്ടെ. അവന്റെ സംരക്ഷണത്തിൽ അവൻ നമ്മെ ഏറ്റെടുക്കട്ടെ തീർച്ചയായും അവൻ അത്യുദാരനാണ്.[3]

**എന്റെ കുറിപ്പ് (ഗ്രന്ഥകർത്താവ്)**: ശ്രദ്ധിച്ച് കേൾക്കുന്നവരെയും ഹൃദയമുള്ളവരെയും ആഴത്തിൽ സ്വാധീനിക്കുന്ന വിലപ്പെട്ട ഉപദേശമിതാ! അല്ലാഹു സാക്ഷി ഇമാം ഇബ്നു ഉസൈമീന്റെ ഗവേഷണത്തിലൂടെ സ്വീകരിക്കപ്പെട്ട നിലപാടാണിതെന്ന് തെറ്റിദ്ധാരണ വെച്ച് പുലർത്തുന്നവനേ എന്നോടൊപ്പം ഒരൽപം ചിന്തിക്കൂ. നിലവിലെ അവസ്ഥാവിശേഷങ്ങൾ ശ്രദ്ധിച്ച് ഒഴിഞ്ഞിരുന്ന് ചിന്തിക്കൂ. ചാനലുകളുടെ സൗകര്യമില്ലാതെ വെറും ടെലിവിഷൻ കൊണ്ട് മതിയാക്കുന്ന ആരെങ്കിലുമുണ്ടോ ഇന്ന്? മറുപടി നിനക്ക് വേണ്ടി ഞാൻ വിടുന്നു.

---

[3] ഹിജ്റ 1417 റബീഉൽ അവ്വൽ ഇരുപത്തിഅഞ്ച് ജുമുഅ രണ്ടാംഖുതുബയിൽ ശൈഖ് നടത്തിയ പ്രഭാഷണത്തിൽ നിന്നും.

# അനുബന്ധം 2

## ശൈഖ് അബ്ദുല്ലാഹിബ്നു ഹുമൈദി റഹിമഹുല്ലായുടെ ലേഖനം

അല്ലാഹുവിന് സർവ്വ സ്തുതിയും. അവനെ നാം സ്തുതിക്കുന്നു. അവനോട് സഹായാഭ്യർത്ഥന നടത്തുന്നു. അവനോട് സന്മാർഗം ചോദിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു. ഖേദിച്ച് മടങ്ങുകയും നഫ്സിന്റെ ദൂഷ്യങ്ങളിൽ നിന്നും നാം അവനോട് അഭയം തേടുകയും ചെയ്യുന്നു. നമ്മുടെ പ്രവർത്തനങ്ങളുടെ തെറ്റിൽ നിന്നും അഭയം തേടുന്നു അവൻ സന്മാർഗം നൽകിയവനെ പിഴപ്പിക്കുന്നവനില്ല. അവൻ പിഴപ്പിച്ചവന് സന്മാർഗം നൽകാനും ആർക്കും കഴിയില്ല. ആരാധനക്കർഹൻ അല്ലാഹു മാത്രമേയുള്ളൂവെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു അവന് പങ്കുകാരില്ല. നിശ്ചയം മുഹമ്മദ് അവന്റെ അടിമയും സന്മാർഗ്ഗവും സത്യദീനുമായി നിയോഗിക്കപ്പെട്ട റസൂലുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അദ്ദേഹത്തിന്റെയും കുടുംബത്തിന്റെയും അനുചരന്മാരുടെയും മേൽ അല്ലാഹുവിന്റെ സമാധാനം പ്രകാശവും തിളക്കമുള്ളിടത്തോളം കാലം ഉണ്ടാകട്ടെ.

ടെലിവിഷനെന്നറിയപ്പെടുന്ന ഉപകരണത്തിന്റെ ഹുക്മിനെക്കുറിച്ച് ചോദ്യങ്ങൾ അധികരിച്ചിരിക്കുന്നു. അവ വെക്കലും ഉപയോഗിക്കലും അനുവദനീയമാണോ അതല്ല ഷറഇൽ നിശിദ്ധമാക്കപ്പെട്ടതാണോ? ഈ വിഷയത്തിൽ ചോദ്യങ്ങൾ വിവിധ തരത്തിലുണ്ട്. പക്ഷെ അവയുടെ ലക്ഷ്യം ഒരേകാര്യം തന്നെയാണ്. അതായത് ഈ ഉപകരണം ചില സന്ദർഭത്തിൽ സംസ്കാരത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ഘടകമാകുന്നു. മറ്റ് ചിലപ്പോൾ ദോഷങ്ങളുടെയും പരീക്ഷണത്തിന്റെയും ഉപകരണമായി മാറുന്നു. കാരണം പ്രോഗ്രാം പ്ലാനർമാർ അതിലൂടെ വിടുന്നതെല്ലാം സ്ക്രീനിൽ തെളിയുകയാണ്. അപ്പോൾ അല്ലാഹുവിനോട് സഹായാഭ്യർത്ഥന നടത്തിക്കൊണ്ട് അവനിൽ ആശ്രയിച്ച് കൊണ്ട് ഞാൻ പറയട്ടെ. ഈ ടെലിവിഷൻ അധിക നാടുകളിലും പ്രചാരത്തിലായിക്കഴിഞ്ഞുവെന്നത് ഒരു സംശയവുമില്ലാത്ത കാര്യമാണ്. ജനങ്ങളധികവും അവരുടെ വീടുകളിൽ അവ ഉപയോഗിക്കുന്നു. യുവതികളും യുവാക്കളും ആരും ഒഴിവല്ല. പൊതുസദസ്സുകളിലും കോൺഫറൻസുകളിലും അത് വ്യാപകമായിക്കഴിഞ്ഞു. അവയുടെ വിധിയെ സംബന്ധിച്ച് സംസാരിക്കുന്നതിന് മുമ്പ് അവയുടെ ദൂഷ്യങ്ങളും അപകടങ്ങളും വിശദീകരിക്കുന്നതിനും മുമ്പ് ഒരു ആമുഖം അനിവാര്യമാണ്. ഒരു മുസ്ലീം അത്യാവശ്യം ഓർത്തിരിക്കേണ്ട കാര്യങ്ങൾ ഞാനതിൽ വ്യക്തമാക്കും. വിരോധിക്കപ്പെട്ട വിനോദങ്ങളുടെ വിധി, ഹൃദയങ്ങളുടെ വിഭജനം. അവയിൽ ചിലത് ഫിത്നകൾ പാനം ചെയ്യുകയും അവയെ സ്നേഹിക്കുകയും ചെയ്യുന്നു. മറ്റ് ചിലത് അവകളെ വെറുക്കുകയും ഈമാനിന്റെ പ്രകാശം കൊണ്ട് ശോഭിക്കുകയും ചെയ്യുന്നു.

# ആമുഖം

അബൂദാവൂദ്, തുർമിദി, നസാഇൗ ഹാകിം തുടങ്ങിയവർ റിപ്പോർട്ട് ചെയ്തതും പരമ്പര സ്വാഹീഹാണെന്ന് ഹാഖിം പറയുകയും ചെയ്ത ഉഖ്ബത്ത്ബ്നു ആമിറിൽ നിന്നും ഉദ്ധരിക്കുന്ന ഹദീസ് റസൂൽ ﷺ പറഞ്ഞു:

«كل ما يلهو به الرجل المسلم باطل، إلا رميه بقوسه، وتأديبه فرسه، وملاعبته أهله، فإنهن من الحق»

''മുസ്ലീം പുരുഷൻ ചെയ്യുന്ന എല്ലാ വിനോദങ്ങളും ബാത്വിലാണ് (പാഴായതാണ്). അമ്പെയ്ത്തും കുതിര സവാരി പരിശീലനവും തന്റെ ഭാര്യയുമായി സല്ലപിക്കുന്നതുമൊഴികെ. നിശ്ചയം അവ സത്യത്തിൽ പെട്ടതാകുന്നു.''[1]

റസൂൽ ﷺ സത്യത്തിൽപ്പെടുത്തിയ അല്ലെങ്കിൽ അതിലേക്കുള്ള മാധ്യമമായ ഈ മൂന്ന് കാര്യങ്ങളല്ലാത്ത മനുഷ്യപുത്രൻ ഏർപ്പെടുന്ന വിനോദങ്ങൾ നിഷ്പ്രയോജനമാണ്. അതായത് നിഷിദ്ധവും തടയപ്പെട്ടതുമാണെന്നതിന് ഈ ഹദീസിൽ തെളിവുണ്ട്. മആലിമു സുനനിൽ ഖത്വാബി പറഞ്ഞു.

«ليس من اللهو إلا ثلاث» എന്ന വാക്കുകൾ കൊണ്ട് മൂന്ന് കാര്യങ്ങൾ ഒഴികെയുള്ളത് അനുവദിക്കപ്പെട്ട വിനോദങ്ങളിൽപ്പെട്ടതല്ല. മറ്റ് രിവായത്തുകളിലൂടെ ഈ ഹദീസിന്റെ ആശയം വിശദമായി വന്നിട്ടുണ്ട്.

ഞാൻ പറയട്ടെ: ഈ വിശദീകരണമനുസരിച്ച് വിനോദത്തിന്റെ എല്ലാ ഇനവും തടയപ്പെട്ടതാണ്. ഈ മൂന്ന് കാര്യങ്ങൽ മാത്രം റസൂൽ ﷺ തടയപ്പെട്ടവയിൽ നിന്നും ഒഴിവാക്കി കാരണം ഇവയെല്ലാം ഹഖാണ് അല്ലെങ്കിൽ ഹഖിലേക്കുള്ള മാർഗ്ഗമാണ് എന്ന വസ്തുത ചിന്തിച്ചാൽ നമുക്ക് മനസ്സിലാക്കാം.

ആയുധ പയറ്റും ചാട്ടവും അത് പോലുള്ള മനുഷ്യന്റെ കായികാഭ്യാസ്യങ്ങളിൽപ്പെട്ട കാര്യങ്ങൾ ഈ ആശയത്തിലുള്ളതാണ്. അതവന്റെ ശരീരത്തെ ഉറച്ചതാക്കും. ശത്രുക്കളുമായുള്ള ചെറുത്തു നിൽപ്പിന് അവനെ ശക്തനാക്കും. ചതുരംഗം, ദൂത് പ്രാവിനെ പരസ്പരം പറത്തൽ തുടങ്ങിയ കളിയുടെ എല്ലാ വിഭാഗവും അലസന്മാർ സ്വീകരിക്കുന്നവയാണ്. ഇവകൾ കൊണ്ട് ഹഖിന് ഒരു സഹായവും ലഭിക്കില്ല. തന്റെ വാജിബുകൾ സംരക്ഷിക്കുന്നതിന് വേണ്ടി അത്തരം വിനോദങ്ങളിൽ ഏർപ്പെടാൻ പാടുള്ളതല്ല. അങ്ങനെ വരുമ്പോൾ (വാജിബുകൾ വീഴ്ച വരുന്ന സാഹചര്യത്തിൽ) അവയെല്ലാം തടയപ്പെട്ടതുമാണ്.

---

(١) النسائي: الخيل ٣٥٧٨، وأبو داود: الجهاد ٢٥١٣، وأحمد ٤/ ١٤٦، ٤/ ١٤٨.

ഈ വിഷയത്തിൽ ഷൗക്കാനി പറഞ്ഞു "വിനോദമെന്ന നാമകരണത്തിൽ അംഗീകരിക്കപ്പെട്ടവ അനാവശ്യത്തിന്റെ പരിധിയിൽപ്പെടുന്നതാണ്. പ്രസ്താവിക്കപ്പെട്ട മൂന്ന് കാര്യങ്ങൾ വിനോദത്തിന്റെ രൂപത്തിലാണെങ്കിലും അനുവദിക്കപ്പെടുന്നു. കാരണം ഈ പ്രവർത്തി മുഖേന ശേഷമുണ്ടാകുന്ന മതപരമായ പ്രയോജനത്തിലേക്ക് വീക്ഷിക്കുമ്പോൾ മഹോന്നതനായ അല്ലാഹുവിലേക്ക് സാമീപ്യമുണ്ടാകുന്ന അനുസരണയിൽ അവ പെടുന്നതാണ്."

«كل لهو يلهو به الرجل فهو باطل...» എന്ന ഉഖ്ബയുടെ ഹദീസിന്റെ ചർച്ചയിൽ ശൈഖുൽ ഇസ്ലാം ഇബ്നു തീമിയ റഹിമഹുല്ലാഹ് പറഞ്ഞു: "അതിന്റെ ആശയം; ബാത്വിൽ ഹഖിന്റെ എതിരാണ് അപ്പോൾ ഹഖ് അല്ലാത്ത എല്ലാം അല്ലെങ്കിൽ ഹഖിലേക്കുള്ള മാധ്യമമല്ലാത്ത പ്രയോജനകരമല്ലാത്ത എല്ലാം ഉറപ്പായും അത് ബാത്വിലാണ്. സമയം പോക്കലും തന്റെ ദീനിന്റെയും ദുനിയാവിന്റെയും ഉപകാരപ്രദമായ കാര്യങ്ങൾ മനുഷ്യന് നഷ്ടപ്പെടുത്തലുമാണ്. ഇത് പോലുള്ളവ മതനിയമത്തിൽ അനുവദനീയമാക്കൽ സംഭവിക്കുകയുമില്ല."

"നിരർത്ഥകമായ കളിവിനോദങ്ങളിൽ പണ്ഡിതന്മാരുടെ അഭിപ്രായം ഇതാണ്. ഇത് വിനോദത്തിലേർപ്പെടുന്ന വ്യക്തിക്കുണ്ടാകുന്ന ഉദാസീനതകളെ പരിഗണിച്ച് നിഷിദ്ധമാക്കപ്പെട്ടതാണ്. പൊതുവെ വീടിനകത്തുള്ള ഭൂരിഭാഗത്തെയും ഇത് കുഴപ്പത്തിലാക്കുന്നില്ല. എന്നാൽ ടെലിവിഷന്റെ സ്ക്രീനിൽ പ്രദർശിപ്പിക്കപ്പെടുന്ന പ്രലോഭനകാഴ്ചകൾ അധാർമ്മിക ആഘോഷങ്ങൾ ആഭാസ നൃത്തങ്ങൾ സ്ത്രീ പുരുഷ കൂടിക്കലരലുകളും നാണമില്ലാത്ത നിർലജ്ജാകരമായ ഇരുകൂട്ടരുടെയും ആലിംഗനങ്ങളും അറപ്പുണ്ടാക്കുന്നവയാണ്. അവ എല്ലാ ഭവനങ്ങളിലും, സകല സ്ഥലങ്ങളിലും മ്ലേച്ഛത പരത്തുന്നു. അർത്ഥശൂന്യന്മാർ അവ ശ്രദ്ധിക്കുകയും അവരുടെ സ്വഭാവങ്ങൾ കൂടുതൽ തകരാറിലാവുകയും ചെയ്യുന്നു. ജനങ്ങളുടെ മതപരമായ ആവേശം നശിക്കുകയും അറബി സമൂഹത്തിന്റെ ഗാംഭീര്യം അപ്രത്യക്ഷമാകുകയും ചെയ്യുന്നു. ഈ രൂപത്തിലോ ശൈലിയിലോ അല്ലാത്ത, വ്യക്തിയിൽ മാത്രം ന്യൂനതയുണ്ടാക്കുന്ന കളിവിനോദങ്ങളുമായി നോക്കുമ്പോൾ ഇതിന്റെ കാര്യം എവിടെയാണ്? അല്ലാഹു മാത്രമാണ് സഹായി.

റസൂൽ ﷺ പറഞ്ഞു:

«تعرض الفتن على القلوب كعرض الحصير، عودًا عودًا، فأي قلب أشربها نكتت فيه نكتة سوداء، وأي قلب أنكرها نكتت فيه نكتة بيضاء، حتى تعود القلوب على قلبين: قلب أسود مرباد، كالكوز مجخيًا، لا يعرف معروفا، ولا ينكر منكرا، إلا ما أشرب من هواه، وقلب أبيض، فلا تضره فتنة، ما دامت السماوات والأرض».

‘‘നെയ്ത്ത് പായയുടെ മടക്കുകൾ വീണ്ടും വീണ്ടും ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നത് പോലെ ഹൃദയങ്ങളിൽ ഫിത്നകൾ കടന്ന് വരും. ഏതെങ്കിലും ഹൃദയം അത് പാനം ചെയ്താൽ അതിൽ ഒരു കറുത്ത പുള്ളി വീഴുന്നതാണ്. ഏതെങ്കിലും ഹൃദയം അതിനെ നിശേധിച്ചാൽ അതിൽ ഒരു വെളുത്ത പുള്ളി വീഴുന്നതാണ് അപ്പോൾ ഹൃദയങ്ങൾ രണ്ട് വിഭാഗമുണ്ട്. കമഴ്ത്തപ്പെട്ട കൂജ പോലെ കാലിയായ കറുത്തിരുണ്ട ഹൃദയം. ഭൗതിക ഇച്ഛകൾ പാനം ചെയ്യുന്നതൊഴിച്ചാൽ ഒരു നന്മയുമത് തിരിച്ചറിയുകയില്ല. ഒരു തിന്മയെയും അത് നിഷേധിക്കുകയില്ല. വെളുത്ത ഹൃദയം. ആകാശ ഭൂമി ഉള്ളിടത്തോളം ഫിത്ന അതിന് ദോഷമുണ്ടാക്കുകയില്ല.’’

ഇബ്നുൽഖയ്യിം റഹിമഹുല്ലാഹ് പറയുന്നു: ‘‘ഹൃദയങ്ങളിൽ കുറേശ്ശെ കുറേശ്ശെ ഫിത്ന പ്രത്യക്ഷപ്പെടുന്നതിനെ നെയ്ത്ത് പായുടെ മടക്കുകളോട് സദൃശ്യപ്പെടുത്തി. അത് കുറേച്ചെശ്ശയാണെങ്കിലും പായക്ക് ബലം നൽകുന്നതാണ്. ഫിത്ന പ്രത്യക്ഷപ്പെടുന്ന ഹൃദയങ്ങളെ രണ്ടായി വിഭജിച്ചിരിക്കുന്നു. ഫിത്ന വെളിവാക്കുകയും സ്പോഞ്ച് വെള്ളം കുടിക്കുന്നത് പോലെ ഹൃദയം. അത് പാനം ചെയ്യുകയും ചെയ്താൽ അതിൽ കറുത്ത ഒരു പുള്ളി വീഴുന്നതാണ്. പ്രത്യക്ഷപ്പെടുന്ന സകല ഫിത്നകളെയും കുടിച്ചുകൊണ്ടിരിക്കുന്ന ഹൃദയങ്ങൾ കറുത്തിരുളുകയും കീഴ്മേൽ ഹൃദയത്തിന്റെ സ്വഭാവം വ്യത്യാസപ്പെടുകയും ചെയ്യും. കമഴ്ത്തപ്പെട്ട കൂജപോലെ എന്നതിന്റെ അർത്ഥമതാണ്. അത് കറുത്തിരുണ്ടാൽ അതിന്റെ അവസ്ഥമറിയുന്നു. രണ്ടാപത്തുകൾ ഹൃദയത്തിൽ പ്രദർശിപ്പിച്ചാൽ നാശത്തിലേക്ക് വലിച്ചെറിയപ്പെടുന്ന രണ്ട് അപകടങ്ങളാണത്.

ഒന്ന്:- നന്മയും തിന്മയും തമ്മിൽ അവൻ ആശയക്കുഴപ്പത്തിലാവും. അങ്ങനെ വരുമ്പോൾ നന്മ അവൻ തിരിച്ചറിയുകയില്ല. തിന്മയെ വെറുക്കുകയുമില്ല. ചിലപ്പോൾ ഈ രോഗം അവനെതിരിൽ വിധിക്കുകയും ചെയ്യും. അങ്ങനെ അവൻ നന്മയെ തിന്മയായും തിന്മയെ നന്മയായും സുന്നത്തിനെ ബിദ്അത്തായും ഹഖിനെ ബാത്വിലായും ബാത്വിലിനെ ഹഖായും വിശ്വസിക്കും.

രണ്ട്:- നബി ﷺ കൊണ്ട് വന്ന ദീനിൽ അവന്റെ ഇച്ഛയ്ക്കനുസരിച്ച് വിധി കണ്ടെത്തുകയും അവന്റെ ഇംഗിതം നടപ്പിലാക്കുകയും പിൻപറ്റുകയും ചെയ്യും.

വെളുത്ത ഹൃദയത്തിൽ ഈമാനിന്റെ വെളിച്ചം പ്രഭ ചൊരിയും അതിന്റെ വിളക്കുകൾ ശോഭിക്കും. അതിൽ ഫിത്ന കടന്ന് വന്നാൽ അവയെ നിഷേധിക്കുകയും തള്ളുകയും ചെയ്യും. അങ്ങനെ ആ ഹൃദയത്തിന്റെ തിളക്കവും വെളിച്ചവും ശക്തിയും വർദ്ധിക്കും. ഹൃദയങ്ങളിൽ പ്രദർശിപ്പിക്കപ്പെടുന്ന പ്രലോഭനങ്ങൾ അവയുടെ രോഗകാരണങ്ങളാണ്. അത് ലൈംഗികാസക്തിയുടെ പ്രലോഭനങ്ങൾ, ആശയക്കുഴപ്പങ്ങളുടെ ഫിത്നകൾ. അധാർമ്മികതയുടെയും വഴികേടിന്റെയും ഫിത്നകൾ.

ബിദ്അത്തുകളുടെയും പാപങ്ങളുടെയും ഫിത്നകൾ. അതിക്രമത്തിന്റെയും വിവരക്കേടുകളുടെയും ഫിത്നകൾ.

അപ്പോൾ ഒന്നാമത്തേത്; ഉറപ്പായും ഉദ്ദേശലക്ഷ്യങ്ങളെ കുഴപ്പത്തിലാക്കും. രണ്ടാമത്തേത്; ഈമാനിനേയും വിശ്വാസത്തെയും കുഴപ്പത്തിലാക്കുമെന്നതും ഉറപ്പ്.'' ഇബ്നുൽ ഖയ്യിമിന്റെ വാചകം അവസാനിച്ചു.

അപ്പോൾ ഹൃദയം രണ്ട് ഇനമാണ് ഫിത്ന പ്രത്യക്ഷപ്പെടുകയും അവ മോന്തുകയും അവയെ ഇഷ്ടപ്പെടുകയും അതിലേക്ക് ആകർഷിക്കുകയും അവയെ സഹായിക്കുകയും ചെയ്ത ഹൃദയം. മറ്റൊരു ഹൃദയം അതിനെ നിഷേധിക്കുകയും വെറുക്കുകയും അവയിൽ നിന്നും ജാഗ്രത കൈകൊള്ളുകയും ചെയ്തു. അവയ്ക്കുള്ള ഉദാഹരണം ടെലിവിഷൻ സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്ന നശിച്ച പ്രലോഭനങ്ങളും ഉപദ്രവകരമായ കാഴ്ചകളും, നൃത്തങ്ങൾ, ആഘോഷങ്ങൾ, നാടകങ്ങൾ, അവ പോലുള്ളവയും മറ്റുമാണ്. ഒരു ഹൃദയം അതിനോട് ഇണങ്ങുകയും ഇഷ്ടപ്പെടുകയും അതിലേക്ക് പ്രേരിതനാകുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഹൃദയം കറുക്കുന്നു അതിന്റെ ആവേശം മൃത്യുവരിക്കുന്നു. അതിന്റെ രോഗത്തെ വിളിച്ച് വരുത്തുന്നു. ഒരു ഹൃദയം അതിനെ നിഷേധിക്കുകയും വെറുക്കുകയും അതിൽ നിന്ന് ജാഗ്രത പുലർത്തുകയും ചെയ്യുന്നു. ഈ ഹൃദയമാണ് ഈമാനിന്റെ വെളിച്ചത്തിൽ പ്രശോഭിക്കുന്നത് ഹുദൈഫ رَضِيَ اللَّهُ عَنْهُ യുടെ ഹദീസിന്റെ ആശയമതാണ്.

ഇബ്നുൽഖയ്യും റഹിമഹുല്ലാഹ് വീണ്ടും പറയുന്നു: ''നിരർത്ഥക സംസാരങ്ങളും വീണ്ടുവിചാരമില്ലാത്ത അഭിപ്രായങ്ങളും പരസ്പര വിരുദ്ധ ചിന്തകളും ശൈത്വാന്റെ വഞ്ചനയിലും തന്ത്രത്തിലും പെട്ടതാണ്. അവ ബുദ്ധികളെ തൂത്തെറിയും ചിന്തകളെ തച്ചുടക്കും. ചാഞ്ചാടുന്ന ഇരുൾ മുറ്റിയ ഹൃദയങ്ങൾ, വലിച്ചെറിയുന്ന ചണ്ടികളത്രെ. ഹഖിനെ ബാത്വിലിനോട് തുല്യപ്പെടുത്തൽ തെറ്റിനെ ശരിയോട് സമപ്പെടുത്താൽ തുടങ്ങിയവ മൂലം ആശയകുഴപ്പങ്ങൾ പരസ്പരം അധിക്ഷേപിക്കുന്നു. ഭാവനകളുടെ കാർമേഘങ്ങൾ അവയെ മൂടുകയായി. അപ്പോഴതാ മൂർച്ചയേറിയ തർക്കങ്ങളും സംശയങ്ങളും സംശയം ജനിപ്പിക്കലും ഖീലഖാലകളും ചമയത്തിനെത്തുന്നു. ഹൃദയത്തെ ശക്തിപ്പെടുത്തുന്ന യഖീനിന്റെ ഒരു നേട്ടവും സത്യത്തെ അവലംബിക്കുന്ന ഹഖിനോട് യാചിക്കുന്ന വിശ്വാസവും അവയിലില്ല. അവരിൽ ചിലർ ചിലർക്ക് വഞ്ചനാപരമായ ഭംഗിവാക്കുകൾ ഇട്ടു കൊടുക്കുന്നു. അതിന് വേണ്ടി ഖുർആനെ അവർ പാടെ വെടിഞ്ഞു. കളവും ചതിവാക്കുകളും നിഷേധിച്ച് കൊണ്ട് അവരുടെ മനസ്സുകൾ തന്നെ ഈ യാഥാർത്ഥ്യം മന്ത്രിക്കുന്നുണ്ട്. അങ്ങനെ അവർ സംശയങ്ങളിലും അസ്വസ്ഥതകളിലും കുടുങ്ങിയിരിക്കുന്നു. അവർ അറിവില്ലാത്തവരെപ്പോലെ അല്ലാഹുവിന്റെ ഗ്രന്ഥം മുതുകിന് പിന്നിലേക്ക് വലിച്ചെറിഞ്ഞു. വഴികേടിന്റെ

വക്താക്കളായ മുൻഗാമികളുടെ നാവിലൂടെ ശൈത്വാൻ ഉരുവിട്ടത് അവർ പിൻപറ്റി. അവകൊണ്ട് തന്നെ അവർ വിധി തേടുകയും പരസ്പരം തർക്കിക്കുകയും ചെയ്തു. തെളിവുകൾ കൈവെടിയുകയും അവർക്ക് മുമ്പ് പിഴച്ച ജനതയുടെ ഇച്ചകളെ പിന്തുടരുകയും ശരിയായ മാർഗ്ഗത്തിൽ നിന്ന് പിഴക്കുകയും ഭൂരിപക്ഷത്തെ പിഴപ്പിക്കുകയും ചെയ്തു.''

സംശയമില്ല; ഇത്തരത്തിലുള്ള ടെലിവിഷൻ ഉപകരണങ്ങൾക്ക് ശക്തി പകരുന്നവരുടെ ഇരുൾ മുറ്റിയ ഹൃദയങ്ങളിലേക്ക് ശൈത്വാൻ അവന്റെ ചണ്ടികൾ വലിച്ചെറിയുന്നു. അങ്ങനെ അവർ ടെലിവിഷൻ വിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും ഘടകമായി കാണുന്നു. അതിന് വേണ്ടി മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളെ തയ്യാറാക്കുകയും അതിന്റെ മണ്ഡലങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്തു. ടെലിവിഷൻ ഒരു ജനലിന്റെ സ്ഥാനത്താണ്. മനുഷ്യൻ അതിലൂടെ ലോകത്തിലേക്ക് എത്തിനോക്കുന്നു. അങ്ങനെ ടെലിവിഷൻ പ്രോഗ്രാം പ്ലാനർമാർ പ്രദർശിപ്പിക്കുന്നതെന്തും സ്ക്രീനിൽ പതിയുന്നതിനാൽ അവയിലുള്ളവ മനസ്സിലേറ്റുന്നു. അങ്ങനെ അവനും അവനെപ്പോലുള്ളവരും തെളിവുകൾ കൈവെടിയുന്നു. സ്വന്തം ഇംഗിതങ്ങൾ പിന്തുടരുകയും ചെയ്യുന്നു. മുന്നേ പിഴച്ച ജനത, ഭൂരിപക്ഷത്തെ അവർ പിഴപ്പിച്ചു. ശരിയായ മാർഗ്ഗത്തിൽ നിന്നും അവർ പിഴച്ചിരിക്കുന്നു. അതിനാൽ നിരർത്ഥകമായ ഭംഗിവാക്കുകളെയും വ്യർത്ഥ ഭാവനകളെയും വീണ്ടു വിചാരമില്ലാത്ത തരംതാഴ്ന്ന അഭിപ്രായങ്ങളെയും പരിഗണിക്കേണ്ടതില്ല.

മതപരമായ ആവേശവും അനുകമ്പയും കെടുത്തുന്ന മുസ്ലീംകളുടെ ദീനും ആദർശവും സുന്ദരപാരമ്പര്യവും അവരുടെ അറബി ഗാംഭീര്യവും തകർക്കുന്ന ടെലിവിഷനിലെ ഗുരുതര ദൃശ്യങ്ങളെ സംബന്ധിച്ച് ആര് ചിന്തിച്ചാലും ഇത് ശൈത്വാന്റെ ചതിയും തന്ത്രവുമാണെന്ന കാര്യത്തിൽ സംശയിക്കുകയില്ല. അത് ഹറാമും തടയപ്പെടേണ്ടതുമാണെന്നതിലും ആരും ശങ്കിക്കുകയില്ല. ഇവയെ നന്നായി കാണുകയും വീടുകളിൽ ഉപയോഗിക്കുകയും സ്വന്തം ഇച്ഛകൾ പിന്തുടരുകയും സത്യത്തിൽ നിന്ന് മുഖം തിരിക്കുകയും പിന്തിരിയുകയും ചെയ്യുന്നവരെ പരിഗണിക്കേണ്ടതില്ല. അതാണ് അവരോടുള്ള ഇൽമിന്റെ പരിധി.

വലിയൊരു വിഭാഗം ആളുകൾ കുഴപ്പങ്ങളെയും നന്മകളെയും ശരീരവും സമ്പത്തുമായി ബന്ധപ്പെടുത്തി മാത്രമാണ് കാണുന്നത്. സമൂല നന്മയായ യഥാർത്ഥ സംസ്കരണം പരിഗണിക്കുന്നില്ല. എന്നാൽ ദീനിന് പ്രയോജനപ്രദമായ സംസ്കരണമാണ് യഥാർത്ഥത്തിൽ സംസ്കരണം. മതപരമായ സംസ്കരണത്തെ തുടർന്ന് ശരീരത്തിന്റെയും ധനത്തിന്റെയും നന്മ ഉണ്ടാവുന്നതാണ്. ധനവും ശരീരവും നന്നാവുമ്പോഴല്ല മതം നന്നാവുന്നത്. അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ.

# ടെലിവിഷൻ നിഷിദ്ധമാക്കൽ

അബൂദാവൂദ്, നസാഈ, തിർമിദിയും മറ്റും റിപ്പോർട്ട് ചെയ്ത ഉഖ്ബയുടെ മുമ്പ് വിവരിച്ച ഹദീസ് «كل لهو يلهو به الرجل فهو باطل...» സംബന്ധമായി. ബാത്തിൽ എന്നത് ഹഖിന്റെ പിവരീതമാണ്. അപ്പോൾ നിർബന്ധ കടമകൾ നിർവഹിക്കുന്നതിൽ നിന്നും നേരം പോക്കുന്ന എല്ലാം അവ ഹഖിലേക്കുള്ള മാർഗ്ഗമാകുന്നില്ലെങ്കിൽ ഇമാം ഖതാബിയും ഷൗക്കാനിയും ശൈഖുൽ ഇസ്ലാം ഇബ്നുതീമിയ്യയും മറ്റും പറഞ്ഞ പ്രകാരം തന്നെ ഹറാമാണ്.

ഇബ്നു ഖയ്യിം റഹിമഹുല്ലാഹ് പറഞ്ഞു:

“ഒരു കാര്യത്തിന്റെ വിധിയിൽ അത് അനുവദിച്ചതാണോ ഹറാമാക്കിയതാണോ എന്ന് സംശയമുണ്ടായാൽ അതിന്റെ കുഴപ്പങ്ങളും ഫലങ്ങളും ലക്ഷ്യവും അവൻ പരിശോധിക്കണം. അപ്പോഴവ സുവ്യക്തവും പ്രബലവുമായ കുഴപ്പങ്ങൾ ഉൾക്കൊള്ളുന്നതാണെങ്കിൽ ശറഅ് അവ കൊണ്ട് കൽപിക്കുന്നതും അനുവദിക്കുന്നതും സംഭവ്യമല്ല. എന്നല്ല ഖണ്ഡിതമായിത്തന്നെ അതിന്റെ മതവിധി നിഷിദ്ധമായി കാണുക എന്നതാണ്. പ്രത്യേകിച്ച് അല്ലാഹുവിനും റസൂലിനും അതൃപ്തിയുണ്ടാക്കുന്ന കാര്യങ്ങളായി ഭവിക്കുന്നതോ ഭാവിയിൽ അതിലേക്ക് എത്തിച്ചേരുന്ന മാർഗ്ഗമോ ആണെങ്കിൽ.”

ശൈഖുൽ ഇസ്ലാം ഇബ്നു തീമിയ്യ റഹിമഹുല്ലാഹ് പറഞ്ഞു.

“ത്വാബത്ത്, മിൻഖല്ലത്ത് എന്നീ പേരുകളിലറിയപ്പെടുന്ന കളികളും, അധികവും നിഷിദ്ധത്തിലേക്ക് എത്താൻ സാധ്യതയുള്ള എല്ലാ കളികളും പ്രബലമായ നന്മ അതിൽ ഇല്ലായെങ്കിൽ അനുവദനീയമല്ല. കാരണം കുഴപ്പത്തിന്നും ദൂഷ്യങ്ങൾക്കും അത് കാരണമാകും അല്ലാഹു കൽപ്പിച്ച കാര്യങ്ങളെയും വിട്ട് വ്യാപൃതമാക്കുന്ന അല്ലെങ്കിൽ നേരം നഷ്ടപ്പെടുത്തുന്നവ തടയപ്പെടേണ്ടതാണ്. അതിന്റെ ഇനം ഹറാമാക്കപ്പെടുന്നില്ലെങ്കിലും ശരി. വ്യാപാരങ്ങളും കച്ചവടങ്ങളും പോലെ .അശ്രദ്ധന്മാർ നേരം കളയുന്ന കളിവിനോദങ്ങളുടെ എല്ലാ ഇനവും മതപരമായി ഹഖിന് സഹായകമാക്കുന്നതല്ലെങ്കിൽ എല്ലാം ഹറാമാണ്.”

ഈ രണ്ട് ഇമാമുമാരുടെ വാക്കുകളിൽ നിന്നും വ്യക്തമായ കാര്യം:- ഒരു കാര്യത്തിന്റെ വിധിയിൽ സംശയമുണ്ടായാൽ അതിന്റെ ദൂഷ്യങ്ങളും ഫലവും ലക്ഷ്യവും പരിശോധിക്കണം. അപ്പോൾ അതിന്റെ ദൂഷ്യങ്ങളെക്കാൾ കൂടുതൽ അതിന്റെ നന്മയാണെങ്കിൽ ശറഅ് അതിനെ ഹറാമാക്കുന്നില്ല. എന്നാൽ ഇവിടെ ശാഖാപരമായ ദൂഷ്യങ്ങളെ അവഗണിക്കുകയും മൊത്തത്തിലുള്ള നന്മയുടെ വശം പരിഗണനയിലെടുക്കുകയുമാണ് ചെയ്യുന്നത്.

ഇനി അതിന്റെ നന്മയെക്കാൾ തിന്മക്കാണ് പ്രാബല്യമെങ്കിൽ അവ മുഴുവനും തിന്മയെന്ന അടിസ്ഥാനത്തിൽ ശാഖാപരമായ നന്മകൾ ഉൾക്കൊണ്ടാലും നിയമ നിർമാതാവ് അത് അനുവദിക്കുന്നത് അസംഭവ്യമാണ്. എന്നല്ല കണ്ഠിതമായും അത് ഹറാമാക്കപ്പെട്ടതാണ്. മനുഷ്യൻ വിനോദമായി കാണുന്ന കളികളുടെ എല്ലാ ഇനവും അതിന്റെ വർഗ്ഗം ഹറാമല്ലെങ്കിലും അത് വാജിബ് ഉപേക്ഷിക്കുന്നതിലേയ്ക്ക് ചെന്ന് ചേരുമെങ്കിൽ അത് ബാത്വിലാണ്. കച്ചവടവും കൃഷിയും അത് പോലുള്ളതും അങ്ങനെതന്നെ. ഇനി അവ അത്യാവശ്യമുള്ള പ്രവർത്തനങ്ങളും താൽപര്യമുള്ള ജോലികളുമായാൽ പക്ഷെ അവ ജമാഅത്ത് നമസ്കാരം നഷ്ടപ്പെടുത്തുക അല്ലെങ്കിൽ നമസ്കാര സമയം തന്നെ നഷ്ടപ്പെടുക പോലുള്ള അല്ലാഹുവിന്റെ കോപവും വെറുപ്പും ഉണ്ടാക്കുന്നവയിലേക്ക് ചെന്ന് ഭവിക്കുന്നതാണെങ്കിൽ നിഷിദ്ധമാക്കപ്പെടുന്നതാണ്. ഇനി നന്മകൾ ഇല്ലാത്ത കാര്യങ്ങളാണെങ്കിൽ അവ തടയപ്പെട്ടതാണ്. കാരണം അത് ഷർറ് ഫസാദുകൾക്ക് കാരണമാകും.

ഇതും ടെലിവിഷനും എവിടെ നിൽക്കുന്നു? സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്ന തോന്നിവാസങ്ങളെയും അധാർമ്മികതയെയും കുട്ടികളെ പഠിപ്പിക്കുന്ന നൃത്ത ആഭാസങ്ങളെ കുറിച്ചുമൊന്നും ചിന്തിക്കാതെ തന്നെ പറഞ്ഞാലും അവ സമയം കളയലും ഒരു പ്രയോജനവുമില്ലാത്ത നേരം പോക്കലും ജമാഅത്ത് നമസ്കാരം വരെ നഷ്ടപ്പെടുത്തുന്നതിലേക്കും അല്ലെങ്കിൽ നമസ്കാര സമയം തന്നെ കഴിഞ്ഞ് പോകുന്നതിലേക്കും കൊണ്ടെത്തിക്കുന്നതാണ്. ഇത് എന്തുകൊണ്ടും നിഷിദ്ധമാകാൻ പ്രഥമ സ്ഥാനമുള്ളതാണ്.

# ടെലിവിഷന്റെ കുഴപ്പങ്ങളും ദോഷങ്ങളും

**ഹിജ്റ 17.11.1387–ൽ ഷിഹാബ് പത്രം അതിന്റെ രണ്ടാം ലക്കത്തിൽ പ്രസിദ്ധീകരിച്ച ഉസ്താദ് അഡ്വ:മുഹമ്മദ് അലിത്വാവിയുടെ ലേഖനത്തിൽ നിന്നും പകർത്തിയതാണ് വരുന്ന ഭാഗങ്ങൾ.**

അദ്ദേഹം പറയുന്നു:-

"ടെലിവിഷൻ ആത്മാവിന്റേയും സമൂഹത്തിന്റേയും ക്യാൻസറാണ്. ടെലിവിഷൻ ശരീരത്തിന്റേയും സമ്പത്തിന്റെയും ക്യാൻസറാണ്. ടെലിവിഷൻ ശൈത്വാന്റെ തളികയാണ്. അതിൽ വിപത്തുകൾ വെച്ച് നീട്ടുന്നു."

അദ്ദേഹം പറഞ്ഞു: ഇപ്പോൾ നിലവിലുള്ള സാഹചര്യമനുസരിച്ച് അതിന്റെ പ്രോഗ്രാമുകളിലധികവും നാശമാണ്. ശൈത്വാന്റെ ഈ തളികയിൽ വിവിധതരത്തിലുള്ള അസഭ്യങ്ങളും കുഴപ്പങ്ങളുമാണ്. അനുഷ്ടാനങ്ങളിലും ചിന്തകളിലും മൂല്യങ്ങളിലുമുള്ള വമ്പിച്ച വ്യതിചലനങ്ങളുമുണ്ട്. കലാപരമായ വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെയത് പ്രചരിപ്പിക്കുന്നു. സംഗീതങ്ങൾ, ചിത്രം, അഭിനയം, ആഭാസകൂട്ടായ്മകൾ, മറ്റ് പ്രചാര വേലകൾ.... ഇവയെക്കുറിച്ച് വ്യക്തമായി അറിയുന്ന മാന്യന്മാരും ജീവിതനിഷ്ട പാലിക്കുന്നവരും ഇസ്ലാമിക ജീവിതം നയിക്കുന്നവരുമായ ബഹുഭൂരിഭാഗം ജനങ്ങളും ഈ ഉപകരണം വിലകൊടുത്ത് വാങ്ങുന്നതിനെ ശരിവെക്കുകയാണ്. അവരുടെ കുടുംബങ്ങളിൽ ഇക്കാര്യത്തിൽ അയഞ്ഞ മയപരമായ സമീപനം പുലർത്തുന്നു. വീട്ടുകാരെ അതിലേക്ക് തിരിച്ച് വിടുന്നു. മാത്രമോ അവർ അത് വിലകൊടുത്തു വാങ്ങുന്നു. ചിലപ്പോൾ അതിന്റെ പേരിൽ കടക്കാരാകുന്നു. അല്ലെങ്കിൽ ഈ ടെലിവിഷനും പിശാചിനും വേണ്ടി അവർ വിശപ്പ് സഹിക്കുന്നു.

രണ്ടാമതായി:- നിലവിലെ ടെലിവിഷൻ പ്രോഗ്രാമുകൾ ഉറപ്പായും പിതാക്കന്മാരുടെ നാഡീനരമ്പുകൾ തളർത്തുന്ന പ്രവർത്തനമാണ് ചെയ്യുന്നതെന്നതിൽ സംശയമില്ല. വീടിനുള്ളിൽ അവർ അപമാനിതരാകുന്നു. കുടുംബാധികാരം അവരിൽ നിന്നും ഊരി മാറ്റപ്പെടുന്നു. വിശിഷ്യാ മാർഗ്ഗദർശനപരമായ പരിഗണന നിഷ്കാസിതമാകുന്നു.

മാന്യവും സ്വഭാവ നിഷ്ടകളും ഇസ്ലാമിയത്തുമുണ്ടായിരുന്ന എത്രയോ കുടുംബങ്ങളുടെ അവസ്ഥ തകർപ്പെട്ടു. ഭാര്യാമക്കളുടെ സമ്മർദ്ധങ്ങൾക്ക് വഴങ്ങി ഈ ഉപകരണം വാങ്ങാനും സൗകര്യം ചെയ്ത് കൊടുക്കാനും പ്രേരിതരായവർ അവർ ഉപയോഗിക്കുന്നതിന് നിശ്ചയിക്കപ്പെട്ട സമയങ്ങളും പരിധികളും

നിബന്ധനവെക്കുകയും അതിന്റെ കുഴപ്പങ്ങളിലേക്ക് പരിധിവിട്ട് ഉപയോഗപ്പെടുത്തുന്നത് തടയാനുള്ള മുൻകരുതലുകൾ സ്വയം ഏറ്റെടുത്ത് പരിശീലിപ്പിക്കുകയും ഹാനികരമായ സന്ദർഭങ്ങളിലും അവസരങ്ങളിലും കൃത്യതയോടെ അത് ഓഫ് ചെയ്യുന്നതിന് വ്യവസ്ഥകൾ ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടോ? ഈ കുരുക്കിൽ വീണതിന് ശേഷം തന്റെ ഭാര്യയുടെ കൂടെ, യുവതീയുവാക്കളായ മക്കളുടെ കൂടെയും അതിന്റെ മുന്നിൽ ഇരുന്ന് കഴിഞ്ഞാൽ അവന്റെ ഇച്ഛാശക്തി ദുർബലമാകുന്നു, അവന്റെ കരുത്ത് തകരുന്നു, പിന്നെ ലഹരിപിടിച്ച് മതബോധം നഷ്ടപ്പെടുന്നതാണ് നാം കാണുക. അങ്ങനെ അവന്റെ കുടുംബം കാണാനും കേൾക്കാനും മത്സരിക്കുകയാണ്. ചിത്രങ്ങളെയും ചലനങ്ങളെയും അവർ പിന്തുടർന്ന് ഒന്നിൽ നിന്നും മറ്റൊരു പ്രോഗ്രാമിലേക്ക് അവർ നീങ്ങുന്നു. സ്വൽപകാലത്തിന് ശേഷം നീ അവനോട് അവന്റെ സന്താനങ്ങളുടെ മാർഗ്ഗ ദർശനത്തെക്കുറിച്ച് ആരാഞ്ഞാൽ അവൻ ''ആഹ് കഷ്ടം'' വിലപിക്കും. ചുടു ദീർഘനിശ്വാസംവിടും. ഇനി നിങ്ങൾക്ക് പൂർത്തിയാക്കാം. ലാ ഹൗല വലാ ഖൂവ്വത ഇല്ലാ ബില്ലാഹ്.

കുറച്ച് വർഷങ്ങൾക്ക് മുമ്പ് അൽമേനിയയിലെ സാമൂഹ്യ പ്രവർത്തകരിൽ വിശിഷ്ടനായ ഒരാൾ പുറത്ത് വിട്ട വിവരങ്ങൾ ടെലിവിഷൻ സമൂഹത്തിനും ജീവനും വരുത്തുന്ന അപകടത്തിന്റെ ആഴം വ്യക്തമാക്കുന്നു. വ്യത്യസ്ത സ്ഥാപനങ്ങളും സ്കൂളുകളും നേരിട്ട് സന്ദർശിച്ച് നടത്തിയ പഠനങ്ങൾക്ക് ശേഷമാണ് അദ്ദേഹമത് വ്യക്തമാക്കിയത്.

അദ്ദേഹം പറഞ്ഞു:- അത് നിന്നെ വധിക്കുന്നതിന് മുമ്പ് നീ അതിനെ വധിക്കുക. പക്ഷെ ശക്തമായി ലഹരി പിടിക്കുമ്പോഴെല്ലാം ബോധംകെട്ട ശരീരങ്ങൾക്കായി സാവകാശമുള്ള വധം അതീവ രുചിയോടെ അവൻ ഭക്ഷണമാക്കുകയാണ്.

ഇനി പ്രോഗ്രാം പ്ലാനർമാരും ഡയറക്ടർമാരും ഇതിലൂടെ ഉദ്ദേശിക്കുന്നത് ജനങ്ങളുടെയിടയിൽ സർവ്വസാധാരണമായ കാര്യങ്ങൾ പ്രചരിപ്പിക്കാനും ഉന്നത നിലവാരത്തിലുള്ള ചിന്തകളും സുന്ദര സംസാരശൈലികൾ അവതരിപ്പിക്കാനുമാണെങ്കിൽ നിശ്ചിത ലക്ഷ്യപ്രാപ്തിക്ക് വേണ്ടി നല്ലാതാകട്ടെ ചീത്തയാകട്ടെ തീർച്ചയായും പ്രോഗ്രാമുകളെ കൂട്ടായ പരിശ്രമങ്ങളിലൂടെ ഒന്നിപ്പിക്കുന്നത് നമുക്ക് കാണാമായിരുന്നു.

വിഷത്തിലൂട്ടപ്പെട്ട കൊഴുപ്പുള്ള ചതിപ്രയോഗം. അതെ പ്രോഗ്രാമുകളെ എതിർക്കുന്നവരുടെ രോഷം മരവിപ്പിക്കാൻ ടെലിവിഷൻ ഇടയ്ക്കിടയ്ക്ക് ചില തന്ത്രങ്ങൾ പ്രയോഗിക്കുന്നു. അങ്ങനെ മൂല്യങ്ങളും സ്വഭാവങ്ങളും നശിപ്പിക്കുന്ന മാരക കൊലപാതകങ്ങളും മറ്റും പ്രദർശിപ്പിച്ചതിന് ശേഷം പ്രാദേശികവും മതപരവുമായ പ്രോഗ്രാമുകളും ചിലപ്പോൾ സാംസ്കാരിക പരിപാടികളും റിപ്പോർട്ട്

ചെയ്യുന്നു. അപ്പോൾ രോഷക്കാരുടെ പ്രതിഷേധം കെട്ടടങ്ങും. അപ്പോൾ അതിൽ ചില നന്മകളും ചില കുഴപ്പങ്ങളുമുണ്ട് എന്നവർ പറഞ്ഞവസാനിപ്പിക്കും.

പക്ഷെ വലിയൊരു വിഭാഗം അല്ലെങ്കിൽ ബഹുഭൂരിപക്ഷം അതിന്റെ ഉപദ്രവങ്ങളെയും കുഴപ്പങ്ങളെയും സംബന്ധിച്ച് അന്ധത നടിക്കുന്നു. വ്യത്യസ്തകുടുംബങ്ങളിലും തലങ്ങളിലും അത് വ്യാപിച്ചതിന്റെയും ഹൃദയങ്ങളെ അടിമപ്പെടുത്തുകയും ചെയ്തതിന്റെ ഫലമായി ഉണ്ടാകുന്ന സാമൂഹ്യനാശങ്ങളെയും സ്വഭാവപരവും മതപരവും ആരോഗ്യപരവുമായ ഉപദ്രവങ്ങളുടെയും നേരെ കണ്ണടച്ചുകളയുന്നു. പ്രത്യേകിച്ച് കുട്ടികളുടെ ശരീരത്തിൽ പ്രകാശ രശ്മികളുണ്ടാക്കുന്ന ദുരന്തഫലത്തെപ്പറ്റിയുള്ള വൈദ്യശാസ്ത്രത്തിന്റെ മുന്നറിയിപ്പ് ശ്രദ്ധിക്കുന്നത് അവർ ഭാരമായി കാണുന്നു. അഥവാ കേട്ടാൽ തന്നെ അതിൽ നിന്നും അശ്രദ്ധത ഭാവിക്കുന്നു. ചിലപ്പോൾ അവർ അംഗീകരിക്കുക തന്നെയില്ല. അത്രകണ്ട് ടെലിവിഷൻ അവരെ വശീകരിക്കുകയും അവരുടെ മനസ്സുകളെ കീഴ്പ്പെടുത്തുകയും ചെയ്തു. ഗുരുതര തോന്നിവാസപരമായ അതിന്റെ പ്രോഗ്രാമുകൾ അവരെ ചതിയിലകപ്പെടുത്തിയിരിക്കുന്നു. പുകവലി പോലെ വൈദ്യശാസ്ത്രവും ഡോക്ടർമാരും ജനവും അതിന്റെ ദുരന്തത്തെപ്പറ്റി മുന്നറിയിപ്പ് നൽകിയിട്ടും മോചനം സാധ്യമാകാത്ത വിധം അവരതിന്റെ ഉപയോഗത്തിൽ അടിമകളാവുകയും രക്ഷയ്ക്കായി നിലവിളിച്ച് കേഴുകയുമാണ്.

അൽ ഉസ്താദ് ത്വനാവിയ്യ് പറയുന്നു:- ഫ്ളാഷ് ചിത്രങ്ങളുടെ വിഷയത്തിൽ പ്രസിദ്ധ പണ്ഡിതൻ ഡോ: അമീൽ ക്രോബ്ന്റെ വാക്കുകൾ ഞാൻ വായിച്ചു. അദ്ദേഹം അമേരിക്കയിലെ ചിക്കാഗോയിലെ ഒരു ഹോസ്പിറ്റലിൽ അത്യാസന്ന നിലയിലായിരുന്നു. അദ്ദേഹം പല പ്രാവശ്യം ആവർത്തിച്ചു താക്കീത് ചെയ്യുന്നു. വീടുകളിലുള്ള ടെലിവിഷൻ ഉപകരണം ഒരു കഠിന ശത്രുവിനെ സംബന്ധിച്ച സൂചനയാണ്. കുട്ടികളുടെ ശരീരത്തിലേക്ക് കടന്ന് ചെല്ലുന്ന ഗുരുതര ക്യാൻസർ അണുകളെപ്പറ്റിയുള്ള മുന്നറിയിപ്പ്.

ടെലിവിഷൻ കിരണങ്ങളുടെ ഫലമായി ഡോക്ടർ തന്നെ ക്യാൻസറിന്റെ ബലിയാടുകളിൽ ഒരാളായി. അദ്ദേഹത്തിന്റെ മരണത്തിന് മുമ്പ് തൊണ്ണൂറ്റി ആറ് ശസ്ത്രക്രിയകൾ നടത്തി. ക്യാൻസറിന്റെ കോശങ്ങൾ നാമാവശേഷമാക്കാനുള്ള ശ്രമങ്ങൾ നിഷ്പ്രയോജനമായിരുന്നു. അപ്പോൾ വേദനയുടെ പാരമ്യതയിലെത്തിയിരുന്നു. അദ്ദേഹത്തിന്റെ മുഖത്ത് നിന്നും വലിയൊരളവ് നീക്കം ചെയ്യപ്പെട്ടതിന് ശേഷവും മുഴം കൈയ്യും വേർപ്പെടുത്തേണ്ടി വന്നു.

ഡോ: ക്രോബ് തന്റെ മരണത്തിന് മുമ്പ് ഇങ്ങനെ കൂട്ടിച്ചേർത്തു. ''ടെലിവിഷൻ കമ്പനികൾ കളവ് പറയുകയും ജനങ്ങളെ ചതിക്കുകയും ചെയ്യുന്നു. ടെലിവിഷൻ കിരണങ്ങൾ ശക്തി കുറഞ്ഞ അളവിലാണെന്നും ദോഷമുണ്ടാക്കില്ലെന്നും അവയുടെ ഉപകരണങ്ങൾ വർദ്ധപ്പിക്കാൻ വേണ്ടി അവർ

വാദിക്കുന്നു. എന്നാൽ നിരവധി അനുഭവങ്ങൾ നൽകുന്ന അറിവ് എത്ര കുറഞ്ഞ അളവിലുള്ള കിരണങ്ങളും ശരീരത്തിന് വിവിധ സ്റ്റേജുകളിലുള്ള ദോഷങ്ങളുണ്ടാക്കുമെന്നതാണ്. അത് ടെലിവിഷന്റെ മുമ്പിലിരിക്കുന്നതിന്റെയും അവ ഉപയോഗിക്കുന്നതിന്റെയും അവസ്ഥ അനുസരിച്ചാണ്. ടെലിവിഷൻ കിരണങ്ങൾ ഭൂമിയിലേക്കാണ് പതിക്കുന്നതെന്നും ടെലിവിഷന്റെ സമീപത്തിരിക്കുന്ന പ്രേക്ഷകനിലേക്കല്ല എന്നും അവകാശപ്പെട്ട കമ്പനിയുടെ വാദമുഖങ്ങളെ ക്യാൻസർ ബാധിതനായ ഡോക്ടർ തന്നെ തെളിവ് സ്ഥാപിച്ച് ഖണ്ഡിച്ചിട്ടുണ്ട്.

കൂറ്റൻ മതിലകളടക്കമുള്ള സകല തടസ്സങ്ങൾക്കിടയിലൂടെയും ഭേദിച്ച് കടക്കുന്ന ടെലിവിഷനിലും ഫ്ളാഷ് ക്യാമറകളിലും ഉപയോഗിക്കുന്ന പ്രകാശ രശ്മികളെയും പ്രഭവിതറുന്ന കിരണങ്ങളെയും സംബന്ധിച്ചുള്ള അറിവ് താഴെ നിലകളിലും മറ്റും വസിക്കുന്ന ജനങ്ങൾ ഗൗരവമായി കാണാതിരിക്കുന്നതെങ്ങനെ? എന്ന് ഡോ: ക്രോബ് അത്ഭുതപ്പെടുന്നു.

അത്യാസന്ന നിലയിൽ വേദനയോട് മല്ലടിച്ച ഡോ: ക്രോബിന്റെ വാക്കുകൾ ഡോ:ലാംബും ഡോ:ഹാസിലും പോലുള്ളവരെല്ലാം ഊന്നിപ്പറഞ്ഞിരിക്കുന്നു.

ബൈറുത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്ന സാമ്പത്തിക മാസിക ഈ വിവരങ്ങൾ ഉദ്ധരിച്ച് കൊണ്ട് നടത്തിയ ഗൗരവ പൂർവ്വമായ ചർച്ചക്കൊടുവിൽ ആവശ്യപ്പെട്ടിരിക്കുന്നത് ശ്രദ്ധിക്കുക. എല്ലാ മാതാപിതാക്കളും നിർബന്ധമായും വലിയൊരു ചുറ്റിക ഉപയോഗിച്ച് തങ്ങളുടെ അടുക്കലുള്ള എല്ലാ ടെലിവിഷൻ ഉപകരണങ്ങളും തകർത്ത് കളയണം. (ലക്കം 23 ഡിസംബർ 1967).

എല്ലാ വൃത്തികേടുകളിലേക്കും ആഭാസങ്ങളിലേക്കും ക്ഷണിക്കുന്ന, കുടുംബങ്ങളുടെ നാശത്തിലേക്കും കുഴപ്പങ്ങളിലേക്കും പ്രേരിപ്പിക്കുന്ന സമയം കൊല്ലുന്ന, പ്രയോജനരഹിതമായതിന് വേണ്ടി സമയം പോക്കുന്ന, ഇടങ്ങേറുകളുടെയും കുഴപ്പത്തിന്റെയും ഉപകരണമാണിതെന്നതിൽ യാതൊരു സംശവുമില്ല. എന്നല്ല, ഈ അധാർമ്മികതകളും തോന്നിവാസങ്ങളും സമ്മതിച്ച് കൊടുക്കുകയാണെങ്കിൽ ചിലപ്പോൾ നമസ്കാരം പോലുള്ള നിർബന്ധ കർമ്മങ്ങൾ വെടിയുന്നതിലേക്കും, വഴിപ്പെടേണ്ട കാര്യങ്ങൾ വർജ്ജിക്കുന്നതിലേക്കും അത് കൊണ്ടെത്തിക്കും.

സ്ക്രീനിലെ അധിക്ഷേപകരമായ കാഴ്ചകളും, ദുർവൃത്തകളായ സ്ത്രീകളുടെ അസാന്മാർഗ്ഗിക ചിത്രങ്ങളും, താന്തോന്നി പുരുഷന്മാരെയും, ധാരാളം സ്ത്രീപുരുഷ പ്രേക്ഷകരുടെ സാന്നിധ്യത്തിൽ വ്യഭിചാരത്തിലേക്കും നിയമ ലംഘനത്തിലേക്കും നയിക്കുന്ന ജോഡികളുടെ പ്രേമരതി പ്രകടനങ്ങളും, എതിർപ്പിന്റെയും വേർപാടിന്റെയും സംഭാഷണവൈകൃതങ്ങളും എങ്ങനെ ശ്രദ്ധിച്ചിരിക്കും?

അപ്പോൾ അവന്റെ മുമ്പിൽ നടക്കുന്ന ചിത്രത്തിൽ ഇരുകൂട്ടരും തമ്മിലുള്ള സംഭാഷണങ്ങൾ കേൾക്കാൻ അവന്റെ അല്ലെങ്കിൽ അവരുടെ അടുത്ത് അന്യസ്ത്രീയോ സ്ത്രീകളോ ഉണ്ടാവും അവരും സ്ക്രീനിലെ പ്രേമഭാജനങ്ങളുടെ സ്നേഹപ്രകടനങ്ങളും ആലിംഗനവുമൊക്കെ കാണുകയും കേൾക്കുകയും ചെയ്യുന്നു ഇത് തന്നെയല്ലെ മഹാപാതകം പ്രവർത്തിക്കുന്നതിലേക്കും കുഴപ്പങ്ങളിലേക്കുമുള്ള ഏറ്റവും വലിയ ക്ഷണം? ഇന്ന് നമ്മുടെ സമൂഹത്തിൽ ടെലിവിഷനിലേക്ക് ക്ഷണിച്ച് കൊണ്ട് എഴുതുന്നവരെയും കാണുന്നു. അത് നന്മകൾക്കും വിദ്യാഭ്യാസത്തിനും ഉപകാരപ്പെടുന്ന ഉപകരണമാണെന്നു പോലും?

അതിഭീതിജനകമായ അശ്രദ്ധ തന്നെ. അതിന്റെ പിന്നിൽ പതിയിരിക്കുന്ന കാപട്യവും അധാർമ്മികതയും ഭവനങ്ങളിലെ കുഴപ്പങ്ങളും കുടുംബതകർച്ചയും അസംഗതമായി ഇടകലരുന്നതിന്റെ സങ്കീർണ്ണതകളും സംബന്ധിച്ച് അധിക ജനങ്ങളും ഉണരുന്നില്ല.

മണൽ പരപ്പുകളുടെ ചരിവിൽ അവരെ ഉപദേശിക്കാൻ ഞാൻ സമയം ചിലവഴിച്ചു.

എന്നാൽ അവർ പിറ്റേ ദിവസത്തെ പൂർവാഹ്നമല്ലാതെ ഉപദേശം മനസ്സിലാക്കിയില്ല.

നോക്കൂ. ഇന്നലെ വരെ നിഷിദ്ധമാക്കപ്പെട്ട ടെലിവിഷൻ ഇന്ന് നമ്മുടെയിടയിൽ മുബാഹിന്റെ(അനുവദിക്കപ്പെട്ടതിന്റെ) വിധിയിൽ ആയിരിക്കുന്നു. മുസ്തഹബും വാജിബും (സുന്നത്തും നിർബന്ധവും) ആയിട്ടില്ലെന്ന് മാത്രം. കഴിഞ്ഞ കാലങ്ങളിൽ നാം വിശ്വസിക്കുകയും പറയുകയും ചെയ്തതെല്ലാം ഇന്നും ആ വിഷയത്തിൽ സന്മാർഗ്ഗമല്ല തന്നെ.

ഓ മുസ്ലീമേ ശർറുകൾ എല്ലാ ദിക്കുകളിൽ നിന്നും സകല ശക്തിയോടും കൂടി വലയം ചെയ്തിരിക്കുന്നു. ഈ തകർച്ചയിൽ നിന്നും രക്ഷ നേടാൻ നമുക്ക് അല്ലാഹുവിൽ മാത്രമേ പ്രതീക്ഷയുള്ളൂ.

ഈ ഉപകരണങ്ങളുടെ മുന്നിൽ രണ്ട് വർഗ്ഗങ്ങളുടെ സംഗമം ഉണ്ടെന്നതിൽ സംശയമില്ല. സ്ക്രീനിൽ തെളിയുന്ന ഗുരുതര തോന്നിവാസങ്ങളും ഭീബൽസമായ അഴിഞ്ഞാട്ടങ്ങൾക്കുമൊത്ത് മനസ്സിളകുകയും ഹൃദയങ്ങൾ നൃത്തം വെക്കുകയും ചെയ്യുമെന്നതിലും സംശയിക്കേണ്ടതില്ല. ഈ അസാധാരണ രംഗങ്ങളിൽ എല്ലാ നിയന്ത്രണവും വിടും. പിന്നെ നടക്കുന്നത് ഇരുവർഗ്ഗ ലോകത്തിനല്ലാതെ അറിയുകയില്ല. അപ്പോഴേക്കും അതിന്റെ അവസാന പരിധിയും ലംഘിച്ച് കഴിയും. തുടക്കം ഒടുക്കത്തെ അറിയിക്കുന്നതാണ്. ഉറപ്പായും ഈ തുടക്കങ്ങൾ ഈ അവസ്ഥയിലല്ലാതെ കലാശിക്കുകയില്ല.

നമ്മുടെ സമ്പത്തിനും സാഹചര്യങ്ങൾക്കും പരീക്ഷണങ്ങളും പരാജയങ്ങളുമല്ലാതെ നല്ല ഫലമുണ്ടാകുകയില്ല. ലജ്ജയിൽ നിന്നും എന്തെങ്കിലും സ്ത്രീകളിൽ പ്രതീക്ഷിക്കുന്നുണ്ടോ?

ടെലിവിഷനെന്ന ഉപകരണത്തിന്റെ സ്ക്രീനിൽ തെളിയുന്ന ശോഭജനകമായ തീവ്ര അനുരാഗ കഥകളുടെ ചിത്രീകരണങ്ങൾ എല്ലാ രാത്രികളിലും നേരിട്ട് കാണുന്നത് മൂലം എല്ലാ നിലക്കും സ്ത്രീകൾ അഴുക്ക് പിടിക്കുകയാണ്. കാമുകൻ പ്രേമഭാജനത്തോട് എങ്ങനെ പെരുമാറുന്നു! നീച സ്ത്രീകളുടെ ഇടയിൽ സംഭവിക്കുന്നതും അനുരാഗ സംഭാഷണങ്ങളും കണ്ട് മുട്ടുമ്പോഴുള്ള പരസ്പര ആശയവിനിമയങ്ങളും പ്രതിസന്ധിയുണ്ടാക്കുന്ന അനുരാഗവും അങ്ങനെ എനിക്ക് വിവരിക്കാനറിയാത്തതൊക്കെ ചിത്രീകരിക്കപ്പെടുന്നുണ്ടല്ലോ.

ഇത് കാണുകയും നേരിട്ട് കേൾക്കുകയും ചെയ്യുന്ന ഒരു സ്ത്രീ ആ സദസ്സിൽ നിന്നും വികാര തീവ്രതയോടും അസാധാരണ അഭിനിവേശത്തോടെയുമായിരിക്കും എഴുന്നേറ്റ് പോകുക. അത് അവൾ നിലവിൽ കണ്ടതിനേക്കാൾ ഗുരുതരമായ രംഗങ്ങൾ സൃഷ്ടിക്കാം. സ്ത്രീ ഇത്തരം കാഴ്ചകൾ തന്റെ ജീവിതത്തിൽ ഒരൊറ്റ പ്രാവശ്യമല്ലാതെ കണ്ടിട്ടില്ലെങ്കിലും ജീവിതകാലം മുഴുവനും അവളുടെ തകർച്ചയ്ക്ക് അത് ധാരാളമാണ്. എന്നാൽ ഈ കാഴ്ചകളും കേൾവിയും സകല രാത്രികളിലും ആവർത്തിക്കപ്പെടുകയാണ്. സ്ത്രീകളുടെ ദീനും ചിന്തയും ബുദ്ധിയും ദുർബലമാണ് താനും. അവളുടെ മൃഗീയ ആവേശം തണുപ്പിക്കുന്നതിൽ കവിഞ്ഞ് അനുഭാവങ്ങൾക്കോ അറിവിനോ ഒരു പ്രാധാന്യവും അപ്പോഴുണ്ടാവുകയില്ല.

സ്ത്രീയുടെ വെറും കാഴ്ചകളല്ല, നാട്യത്തിൽ ഒപ്പം നൃത്തം ചെയ്യുന്ന ആഭാസന്റെയും യൂറോപ്യന്റേയും നൃത്ത ചലനങ്ങളെ മറികടന്നഭിനയിക്കുകയാണ് സ്ത്രീകൾ. ആഭാസനോടൊപ്പമുള്ള സ്ത്രീ അർദ്ധനഗ്നയാണ്. മറ്റൊരു വാചകത്തിൽ പറഞ്ഞാൽ ചില പ്രത്യേക സ്ഥലങ്ങളൊഴിച്ച് ശരീരത്തിന്റെ മറ്റ് ഭാഗങ്ങളെല്ലാം തന്നെ വസ്ത്രം ഒഴിവാക്കിയ നർത്തകിമാരാണുള്ളത്. സ്ത്രീ വീക്ഷണ പ്രകാരം കാണികളായ പുരുഷന്മാരിൽ കൗതുകം ജനിപ്പിക്കുന്ന ശരീര ചലനങ്ങൾ പ്രദർശിപ്പിക്കുകയും തന്നോടൊപ്പം നൃത്തം ചെയ്യുന്ന ഉറച്ചശരീരമുള്ള പുരുഷനോട് ഒട്ടി നിന്ന് അരക്കെട്ടും വയറും ഇളക്കുന്നു.

സ്ത്രീയും പുരുഷനും പറ്റിപ്പിടിച്ചും പരസ്പരം അരയിൽ കൈവച്ചും നടത്തുന്ന യൂറോപ്യൻ നൃത്തങ്ങൾ കാണുന്ന സന്ദർഭത്തിൽ കാണികൾ, അത് അവരിൽ നിന്ന് സംഭവിച്ചത് പോലെ, വലിയ അശുദ്ധി ബാധിച്ചവരായി മാറുന്നു. ഇത്ര കൂടി ചേർക്കേണ്ടതുണ്ട്. നിർജ്ജീവമായവയെ ഇളക്കി വിടുകയും ചലിക്കാത്തവയെ ചലിപ്പിക്കുകയും ചെയ്യുന്ന കാഴ്ച. ഈ കാഴ്ചകൾ സ്ത്രീകൾ കാണുന്നു. ആവർത്തിച്ച് കണ്ട് കൊണ്ടിരിക്കുന്നു. ഈ അവസ്ഥയിലുള്ള ഒരു സ്ത്രീയുടെ വിഷയത്തിൽ താങ്കളുടെ അഭിപ്രായമെന്താണ്? ലജ്ജയിൽ നിന്നും അല്ലെങ്കിൽ ചാരിത്ര്യത്തിൽ നിന്നും എന്തെങ്കിലും അവളിൽ ശേഷിക്കുമോ? ഇത്തരം സംഗമങ്ങളിൽ എന്ത് കൊണ്ട് അവളും പങ്കെടുക്കാതിരിക്കണം. പുരുഷനോടൊപ്പം

ഡാൻസ് ചെയ്ത് ആയിരക്കണക്കിന് ലീലകളിലേർപ്പെട്ട് ആനന്ദിക്കുന്നത് പോലെ എന്ത് കൊണ്ട് അവൾക്കും ആസ്വദിച്ച് കൂടാ? മനസ്സുകൾ അനുകരണ താൽപര്യമുള്ളവയാണ്. പ്രത്യേകിച്ച് സ്ത്രീകളുടെ മനസ്സുകൾ.

നിങ്ങളിൽ ചിലർ ചിലരെ അതിക്രമിച്ച് അയൽവാസിയുടെ സമ്പത്തിൽ നിന്നും നേടുന്ന ഒരു ചാൺ ഭൂമിക്ക് വേണ്ടി, ഭരണകൂടവും അക്കാരണത്താൽ ഗർജ്ജിക്കുന്നു, ഓ മുസ്ലീം സമൂഹമേ ദുനിയാവിന്റെ വിഭവങ്ങളിൽ തുച്ഛമായതിന്റെ പേരിൽ ആവേശഭരിതനായി ഇറങ്ങി പുറപ്പെടാൻ നിങ്ങൾക്ക് എന്ത് പറ്റി?

നിനക്ക് ഇരിക്കാനും നിൽക്കാനും വേണ്ടിയുള്ള ഒരു ചാണിന്റെ സംരക്ഷണത്തിന് വേണ്ടി സാധ്യമാകുന്ന സകല സന്നാഹങ്ങളും നീ ഒരുക്കുന്നുവോ?!

നിങ്ങളുടെ ദീനിന് വേണ്ടി ആവേശം കാണിക്കുന്നതായി നിങ്ങളെ ഞാൻ കണുന്നില്ല. നിങ്ങളുടെ ദീനിന്റെ ലക്ഷ്യത്തിനും അഭിമാനത്തിനും ബഹുമതിക്കും വേണ്ടി നിങ്ങൾ ചാടിവീഴുന്നില്ല. അപ്പോൾ ഇവ രണ്ടിൽ ഏത് കാര്യമാണ് ഏറ്റവും പ്രാധാന്യവും വിശുദ്ധവുമായിട്ടുള്ളത്. നിങ്ങളുടെ ദീനിന്റെ കാര്യവും ഇസ്ലാമിന്റെ മാർഗ്ഗദർശനങ്ങളും മുറുകെ പിടിക്കലോ? അതല്ല ദുനിയാവിന്റെ നിസ്സാര വിഭവവും നിങ്ങളിൽ ഒരാൾ അപരനെ അതിക്രമിച്ച് കടക്കുന്ന തുച്ഛമായ ഭൂമിയുടെ ഒരു ചാണോ?

നാം നിങ്ങളിൽ നിന്ന് കാണുന്നത് നിസ്സാര ലോകത്തിന് വേണ്ടിയുള്ള ധീരതയും കഠിന യത്നവുമാണ്. അതീവ പ്രാധാന്യം കൊടുക്കേണ്ടതിന് അലസതയും ക്ഷീണവുമല്ലാതെ നിങ്ങളിൽ നാം കാണുന്നുമില്ല. അല്ലാഹുവിന്റെ അടിമകളിൽപ്പെട്ട ശത്രുവിനെ നിങ്ങൾ ഭയക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നു. നിങ്ങളുടെ ശരീരങ്ങളെ ജീവിക്കാനനുവദിക്കുകയും ആത്മാവിനെ കൊല്ലുകയും ചെയ്യുന്ന ഫസാദ് എന്ന നിങ്ങളുടെ ആത്മാവിന്റെ യഥാർത്ഥ ശത്രുവിനെ നിങ്ങൾ ഭയക്കുന്നില്ല?

അറിയൂ, അതിൽപ്പെടുന്ന കാര്യമല്ലേ വ്യഭിചാര മന്ത്രങ്ങളായ അനുരാഗ സംഗീത സ്റ്റേജുകളും നാടക നൃത്ത കൂത്താട്ട സദസ്സുകളും സ്ക്രീൻ വഴി പ്രദർശിപ്പിക്കപ്പെടുന്ന ടെലിവിഷൻ?!

സംഗീതാലാപനം ദർശിക്കുന്ന ജനം കുട്ടിയാണോ തകരാറിലാകാതിരിക്കില്ല. സ്ത്രീയാണോ പിഴക്കാതിരിക്കില്ല. യുവാവാണോ ഉറപ്പായും പിഴയ്ക്കും. വൃദ്ധനാണോ അവനും വഴിതെറ്റുക തന്നെ ചെയ്യും. അറിയൂ ഹേ മുസ്ലീം സമൂഹമേ ഉണർന്നെഴുന്നേൽക്കൂ. ഇസ്ലാമിക കൽപനകളിൽ പരീക്ഷിക്കപ്പെട്ടവരെ നിങ്ങൾ പരസ്പരം ഗുണദോഷിക്കൂ. മാന്യതയും മര്യാദകളും ലംഘിച്ചവരെ നിങ്ങൾ ഉണർത്തൂ. ശരീരത്തെയും അഭിമാനത്തെയും തകർത്ത് തരിപ്പണമാക്കുന്ന ദുരന്ത തുല്യമായ ഈ രോഗത്തോട് പട പൊരുതൂ.

ഫസാദുമായി ഇഴുകിച്ചേർന്ന മനസ്സുകളെ പരിഗണിക്കേണ്ടതില്ല. ഹഖിന്റെ പ്രകാശം കാണാൻ കഴിയാത്ത വിധം അവർക്ക് അന്ധത ബാധിച്ചിരിക്കുന്നു. വിശിഷ്ട ഗുണത്തിന്റെ സൗന്ദര്യം അറിയാത്ത വിധം അവ ലയിച്ച് പോയി. ഹഖ് അതിന്റെ പ്രകാശം പരത്തി മാഹാത്മ്യം സ്പഷ്ടമാക്കി അവയുടെ മുന്നിൽ തെളിഞ്ഞ് നിൽക്കുന്നു. അപ്പോഴതിനെ ആ മനസ്സുകൾ ഇരുളടഞ്ഞ ബാത്വിലായി കാണുന്നു. സുകൃതങ്ങൾ അവയുടെ മുന്നിൽ പ്രശോഭിക്കുന്നു. അപ്പോഴവയെ ദുഷ്കർമ്മങ്ങളായി കാണുന്നു. മലിനപങ്കിലമായ ഈ മനസ്സുകൾ കൂടുതൽ സാദൃശ്യമാകുന്നത് പ്രാണികളോടാണ്. കീടങ്ങളോടാണ് അവയ്ക്ക് ഏറ്റവും സാമ്യതയുള്ളത്.

ദുർഗ്ഗുണ മനസ്സ് നിറക്കൽ പ്രയാസമാണ്. അവ ചികിൽസിക്കുന്ന ഗുണദോഷികളായ പ്രബോധകർക്കെതിരെ നീങ്ങുന്നു. അപ്പോൾ വാർദ്ധക്യത്തെ പരിപാലിക്കൽ അനുസരണയിൽ പെട്ടതാണ്.

ചെന്നായയെ സംസ്കാരം പഠിപ്പിക്കൽ ശിക്ഷിക്കുന്നതിൽപ്പെടും. കാരണം ഇത്തരത്തിലുള്ളവർ സന്മാർഗ്ഗത്തിലേക്ക് ആകർഷിക്കപ്പെടുകയില്ല. സത്യാന്വേഷണങ്ങളിലേക്കും സുകൃതങ്ങളിലേക്കും താൽപര്യപ്പെടുകയില്ല.

ഈ ഉപകരണം നന്മകൾ പ്രചരിപ്പിക്കുന്നതിനും വിദ്യാഭ്യാസവും സംസ്കാരവും നൽകുന്നതിനും ഉതകുമെന്നു ധരിച്ച ചില ബുദ്ധിജീവികൾ ഇത് ഉപയോഗിക്കുന്നത് നല്ലതായി കാണുന്നു. അതിന്റെ അപകടങ്ങളെയും സ്ക്രീനിൽ തെളിയുന്ന ആഭാസങ്ങളും അധാർമ്മികതയും ഗുരുതര നാശ ഹേതുവായ കാഴ്ചകളും വീടുകളുടെയും കുടുംബത്തിന്റെയും കെട്ടുറപ്പ് തകരാറിലാക്കുന്ന നശിച്ച ആഘോഷങ്ങളും സംബന്ധിച്ച് അവരുടെ ബുദ്ധി ഉണർന്നിട്ടില്ല. സത്യമതത്തിന്റെ നിയമവശങ്ങളെ സംബന്ധിച്ച് അവരറിയുകയില്ല. എന്നല്ല, മഹാ ദ്രോഹങ്ങളിലേക്ക് ചെന്ന് ഭവിക്കുന്ന കള്ളനാണയങ്ങളുടെ തിളക്കം അവരുടെ മുന്നിൽ ജ്വലിക്കുമ്പോഴെല്ലാം, കൊല്ലുന്ന വിഷത്തിൽ തേൻ കലർത്തിയ വാക്കുകളെ കണ്ടുമുട്ടുമ്പൊഴൊക്കെ അവരത് പൂർണമനസ്സോടെ സ്വീകരിക്കുകയും ഏറ്റെടുക്കുകയും ചെയ്യും. അന്യനാടുകളിൽ ടെലിവിഷനിൽ പ്രത്യക്ഷപ്പെടുന്ന കാര്യങ്ങളും ശർറ് ബലാഫിത്നകളും ഞാൻ വിടുകയാണ്. ഇതിനെക്കാൾ സമയം പാഴാക്കുന്ന അക്കാര്യങ്ങൾ നിങ്ങൾ ചേർത്ത് വായിക്കുക.

ഓ മുസ്ലീം സമൂഹമേ ഈ വഴിയിൽ നിങ്ങളുടെ ബുദ്ധികളെയോ മറ്റുള്ളവർ നന്നായി ധരിക്കുന്നവയോ നിങ്ങൾ പരിഗണിക്കരുത്. ഈ രംഗങ്ങളോട് സാദൃശ്യമായവ കൊണ്ട് തുലനം ചെയ്യുന്നതും വിട്ട് കളയുക. ഹഖ് വ്യക്തതയോടെ ജ്വലിക്കുന്നത് കാണുന്നത് വരെ ഉറച്ച് നിൽക്കുക.

തീർച്ചയായും മനുഷ്യ ബുദ്ധി ഭൗതിക നന്മകൾ കണ്ടെത്തുന്ന വിഷയത്തിൽ തന്നെ ദുർബലമാണ്. പിന്നെ എങ്ങനെ ആത്മീയ വിഷയത്തിലെ നന്മകൾ അറിയുന്നതിന് സ്വയം സാധിക്കും?

തിന്മയിൽ നിന്നും നന്മയെ വേർതിരിക്കാനും തടയപ്പെട്ടതിൽ നിന്നും അനുവദിക്കപ്പെട്ടതിനെ തിരിച്ചറിയാനും ബുദ്ധികൊണ്ട് മാത്രം സാധ്യമല്ല. വിഷയങ്ങളുടെ യാഥാർത്ഥ്യങ്ങൾ തിരിച്ചറിയൽ അതിന്റെ കഴിവിൽപെട്ടതല്ല. ഒരു പൂർണ്ണ വ്യവസ്ഥയനുസരിച്ചുള്ള വിധിയും കാര്യങ്ങളും മൊത്തത്തിൽ അറിയാനും അതിന് സാധ്യമല്ല. അനീതിയോ ഭംഗങ്ങളോ ഇല്ലാത്ത ചൊവ്വായ ഒരു വിധി നിർണയിക്കാൻ ബുദ്ധികൊണ്ട് കഴിയില്ല.

ഇനി അവന് എത്തിച്ചേരേണ്ട ഒരു വിഷയത്തിലേക്ക് എത്താൻ അവന്റെ ഭൗതിക അറിവും കഴിവുകളും വിനിയോഗിച്ചാൽ, സത്യത്തെവിട്ട് ബാത്വിലിലേക്ക് അത് ചായും. നന്മയും വിട്ട് ഫസാദിലേക്ക് വശീകരിക്കപ്പെടും. നന്മയുടെ മാനദണ്ഡങ്ങളെക്കുറിച്ച് ബുദ്ധി അജ്ഞാതമാകും. പ്രവർത്തനങ്ങളുടെ അന്ത്യം സന്മാർഗ്ഗത്തിലേക്ക് എത്തിച്ചേരുകയില്ല. അധികവും നല്ല വസ്ത്രം അതിന് മോശമായി തോന്നാറുണ്ട്. യാഥാർത്ഥ്യം കണ്ടെത്താനുള്ള അതിന്റെ ബലഹീനതയാണ് അതിന് കാരണം.

﴿وَعَسَىٰٓ أَن تُحِبُّوا۟ شَيْـًٔا وَهُوَ شَرٌّ لَّكُمْ ۗ وَٱللَّهُ يَعْلَمُ وَأَنتُمْ لَا تَعْلَمُونَ ﴿٢١٦﴾﴾.

وصلى الله على محمد وآله وصحبه وسلم.

ഞാൻ പറയട്ടെ: കഴിഞ്ഞ ഇരുപത്തിനാല് വർഷങ്ങൾക്ക് മുമ്പ് ഒരു ഉന്നത പണ്ഡിതൻ പറഞ്ഞ സാരസമ്പൂർണ്ണ ഉപദേശത്തിൽ നിന്നാണിത്. ഇന്ന് ഉണ്ടായിട്ടുള്ള കാര്യങ്ങൾ കൂടി കാണുകയാണെങ്കിൽ അദ്ദേഹം എങ്ങനെ പ്രതികരിക്കുമായിരുന്നു?

*****